


# മഹത്വത്തിന്റെ രാജാവ്

Dr. Gini Besant

Scanned with CamScanner

# മുഖവുര

ദൈവപുത്രന്മാരേ യഹോവയ്ക്കു കൊടുപ്പിൻ. യഹോവയ്ക്ക് മഹത്വവും ശക്തിയും കൊടുപ്പിൻ (സങ്കീ. 29:1). 1കൊരി 3:16-ൽ ഇപ്രകാരം പറയുന്നു: നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ഈ ദൈവവചനത്തിൻ പ്രകാരം കർത്താവ് തന്റെ ആത്മാവിനാൽ അഭിഷേകം ചെയ്ത വ്യക്തിയായ ഞാൻ എത്രയധികം ദൈവത്തെ സ്തുതിക്കണം; കാരണം എന്റെ ദൈവം സ്തുതികളിൽ വാസം ചെയ്യുന്നവനാണ്. അതുകൊണ്ട് ദൈവമന്ദിരമായ എന്നിൽ നിന്ന് ഉയർന്നുവരേണ്ടത് പകയുടേയും കൈപ്പിന്റെയും പിണക്കത്തിന്റെയും അസൂയയുടേയും പരദൂഷണത്തിന്റെയും കോപത്തിന്റെയും വാക്കുകൾ അല്ല, ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്ക് ഏതുമല്ല, പകരം സർവ്വശക്തനും സർവ്വവ്യാപിയും സർവ്വജ്ഞാനിയുമായ ദൈവത്തെ സ്തുതിക്കുവാനുള്ള കാര്യങ്ങൾ മാത്രമായിരിക്കണം എന്ന ചിന്ത എന്നെ ഭരിക്കുകയും മഹത്വത്തിന്റെ രാജാവിനെ വാഴ്ത്തി സ്തുതിക്കുവാനുള്ള വലിയ ഒരു ആഗ്രഹം എനിക്ക് ഉണ്ടാവുകയും ചെയ്തു.

ഒരു ദിവസം പ്രാർത്ഥനയിൽ കേട്ട ദൈവശബ്ദത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ സങ്കീർത്തനങ്ങൾ വായിച്ച് കർത്താവിന്റെ മഹത്വം എഴുതുവാൻ തുടങ്ങി. പിന്നീട് പുതിയ നിയമവും വായിച്ച് തന്റെ മഹത്വം എഴുതുവാൻ കർത്താവ് എനിക്ക് പ്രേരണ തന്നു. ഈ പുസ്തകത്തിൽ ഞാൻ എഴുതിയിരിക്കുന്നത് സങ്കീർത്തനങ്ങളിലും പുതിയ നിയമത്തിലും നിറഞ്ഞു നിൽക്കുന്ന ദൈവമഹത്വം മാത്രമാണ്. ഇത് ബൈബിളിലെ തന്നെ വാക്കുകൾ ക്രോഡീകരിച്ച് സ്തുതിക്കുവാൻ തക്കവണ്ണം ലഘുവായ വാക്യങ്ങൾ ആക്കി എന്നുമാത്രം.

അതുകൊണ്ട് സ്തുതികളിൽ വസിക്കുന്നവനെ സ്തുതിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും ഇതു വായിച്ച് ദൈവത്തെ മഹത്വപ്പെടുത്താൻ കഴിയും. ഇങ്ങനെ നിങ്ങളുടെ വ്യക്തിപരമായ ആരാധനയിൽകൂടി ആത്മീക - ഭൗതീക മേഖലകളിൽ വലിയ ഒരു വിടുതൽ നടക്കും. അനുഭവിച്ച് അന്വർത്ഥമാക്കുക. സർവ്വശക്തനായ ദൈവത്തിന്റെ അളവറ്റ ശക്തിയുടെ വലിപ്പം ഇന്നതെന്ന് നീ ഗ്രഹിച്ചറിയുക. നിന്നോട് കൂടെയുള്ളവന്റെ മഹത്വം നീ കാണുക. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ച (യോഹ. 3: 16) അതെ നിന്നെ സ്നേഹിച്ച മഹത്വവാനായവന്റെ കണ്ണ് നിന്നെ പിന്തുടരുന്നു എന്ന് ഓർക്കുക. ദൈവത്തിന് അവന്റെ നാമത്തിന് തക്ക മഹത്വം കൊടുപ്പാൻ തന്നെ നീ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന യാതാർത്ഥ്യം മറക്കാതിരിക്കുക. നീ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും എല്ലാം അവൻ അറിയുന്നു.

ഏതു പ്രതിസന്ധിയിലും പ്രതികൂലങ്ങളിലും നിന്നോടുകൂടെയുള്ളവൻ മഹത്വവാൻ തന്നെയാണ്. വേറൊരു ശക്തിക്കും തുല്ല്യം നിൽക്കാനില്ലാത്ത ഈ ദൈവത്തിന്റെ ശക്തിയെ മറന്ന് നീ എവിടെ പോകും? അതുകൊണ്ട് അപ്പോ. പ്രവ. 4:12 ൽ ഇപ്രകാരം പറയുന്നു. മറ്റൊരുത്തനിലും രക്ഷയില്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൽ കീഴിൽ മനഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല. ഇത് വിശ്വസിച്ച് ഉറച്ചാലും.

ഈ ബുക്ക് ഒരു സന്തത സഹചാരിയായി നിന്നോടുകൂടെ ഉണ്ടാകട്ടെ. വലിയ അത്ഭുതങ്ങളുടേയും വിടുതലിന്റേയും അത്ഭുത കഥകൾ പറയുവാൻ ഇത് വായിക്കുന്നവനും സ്തുതിക്കുന്നവനും ഉണ്ടാകട്ടെ എന്ന് എന്റെ വീണ്ടെടുപ്പുകാരനും എന്റെ ബലഹീനതയിൽ തന്റെ കൃപ തന്ന് എന്നെ നിലനിർത്തുന്നവനുമായ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ആശംസിച്ചുകൊള്ളുന്നു.

ഡോ. ജിനി ബെസന്റ്



Scanned with CamScanner

**സങ്കീർത്തനങ്ങൾ**

1. നീതിമാൻമാരുടെ വഴി അറിയുന്നവൻ

2. തനിക്കും തന്റെ അഭിഷിക്തന്മാർക്കും എതിരായി എഴുന്നേൽക്കുന്ന രാജാക്കന്മാരെ പരിഹസിക്കുന്നവൻ
ജാതികളെ അവകാശമായി തരുന്നവൻ
ഭൂമിയുടെ അറ്റങ്ങളെ അവകാശമായിത്തരുന്നവൻ
ഇരുമ്പുകോൽ കൊണ്ട് ശത്രുവിനെ തകർക്കുന്നവൻ
കുശവന്റെ പാത്രം പോലെ ശത്രുവിനെ ഉടക്കുന്നവൻ
ഭയത്തോടും വിറയലോടും സേവിക്കേണ്ടുന്നവൻ

3 എനിക്കു ചുറ്റും പരിചയായവൻ
എന്റെ മഹത്വമായവൻ
എന്റെ തല ഉയർത്തുന്നവൻ
വിശുദ്ധ പർവ്വതത്തിൽ നിന്ന് എനിക്ക് ഉത്തരം അരുളുന്നവൻ
തന്റെ ജനത്തെ അനുഗ്രഹിക്കുന്നവൻ
എന്നെ താങ്ങുന്നവൻ

4. ഞെരുക്കത്തിലെനിക്ക് വിശാലത വരുത്തുന്നവൻ
ഭക്തനെ തനിക്ക് വേർതിരിച്ചിരിക്കുന്നവൻ
ഞാൻ വിളിച്ചപേക്ഷിക്കുമ്പോൾ കേൾക്കുന്നവൻ
നീതിയാഗങ്ങൾ അർപ്പിക്കേണ്ടവൻ
ധാന്യവും വീഞ്ഞും വർദ്ധിപ്പിച്ചപ്പോൾ ഉണ്ടായതിലും സന്തോഷം എന്റെ ഹൃദയത്തിൽ തന്നവൻ

എന്നെ സമാധാനമായി കിടത്തിയുറക്കുന്നവൻ
എന്നെ നിർഭയം വസിക്കുമാറാക്കുന്നവൻ

5 എന്റെ രാജാവും എന്റെ ദൈവവുമായവൻ
പ്രാർത്ഥന കേൾക്കുന്നവൻ
ദുഷ്ടതയിൽ പ്രസാദിക്കാത്തവൻ
നീതികേട് പ്രവർത്തിക്കുന്നവരെ പകക്കുന്നവൻ
ഭോഷ്ക് പറയുന്നവരെ നശിപ്പിക്കുന്നവൻ
രക്തപാതകവും ചതിവുമുള്ളവനോട് അറപ്പു കാണിക്കുന്നവൻ
കൃപയുടെ ബഹുത്വമുള്ളവൻ
അതിക്രമികളെ തള്ളിക്കളയുന്നവൻ
തന്റെ നാമത്തെ സ്നേഹിക്കുന്നവരെ തന്നിൽ ഉല്ലസിപ്പിക്കുന്നവൻ
നീതിമാനെ അനുഗ്രഹിക്കുന്നവൻ
പരിചകൊണ്ടെന്നപോലെ ദയകൊണ്ട് നീതിമാനെ മറെയ്ക്കുന്നവൻ

6 സൗഖ്യമാക്കുന്നവൻ
എന്റെ കരച്ചിലിന്റെ ശബ്ദം കേൾക്കുന്നവൻ

7 എന്നെ വേട്ടയാടുന്നവരുടെ കയ്യിൽ നിന്നെന്നെ രക്ഷിക്കുന്നവൻ
എനിക്കുവേണ്ടി ഉണരുന്ന ദൈവം
നീതിക്കും പരമാർത്ഥതക്കും തക്കവണ്ണം വിധിക്കുന്നവൻ
നീതിമാനെ ഉറപ്പിക്കുന്നവൻ
എന്റെ ഹൃദയത്തേയും അന്തരേന്ദ്രിയങ്ങളേയും ശോധന ചെയ്യുന്നവൻ
ഹൃദയപരമാർത്ഥികളെ രക്ഷിക്കുന്നവൻ
നീതിയുള്ള ന്യായാധിപതി



Scanned with CamScanner

ദിവസംപ്രതി കോപിക്കുകയും മനംതിരിയുന്നില്ലെങ്കിൽ
തന്റെ വാളിന് മൂർച്ച കൂട്ടുകയും ചെയ്യുന്നവൻ
വില്ല് കുലച്ച് ഒരുങ്ങിയിരിക്കുന്നവൻ
തന്റെ ശരങ്ങളെ തീയമ്പുകളാക്കി തീർത്തവൻ
അത്യുന്നതനായവൻ
തന്റെ നീതിക്കു തക്കവണ്ണം സ്തുതിക്കേണ്ടുന്നവൻ

8 എന്റെ കർത്താവ് ആയവൻ
ഭൂമിയിലൊക്കെയും ശ്രേഷ്ഠ നാമമുള്ളവൻ
ആകശത്തിൽ തേജസ്സ് വെച്ചിരിക്കുന്നവൻ
ശത്രുവിനേയും പകയനേയും മിണ്ടാതാക്കുന്നവൻ
ശിശുക്കള്ളുടേയും മുലകുടിക്കുന്നവരുടേയും വായിൽ ബലം നിയമിച്ചവൻ
വിരലുകള്ളുടെ പണിയായി ആകാശത്തെ നിർമ്മിച്ചവൻ
ചന്ദ്രനേയും നക്ഷത്രങ്ങളേയും ഉണ്ടാക്കിയവൻ
പൂർണ്ണ ഹൃദയത്തോടെ സ്തുതിക്കേണ്ടുന്നവൻ
തന്റെ നാമത്തെ കീർത്തിക്കേണ്ടുന്നവൻ
എന്റെ കാര്യവും വ്യവഹാരവും നടത്തിയിരിക്കുന്നവൻ
ആടുകളേയും കാളകളേയും എല്ലാ കാട്ടിലെ മൃഗങ്ങളെ ഒക്കെയും
ആകാശത്തിലെ പക്ഷികളെയും സമുദ്രത്തിലെ മൽസ്യങ്ങളേയും
സമുദ്രത്തിൽ സഞ്ചരിക്കുന്ന സകലത്തേയും തന്റെ
കാൽക്കീഴാക്കിയിരിക്കുന്നവൻ.

9 പൂർണ്ണഹൃദയത്തോടെ സ്തുതിക്കേണ്ടുന്നവൻ
തന്റെ നാമത്തെ കീർത്തിക്കേണ്ടുന്നവൻ
എന്റെ കാര്യവും വ്യവഹാരവും നടത്തിയിരിക്കുന്നവൻ
നീതിയോടെ വിധിച്ചുകൊണ്ട് സിംഹാസനത്തിൽ ഇരിക്കുന്നവൻദുഷ്ടന്റെ
നാമത്തെ സദാകാലത്തേയ്ക്കും മായിച്ചുകളയുന്നവൻ
ന്യായവിധിക്ക് സിംഹാസനം ഒരുക്കിയിരിക്കുന്നവൻ
ലോകത്തെ നീതിയോടെ വിധിക്കുന്നവൻ
ജാതികൾക്ക് നേരോടെ ന്യായപാലനം ചെയ്യുന്നവൻ
പീഡിതന് തന്റെ കഷ്ടകാലത്ത് അഭയസ്ഥാനമായവൻ
തന്നെ അന്വേഷിക്കുന്നവരെ ഉപേക്ഷിക്കാത്തവൻ
മരണ വാതിലുകളിൽ നിന്നെന്നെ ഉദ്ധരിക്കുന്നവൻ
ദരിദ്രനെ മറക്കാത്തവൻ
സാധുക്കള്ളുടെ പ്രത്യാശക്ക് ഭംഗം വരുത്താത്തവൻ
മനുഷ്യർക്ക് ഭയം വരുത്തുന്നവൻ

10 തന്റെ സകലശത്രുക്കളോടും ചീറുന്നവൻ
എളിയവനെ മറക്കാത്തവൻ
ദോഷത്തേയും പകയേയും നോക്കികൊണ്ടിരിക്കുന്നവൻ
അനാഥനു സഹായിയായവൻ
ദുഷ്ടന്റെ ഭുജത്തെ ഒടിക്കുന്നവൻ
എന്നേക്കും രാജാവായവൻ
സാധുക്കള്ളുടെ അപേക്ഷ കേൾക്കുന്നവൻ
സാധുക്കള്ളുടെ ഹൃദയത്തെ ഉറപ്പിക്കുന്നവൻ

11 തന്റെ സിംഹാസനം സ്വർഗ്ഗത്തിൽ സ്ഥാപിച്ചവൻ
തന്റെ കൺപോളകൾ മനുഷ്യപുത്രന്മാരെ ശോധന ചെയ്യുന്നവൻ



Scanned with CamScanner

നീതിമാനെ ശോധന ചെയ്യുന്നവൻ
ദുഷ്ടനേയും സാഹസപ്രിയനേയും വെറുക്കുന്നവൻ
ദുഷ്ടന്മാരുടെ മേൽ കെണികളെ വർഷിക്കുന്നവൻ
നീതിയെ ഇഷ്ടപ്പെടുന്നവൻ
നേരുള്ളവരെ തന്റെ മുഖം കാണിക്കുന്നവൻ

12 കപടമുള്ള അധരങ്ങളെ ഒക്കെയും വമ്പു പറയുന്ന
നാവിനേയും ഛേദിച്ചുകളയുന്നവൻ
രക്ഷക്കായി കാംക്ഷിക്കുന്നവനെ അതിലാക്കുന്നവൻ
നിർമ്മല വചനങ്ങൾ ഉള്ളവൻ
ഏഴുപ്രാവശ്യം ശുദ്ധി ചെയ്ത വെള്ളിപോലെ
നിർമ്മല വചനങ്ങൾ ഉള്ളവൻ

13 എന്നെ കാത്തുകൊള്ളുന്നവൻ
എന്നെ കാടാക്ഷിക്കുന്നവൻ
എനിക്ക് ഉത്തരം അരുളുന്നവൻ
എനിക്ക് പാട്ടുപാടാൻ തക്കവണ്ണം നന്മ ചെയ്തിരിക്കുന്നവൻ
തന്നെ അന്വേഷിക്കുന്ന ബുദ്ധിമാൻമാരുണ്ടോ എന്നു കാണുവാൻ
സ്വർഗ്ഗത്തിലിരുന്ന് മനുഷ്യപുത്രന്മാരെ നോക്കുന്നവൻ
നീതിമാന്മാരുടെ തലമുറയിൽ ഉള്ളവൻ
ദരിദ്രന്റെ സങ്കേതമായവൻ
തന്റെ ജനത്തിന്റെ സ്ഥിതിമാറ്റുന്നവൻ

15 നിഷ്ക്കളങ്കനായി നടന്നു നീതി പ്രവർത്തിക്കുകയും ഹൃദയപൂർവ്വം സത്യം
സംസാരിക്കുകയും ചെയ്യുന്നവനെ തന്റെ പർവ്വതത്തിൽ തന്റെ കൂടാരത്തിൽ
വസിപ്പിക്കുന്നവൻ

16 എന്റെ നന്മയായവൻ
എന്റെ അവകാശത്തിന്റെയും പാനപാത്രത്തിന്റെയും പങ്കായവൻ
എനിക്കുള്ള ഓഹരിയെ പരിപാലിക്കുന്നവൻ
എനിക്ക് നല്ലോരവകാശം നൽകുന്നവൻ
എനിക്ക് ബുദ്ധി ഉപദേശിച്ചു നൽകുന്നവൻ

ഞാൻ കുലുങ്ങാതവണ്ണം എന്റെ വലത്തുഭാഗത്തുള്ളവൻ
എന്നെ നിർഭയനാക്കുന്നവൻ
എന്റെ പ്രാണനെ പാതാളത്തിൽ വിടാത്തവൻ
പരിശുദ്ധനെ ദ്രവത്വം കാണ്മാൻ അനുവദിക്കാത്തവൻ
ജീവന്റെ വഴി എനിക്ക് കാണിച്ചു തരുന്നവൻ
തന്റെ സന്നിധിയിൽ സന്തോഷ പരിപൂർണ്ണതയും തന്റെ വലത്തു ഭാഗത്ത്
എന്നും പ്രമോദങ്ങളും ഉള്ളവൻ

17 എന്റെ ന്യായം കേൾക്കുന്നവൻ
കപടമില്ലാത്ത അധരത്തിൽ നിന്നുള്ള പ്രാർത്ഥന കേൾക്കുന്നവൻ
എനിക്കുള്ള വിധി പുറപ്പെടുവിക്കുന്നവൻ
എന്റെ ഹൃദയത്തെ ശോധന ചെയ്ത് രാത്രിയിൽ എന്നെ സന്ദർശിക്കുന്നവൻ
അതികാരുണ്യവാൻ
കണ്ണിലെ കൃഷ്ണമണിപോലെ എന്നെ കാക്കുന്നവൻ
ശത്രുക്കൾ പിടിക്കാതെവണ്ണം തന്റെ ചിറകിൻ നിഴലിൽ
എന്നെ മറക്കുന്നവൻ



Scanned with CamScanner

8 എന്റെ ശൈലമായവൻ
എന്റെ കോട്ടയായവൻ
എന്റെ രക്ഷകനായവൻ
എന്റെ ദൈവമായവൻ
ഞാൻ ശരണമാക്കുന്ന പാറയായവൻ
എന്റെ പരിചയായവൻ
എന്റെ രക്ഷയുടെ കൊമ്പായവൻ
എന്റെ ഗോപുരമായവൻ
തന്റെ മന്ദിരത്തിൽ നിന്ന് എന്റെ അപേക്ഷ കേൾക്കുന്നവൻ
തന്റെ ശബ്ദത്താൽ ഭൂമിയെ ഞെട്ടിപ്പിക്കുന്നവൻ
ആകാശം ചായിച്ചിറങ്ങുന്നവൻ
കൂരിരുളിനെ കാൽക്കീഴാക്കുന്നവൻ
കെരൂബിനെ വാഹനമാക്കി പറക്കുന്നവൻ
കാറ്റിന്റെ ചിറകിന്മേലിരുന്നു പറപ്പിക്കുന്നവൻ
അന്ധകാരത്തെ തന്റെ മറവും ജലതമസ്സിനേയുംആകാശമേഘങ്ങളേയും
തനിക്ക് ചുറ്റും കൂടാരമാക്കുന്നവൻ
ആലിപ്പഴവും തീക്കനലും തന്റെ മേഘത്തിൽകൂടി പൊഴിക്കുന്നവൻ
ആകാശത്തിൽ ഇടി മുഴക്കുന്നവൻ - തന്റെ നാദം കേൾപ്പിക്കുന്നവൻ
തന്റെ ഭൽസനത്താലും മൂക്കിലെ ശ്വാസത്തിന്റെ ഊത്തിനാലും ഭൂതലത്തിന്റെ
അടിസ്ഥാനങ്ങൾ വെളിപ്പെടുത്തിയവൻ
ഉയരത്തിൽ നിന്ന് കൈ നീട്ടി എന്നെ പിടിച്ചവൻ
പെരുവെള്ളത്തിൽ നിന്ന് എന്നെ വലിച്ചെടുത്തവൻ
ബലമുള്ള ശത്രുവിന്റെ കയ്യിൽ നിന്നും എന്നെ പകച്ചവരുടെ പക്കൽ
നിന്നും എന്നെ വിടുവിച്ചവൻ
എന്നെ വിശാലതയിലേക്ക് കൊണ്ടുവന്നവൻ
എന്റെ കൈകളുടെ വെടിപ്പിനൊത്തവണ്ണം പകരം തരുന്നവൻ
ദയാലുവോട് ദയാലുവായവൻ
നിഷ്കളങ്കനോട് നിഷ്കളങ്കനായവൻ
നിർമ്മലനോട് നിർമ്മലനായവൻ
വക്രനോട് വക്രത കാണിക്കുന്നവൻ
എളിയ ജനത്തെ രക്ഷിക്കുന്നവൻ
നിഗളിച്ചു നടക്കുന്നവരെ താഴ്ത്തുന്നവൻ
എന്റെ ദീപത്തെ കത്തിക്കുന്നവൻ
പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞു ചെല്ലുവാൻ ശക്തി നൽകുന്നവൻ
തികഞ്ഞ വഴിയുള്ളവൻ
ഊതിക്കഴിച്ച വചനമുള്ളവൻ
തന്നെ ശരണമാക്കുന്നവന്റെ പരിചയായവൻ
എന്നെ ശക്തികൊണ്ട് അര മുറുക്കുന്നവൻ
എന്റെ വഴി കുറവു തീർക്കുന്നവൻ
എന്റെ കാലുകളെ മാൻപേടക്ക് തുല്ല്യമാക്കുന്നവൻ
എന്നെ ഗിരികളിൽ നിറുത്തുന്നവൻ
എന്റെ കൈക്കു യുദ്ധാഭ്യാസം വരുത്തുന്നവൻ
രക്ഷ എന്ന പരിച തന്നവൻ
തന്റെ സൗമ്യതയാൽ എന്നെ വലിയവനാക്കിയവൻ
ഞാൻ കാലടി വെക്കേണ്ടതിന് എനിക്ക് വിശാലത വരുത്തിയവൻ
എന്റെ നരിയാണികൾ വഴുതി പോകാതെ കാക്കുന്നവൻ



Scanned with CamScanner

എന്നോട് എതിർക്കുന്നവരെ എനിക്ക് കീഴടക്കുന്നവൻ
കലഹങ്ങളിൽ നിന്ന് എന്നെ വിടുവിക്കുന്നവൻ
രക്ഷയുടെ ഉന്നതനായവൻ
എന്നോട് എതിർക്കുന്നവർക്ക് മീതെ എന്നെ ഉയർത്തുന്നവൻ
തന്റെ അഭിഷിക്തന് ദയ കാണിക്കുന്നവൻ

19 ആകാശം തന്റെ മഹത്വത്തെ വർണ്ണിക്കുന്നവൻ
ആകാശവിതാനം തന്റെ കൈവേലയായവൻ
സൂര്യന് കൂടാരം അടിച്ചവൻ
തികഞ്ഞ ന്യായപ്രമാണം ഉള്ളവൻ
പ്രാണനെ തണുപ്പിക്കുന്ന ന്യായപ്രമാണം ഉള്ളവൻ
വിശ്വാസ്യ സാക്ഷ്യമുള്ളവൻ
നേരുള്ള ആജ്ഞകൾ ഉള്ളവൻ
നിർമ്മല കല്പനയുള്ളവൻ
സത്യവിധികൾ ഉള്ളവൻ
കണ്ണിനെ പ്രകാശിപ്പിക്കുന്ന കല്പനയുള്ളവൻ
തന്റെ വിധി പ്രമാണിക്കുന്നവന് പ്രതിഫലം കൊടുക്കുന്നവൻ

20 കഷ്ടകാലത്ത് ഉത്തരം അരുളുന്നവൻ
വിശുദ്ധ മന്ദിരത്തിൽ നിന്ന് സഹായം അയക്കുന്നവൻ
എന്റെ വഴിപാടുകളെ ഓർക്കുന്നവൻ
എന്റെ ഹൃദയത്തിലെ ആഗ്രഹം എനിക്കു നൽകുന്നവൻ
എന്റെ താൽപര്യം നിവർത്തിക്കുന്നവൻ
സ്വർഗ്ഗത്തിൽ നിന്നു തന്റെ വലങ്കയ്യുടെ രക്ഷാകരമായ
വീര്യപ്രവർത്തികളാൽ ഉത്തരമരുളുന്നവൻ
തന്നെ കീർത്തിക്കുന്നവരെ എഴുന്നേറ്റ് നിവർന്നു നിൽക്കുമാറാക്കുന്നവൻ
എന്റെ അധരങ്ങളുടെ യാചന നിഷേധിക്കാത്തവൻ
നന്മയുടെ അനുഗ്രഹങ്ങളാൽ എന്നെ എതിരേൽക്കുന്നവൻ
ജീവനെ നൽകുന്നവൻ
മാനവും തേജസ്സും എന്നെ അണിയിക്കുന്നവൻ
കുലുങ്ങാതെ എന്നെ കാക്കുന്നവൻ
സകല ശത്രുവിനേയും കണ്ടു പിടിക്കുന്നവൻ
ശത്രുവിനെ തന്റെ ക്രോധത്തിൽ വീഴ്ത്തുന്നവൻ
ശക്തിയിൽ ഉയർന്നിരിക്കുന്നവൻ

22 യിസ്രായേലിന്റെ സ്തുതികളിൽ വസിക്കുന്നവൻ
തന്നിലാശ്രയിക്കുന്നവരെ വിടുവിക്കുന്നവൻ
എന്നെ അമ്മയുടെ ഉദരത്തിൽ നിന്ന് വിടുവിച്ചവൻ
എന്നെ നിർഭയം വസിക്കുമാറാക്കിയവൻ
എന്റെ തുണയായവൻ
എന്നെ സഹായിപ്പാൻ വേഗം വരുന്നവൻ
കാട്ടുപോത്തുകളുടെ കൊമ്പുകൾക്കിടയിൽ ഉത്തരമരുളുന്നവൻ
ജാതികളുടെ സകല വംശങ്ങളും നമസ്ക്കരിക്കാൻ യോഗ്യൻ
രാജത്വം ഉള്ളവൻ
ജാതിയെ ഭരിക്കുന്നവൻ

23 എന്റെ ഇടയനായവൻ
ഒന്നിനും മുട്ടില്ലാതെ എന്നെ പരിപാലിക്കുന്നവൻ



Scanned with CamScanner

പച്ചയായ പുല്പുറങ്ങളിൽ എന്നെ കിടത്തുന്നവൻ
സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്കു എന്നെ നടത്തുന്നവൻ
എന്റെ പ്രാണനെ തണുപ്പിക്കുന്നവൻ
നീതിപാതകളിൽ നടത്തുന്നവൻ
എന്നെ ആശ്വസിപ്പിക്കുന്ന വടിയും കോലുമുള്ളവൻ
ശത്രുക്കൾ കാൺകെ എനിക്ക് വിരുന്നൊരുക്കുന്നവൻ
എന്റെ തലയെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നവൻ
എന്റെ പാനപാത്രം നിറഞ്ഞ് കവിയിക്കുന്നവൻ
നന്മയും കരുണയും ആയുഷ്ക്കാലമൊക്കെയും തരുന്നവൻ
ദീർഘകാലം തന്റെ ആലയത്തിൽ വസിക്കാൻ കൃപ തരുന്നവൻ

24 സമുദ്രങ്ങളുടെമേൽ ഭൂമിയെ സ്ഥാപിച്ചവൻ
നദികളുടെമേൽ അതിനെ ഉറപ്പിച്ചവൻ
വെടിപ്പുള്ള കൈയ്യും നിർമ്മല ഹൃദയവും ഉള്ളവൻ
വ്യാജത്തിന് മനസ്സുവെക്കാതെയും കള്ളസത്യം ചെയ്യാതെയും ഇരിക്കുന്നവനെ
വ്യാജത്തിന്ന് തന്റെ പർവ്വതത്തിൽ നിർത്തുന്നവൻ
മഹത്വത്തിന്റെ രാജാവായവൻ
ബലവാനും വീരനുമായയവൻ
സൈന്യങ്ങളുടെ യഹോവ എന്ന നാമമുള്ളവൻ

25 തന്നെ കാത്തിരിക്കുന്നവരെ ലജ്ജിപ്പിക്കാത്തവൻ
തന്റെ വഴികളെ എന്നെ അറിയിക്കുന്നവൻ
തന്റെ പാതകളെ എനിക്ക് ഉപദേശിച്ച് തന്നവൻ
നല്ലവനും നേരുള്ളവനുമായ ദൈവം
പാപിയെ നേർവഴി കാണിക്കുന്നവൻ
സൗമ്യതയുള്ളവരെ ന്യായത്തിൽ നടത്തുന്നവൻ
സൗമ്യതയുള്ളവർക്ക് തന്റെ വഴി പഠിപ്പിക്കുന്നവൻ
യഹോവഭക്തന്മാർക്ക് അവർ തിരഞ്ഞെടുക്കേണ്ടുന്ന
വഴി കാണിക്കുന്നവൻ
ഭക്തന്മാരോട് സഖിത്വം ഉള്ളവൻ
എന്റെ കാലിനെ വലയിൽനിന്നു വിടുവിക്കുന്നവൻ
യിസ്രായേലിനെ സകല കഷ്ടങ്ങളിൽ നിന്നും വിടുവിക്കുന്നവൻ

26 സഭകളിൽ വാഴ്ത്തേണ്ടുന്നവൻ

27 എന്റെ വെളിച്ചവും എന്റെ രക്ഷയുമായയവൻ
എന്റെ ജീവന്റെ ബലമായയവൻ
അനർത്ഥദിവസത്തിൽ എന്നെ തന്റെ കൂടാരത്തിൽ ഒളിപ്പിക്കുന്നവൻ
തിരുനിവാസത്തിന്റെ മറവിൽ എന്നെ മറക്കുന്നവൻ
പാറമേൽ എന്നെ ഉയർത്തുന്നവൻ
കീർത്തനം ചെയ്യേണ്ടുന്നവൻ
ജയഘോഷങ്ങൾ അർപ്പിക്കേണ്ടുന്നവൻ
എന്റെ മുഖം അന്വേഷിപ്പിൻ എന്നു കല്പിക്കുന്നവൻ
തന്റെ മുഖം എനിക്ക് മറെയ്ക്കാത്തവൻ
എന്റെ യാചനകളുടെ ശബ്ദം കേൾക്കുന്നവൻ

28 അപ്പനും അമ്മയും ഉപേക്ഷിച്ചാലും എന്നെ ചേർക്കുന്നവൻ
തന്റെ ജനത്തിന്റെ ബലമായയവൻ
അഭിഷിക്തന് രക്ഷാമാർഗ്ഗമായയവൻ

Scanned with CamScanner

എന്നെ മേയിച്ച് എന്നെ വഹിക്കുന്നവൻ
മഹത്വവും ശക്തിയും കൊടുപ്പാൻ യോഗ്യൻ
29 വെള്ളത്തിൻമീതെ മുഴങ്ങുന്ന ശബ്ദമുള്ളവൻ
ദേവദാരുക്കളെ തകർക്കുന്ന ശബ്ദമുള്ളവൻ
അഗ്നിജ്വാലകളെ ചിന്നിപ്പിക്കുന്ന ശബ്ദമുള്ളവൻ
മരുഭൂമിയെ നടുക്കുന്ന ശബ്ദമുള്ളവൻ
കാദേശ് മരുവിനെ നടുക്കുന്നവൻ
മാൻപേടകളെ പ്രസവിക്കുമാറാക്കുന്ന ശബ്ദമുള്ളവൻ
വനങ്ങളെ തോലുരിക്കുന്നവൻ
ജലപ്രളയത്തിൻമീതെ ഇരുന്നവൻ
തന്റെ ജനത്തെ സമാധാനം നൽകി അനുഗ്രഹിക്കുന്നവൻ

30 എന്നെ ഉദ്ധരിച്ചവൻ
എന്നെ സൗഖ്യമാക്കിയവൻ
എന്റെ പ്രാണനെ പാതാളത്തിൽ നിന്ന് കരേറ്റിയവൻ
ഞാൻ കുഴിയിൽ ഇറങ്ങിപ്പോകാതിരിപ്പാൻ എനിക്ക്
ജീവരക്ഷ വരുത്തിയവൻ
ക്ഷണനേരത്തേക്ക് മാത്രം കോപിക്കുന്നവൻ
ജീവപര്യന്തം പ്രസാദിക്കുന്നവൻ
എന്റെ വിലാപത്തെ നൃത്തമാക്കിയവൻ
എന്റെ രട്ടഴിച്ച് എന്നെ സന്തോഷം ഉടുപ്പിച്ചവൻ
മൗനമായിരിക്കാതെ സ്തുതി പാടേണ്ടുന്നവൻ
എന്നേക്കും സ്തോത്രം ചെയ്യേണ്ടുന്നവൻ

31 എന്റെ അരിഷ്ടത കാണുകയും എന്റെ പ്രാണസങ്കടങ്ങളെ
അറിയുകയും ചെയ്യുന്നവൻ
എന്റെ കാലഗതികൾ തന്റെ കയ്യിൽ ഉള്ളവൻ
തന്റെ ഭക്തന്മാർക്കായി സംഗ്രഹിക്കുകയും തന്നിൽ ആശ്രയിക്കുന്നവർക്ക്
വേണ്ടി മനുഷ്യപുത്രന്മാർ കാൺകെ വലിയ നന്മ
പ്രവർത്തിക്കുന്നവനുമായ ദൈവൻ
നാം സ്നേഹിക്കേണ്ടുന്നവൻ
അഹങ്കാരം പ്രവർത്തിക്കുന്നവന് ധാരാളം പകരം കൊടുക്കുന്നവൻ

32 എന്റെ ലംഘനം ക്ഷമിച്ചും പാപം മറച്ചും തന്നവൻ
ഞാൻ ഏറ്റുപറഞ്ഞപ്പോൾ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചവൻ
എനിക്ക് മറവിടമായവൻ
രക്ഷയുടെ ഉല്ലാസഘോഷം കൊണ്ട് എന്നെ ചുറ്റുന്നവൻ
എന്നെ ഉപദേശിച്ചു നടക്കേണ്ടുന്ന വഴി കാണിക്കുന്നവൻ
എന്റെമേൽ ദൃഷ്ടി വെച്ച് ആലോചന പറഞ്ഞു തരുന്നവൻ
കിന്നരം കൊണ്ട് സ്തോത്രം ചെയ്യേണ്ടുന്നവൻ
തന്റെ ദയയാൽ എന്നെ ചുറ്റുന്നവൻ

33 പത്തു കമ്പിയുള്ള വീണകൊണ്ട് സ്തുതിക്കേണ്ടുന്നവൻ
പുതിയ പാട്ടു പാടേണ്ടുന്നവൻ
സകല പ്രവർത്തിയിലും വിശ്വസ്തനായവൻ
തന്റെ ദയയാൽ ഭൂമിയെ നിറച്ചവൻ
സമുദ്രത്തിലെ വെള്ളത്തെ കൂമ്പാരമായി കൂട്ടുന്നവൻ
ആഴികളെ ഭണ്ഡാരഗൃഹങ്ങളിൽ സംഗ്രഹിക്കുന്നവൻ

ജാതികളുടെ ആലോചനയെ വ്യർത്ഥമാക്കുന്നവൻ
തന്റെ ആലോചന ശാശ്വതമായും തന്റെ ഹൃദയവിചാരങ്ങൾ
തലമുറതലമുറയായും ഉള്ളവൻ
സ്വർഗ്ഗത്തിൽ നിന്ന് മനുഷ്യനെ നോക്കുന്നവൻ
മനുഷ്യന്റെ പ്രവൃത്തി ഗ്രഹിക്കുന്നവൻ
തന്റെ ദൃഷ്ടി തന്റെ ഭക്തന്മാരുടെ മേലും തന്റെ ദയക്കായി
പ്രത്യാശിക്കുന്നവരുടെമേലും വെച്ചിരിക്കുന്നവൻ

34 സകല ഭയത്തിൽ നിന്നും എന്നെ വിടുവിച്ചവൻ
തങ്കലേക്ക് നോക്കുന്നവരെ ലജ്ജിക്കാതെ പ്രകാശിതമാക്കുന്നവൻ
ഭക്തന്മാരുടെ ചുറ്റും ദൂതന്മാരാൽ പാളയമിറങ്ങി വിടുവിക്കുന്നവൻ
ഭക്തന്മാരെ ഒന്നിനും മുട്ടില്ലാതെ കാക്കുന്നവൻ
തന്നെ അന്വേഷിക്കുന്നവർക്ക് ഒരു നന്മക്കും കുറവില്ലാതെ കാക്കുന്നവൻ
തന്റെ കണ്ണ് നീതിമാന്മാരുടെ മേലും തന്റെ ചെവി അവരുടെ നിലവിളിക്കും
തുറന്നിരിക്കുന്നവൻ
ഹൃദയം നുറുങ്ങിയവർക്ക് സമീസ്ഥനായവൻ
മനസ്സ് തകർന്നവരെ രക്ഷിക്കുന്നവൻ
നീതിമാന്റെ അസ്ഥികളെല്ലാം ഒടിഞ്ഞുപോകാതെ സൂക്ഷിക്കുന്നവൻ
തന്നെ ശരണമാക്കുന്നവനെ ശിക്ഷിക്കാത്തവൻ

35 എന്നെ പിന്തുടർന്നവരുടെ വഴി അടച്ചു കളഞ്ഞവൻ
ആകാശത്തോളം ദയയും മേഘത്തോളം വിശ്വസ്തതയും ഉള്ളവൻ
വലിയ ആഴിയെപ്പോലെ ന്യായവിധികൾ ഉള്ളവൻ
മനുഷ്യനേയും മൃഗങ്ങളേയും രക്ഷിക്കുന്നവൻ
ആനന്ദ നദിയെ കുടുപ്പിക്കുന്നവൻ
ജീവന്റെ ഉറവുള്ളവൻ
പ്രകാശമായവൻ

37 തന്നിൽ തന്നെ രസിക്കുമ്പോൾ എന്റെ ഹൃദയത്തിലെ ആഗ്രഹങ്ങൾ
എനിക്ക് തരുന്നവൻ
എന്റെ വഴി ഭരമേൽപ്പിക്കുമ്പോൾ ..അവനിൽത്തന്നെ ആശ്രയിക്കുമ്പോൾ
അത് നിർവ്വഹിക്കുന്നവൻ
നിഷ്കളങ്കന്മാരുടെ നാളുകളെ അറിയുന്നവൻ
മനുഷ്യന്റെ വഴിയിൽ പ്രസാദം തോന്നിയാൽ അവന്റെ ഗമനം
സ്ഥിരമാക്കുന്നവൻ
നിലം പരിചാകാതെ നീതിമാനെ കാക്കുന്നവൻ
കൈക്കു പിടിച്ച് നീതിമാനെ താങ്ങുന്നവൻ
വിശുദ്ധന്മാരെ ഉപേക്ഷിക്കാത്ത ന്യായപ്രിയനായവൻ
തനിക്കായി പ്രത്യാശിച്ചു തന്റെ വഴിയെ പ്രമാണിച്ചു നടക്കുന്നവരെ ഭൂമി
അവകാശമാക്കുവാൻ ഉയർത്തുന്നവൻ
അകൃത്യം നിമിത്തം മനുഷ്യനെ ദണ്ഡനങ്ങളാൽ ശിക്ഷിക്കുന്നവൻ
മനഷ്യന്റെ സൗന്ദര്യത്തെ പുഴു പോലെ ക്ഷയിപ്പിക്കുന്നവൻ

40 എങ്കലേക്ക് ചാഞ്ഞ് എന്റെ നലവിളി കേട്ടവൻ
നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും
എന്നെ കയറ്റിയവൻ
എന്റെ കാലുകളെ ഒരു പാറമേൽ നിറുത്തിയവൻ
എന്റെ ഗമനത്തെ സ്ഥിരമാക്കിയവൻ

Scanned with CamScanner

എന്റെ വായിൽ പുതിയ പാട്ട്......ദൈവസ്തുതി നൽകിയവൻ
തനിക്ക് സദൃശ്യനായി ആരും ഇല്ലാത്തവൻ
എണ്ണികൂടാത്തവണ്ണം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവൻ
ഹനനയാഗവും ഭോജനയാഗവും ഇച്ഛിക്കാത്തവൻ
വിശ്വസ്തതയും രക്ഷയും ഉള്ളവൻ
ദയയും സത്യവും നിറഞ്ഞവൻ
എളിയവനും ദരിദ്രനുമായ എന്നെ വിചാരിക്കുന്നവൻ

41 എളിയവനെ ആദരിക്കുന്നവനെ വിടുവിക്കുന്നവൻ
രോഗശയ്യയിൽ എന്നെ താങ്ങുന്നവൻ

42 എന്റെ മുഖപ്രകാശ രക്ഷയും എന്റെ ദൈവവുമായവൻ
പകൽനേരത്ത് തന്റെ ദയ കല്പിക്കുന്നവൻ

43 ഭക്തികെട്ട ജാതിയോട് വ്യവഹാരം ചെയ്യുന്നവൻ
തന്റെ പ്രകാശവും സത്യവും അയച്ച് എന്നെ നടത്തുന്നവൻ

44 വൈരികളെ തള്ളിയിടാൻ ശക്തി നൽകുന്നവൻ
എന്റെ ഹൃദയ രഹസ്യങ്ങൾ അറിയുന്നവൻ
മനുഷ്യപുത്രന്മാരിൽ അതിസുന്ദരനായവൻ
എന്നേക്കും നിലനിൽക്കുന്ന സിംഹാസനം ഉള്ളവൻ
നീതിയുള്ള ചെങ്കോലോടെ രാജത്വം ചെയ്യുന്നവൻ

നീതിയെ ഇഷ്ടപ്പെട്ടു ദുഷ്ടതയെ ദ്വേഷിക്കുന്നവൻ
തനിക്ക് പ്രീതിയുള്ളവർക്ക് സ്വന്തഭുജം കൊണ്ടും മുഖപ്രകാശം കൊണ്ടും
ജയം കൽപിക്കുന്നവൻ
പ്രാണനെ മരണത്തിൽ നിന്ന് വിടുവിക്കുന്നവൻ
ക്ഷാമത്തിൽ ജീവനോടെ രക്ഷിക്കുന്നവൻ
കൂട്ടുകാരിൽ പരമായി എന്നെ ആനന്ദതൈലം കൊണ്ട്
അഭിഷേകം ചെയ്യുന്നവൻ

46 എന്റെ സങ്കേതവും ബലവുമായി കഷ്ടങ്ങളിൽ ഏറ്റവും
അടുത്ത തുണയായവൻ
ഭൂമി മാറി പോയാലും പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും
അതിലെ വെള്ളം ഇരച്ചു കലങ്ങിയാലും
അതിന്റെ കോപം കൊണ്ട് പർവ്വതങ്ങൾ കുലുങ്ങിയാലും
നാം ഭയപ്പെടാതെവണ്ണം നമ്മെ പരിപാലിക്കുന്നവൻ
ഭൂമിയിൽ ശൂന്യത വരുത്തിയിരിക്കുന്നവൻ
ഭൂമിയുടെ അറ്റം വരെ യുദ്ധങ്ങളെ നിർത്തൽ ചെയ്യുവൻ
വില്ലൊടിച്ചു കുന്തം മുറിച്ച് രഥത്തെ തീയിലിട്ട് ചുട്ടുകളയുന്നവൻ

47 സർവ്വഭൂമിക്കും മഹാരാജാവായവൻ
ജയഘോഷത്തോടും കാഹളനാദത്തോടും ആരോഹണം ചെയ്യുന്നവൻ
സർവ്വഭൂമിക്കും രാജാവായി ചാതുര്യ കീർത്തനം പാടേണ്ടുന്നവൻ

48 വലിയവനും അത്യന്തം സ്തുത്യനുമായവൻ
തന്റെ വലങ്കയ്യിൽ നീതി നിറഞ്ഞിരിക്കുന്നവൻ
ജീവപര്യന്തം വഴിനടത്തുന്നവൻ

49 എന്റെ പ്രാണനെ പാതാളത്തിന്റെ അധികാരത്തിൽ നിന്ന് വീണ്ടെടുത്തവൻ
എന്നെ കൈക്കൊള്ളുന്നവൻ



Scanned with CamScanner

സൗന്ദര്യത്തിന്റെ പൂർണ്ണതയായ സീയോനിൽ നിന്ന് പ്രകാശിക്കുന്നവൻ
50 തന്റെ മുമ്പിൽ തീ ദഹിപ്പിക്കുന്നവൻ
തന്റെ ചുറ്റും കൊടുങ്കാറ്റടിപ്പിക്കുന്നവൻ
തന്റെ ജനത്തെ ന്യായം വിധിക്കാൻ മേലിൽ നിന്ന് ആകാശത്തേയും
ഭൂമിയേയും വിളിക്കുന്നവൻ
ആകാശം തന്റെ നീതിയെ ഘോഷിക്കുന്നവൻ
മലകളിലെ പക്ഷികളെ ഒക്കെയും അറിയുന്നവൻ
സകല സൃഷ്ടിയും തനിക്കുള്ളതായവൻ
ഭൂലോകവും അതിന്റെ നിറവും തന്റേതായവൻ
സ്തോത്രമെന്ന യാഗത്തിലൂടെ മഹിമപ്പെടുത്തേണ്ടവൻ

51 അന്തർഭാഗത്തിലെ സത്യം ഇച്ഛിക്കുന്നവൻ
നിർമ്മലമായ ഹൃദയം തരുന്നവൻ
സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കുന്നവൻ
തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ നിരസിക്കാത്തവൻ

53 തന്നെ അന്വേഷിക്കുന്ന ബുദ്ധിമാന്മാരുണ്ടോ എന്നു കാണുവാൻ
സ്വർഗ്ഗത്തിൽ നിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നവൻ
എന്റെ നേരെ പാളയമിറങ്ങുന്നവന്റെ അസ്ഥികളെ ചിന്നിക്കുന്നവൻ
തന്റെ ജനത്തിന്റെ സ്ഥിതി മാറ്റുന്നവൻ

54 എന്റെ സഹായകനായി എന്റെ പ്രാണനെ താങ്ങുന്നവരോട് കൂടെയുള്ളവൻ

55 എന്നോടു കയർക്കുന്നവർ അനേകർ ആയിരിക്കെ ആരും
എന്നോട് അടുക്കാതെവണ്ണം എന്റെ പ്രാണനെ വീണ്ടെടുത്ത്
സമാധാനത്തിലാക്കിയവൻ
പുരാതനമെ സിംഹാസനസ്ഥനായവൻ
എന്റെ ഭാരം തന്റെമേൽ വെക്കുമ്പോൾ എന്നെ പുലർത്തുന്നവൻ
നീതിമാൻ കുലുങ്ങിപ്പോകാൻ ഒരുനാളും സമ്മതിക്കാത്തവൻ

56 എന്റെ ഉഴൽച്ചകളെ എണ്ണുന്നവൻ
എനിക്ക് അനുകൂലനായവൻ
തന്റെ മുമ്പാകെ ജീവന്റെ പ്രകാശത്തിൽ നടക്കേണ്ടതിന്
എന്റെ പ്രാണനെ മരണത്തിൽ നിന്നും എന്റെ കാലുകളെ
ഇടർച്ചയിൽ നിന്നും വിടുവിച്ചവൻ

57 എനിക്കുവേണ്ടി സകലവും നിർവ്വഹിക്കുന്നവൻ
എന്നെ വീഴ്ത്തുവാൻ ഭാവിക്കുന്നവർ ധിക്കാരം കാട്ടുമ്പോൾ
സ്വർഗ്ഗത്തിൽ നിന്നു കൈ നീട്ടി എന്നെ വിടുവിക്കുന്നവൻ
ആകശത്തോളം വലിയ ദയയും മേഘങ്ങളോളം വലിയ വിശ്വസ്ഥതയും
ഉള്ളവൻ

58 നീതിമാന് പ്രതിഫലം കൊടുക്കുന്നവൻ
ഭൂമിയിൽ ന്യായം വിധിക്കുന്നവൻ

59 തന്റെ ദയയാൽ എന്നെ എതിരേൽക്കുന്നവൻ

60 സത്യം നിമിത്തം ഉയർത്തേണ്ടതിന് തന്റെ ഭക്തന്മാർക്ക്
ഒരു കൊടി നൽകിയിരിക്കുന്നവൻ
തനിക്ക് പ്രിയമുള്ളവർ വിടുവിക്കപ്പെടേണ്ടതിന് പ്രവർത്തിക്കുന്നവൻ
തന്റെ സംവൽസരങ്ങൾ തലമുറതലമുറയായി ഇരിക്കുന്നവൻ



Scanned with CamScanner

പ്രത്യാശ നൽകുന്നവൻ
ജീവനേക്കാൾ നല്ല ദയയുള്ളവൻ

65 നേർച്ച കഴിക്കേണ്ടുന്നവൻ
ഭൂമിയുടെ എല്ലാ അറുതികൾക്കും ദൂരെയുള്ള സമുദ്രത്തിനും
ആശ്രയമായിരിക്കുന്ന രക്ഷയായവൻ
ഭയങ്കരകാര്യങ്ങളാൽ നീതിയോടെ ഉത്തരമരുളുന്നവൻ
ബലം അരക്കുകെട്ടികൊണ്ട് തന്റെ ശക്തിയാൽ
പർവ്വതങ്ങളെ ഉറപ്പിക്കുന്നവൻ
സമുദ്രങ്ങളുടെ മുഴക്കവും തിരമാലകളുടെ കോപവും
ജാതികളുടെ കലഹവും ശമിപ്പിക്കുന്നവൻ
ഉദയത്തിന്റെയും അസ്തമനത്തിന്റെയും ദിക്കുകളെ
ഘോഷിച്ചുല്ലസിക്കുമാറാക്കുന്നവൻ
ഭൂമിയെ സന്ദർശിച്ചു നനക്കുന്നവൻ
ഭൂമിയെ അത്യന്തം പുഷ്ടിയുള്ളതാക്കുന്നവൻ
ഭൂമിയെ ഒരുക്കി ധാന്യം കൊടുക്കുന്നവൻ
ഭൂമിയുടെ ഉഴവുചാലുകളെ നനക്കുന്നവനും
അതിന്റെ കട്ട ഉടച്ചു നിരത്തുന്നവൻ
മഴയാൽ കട്ടയെ കുതിർക്കുന്നവൻ
ഭൂമിയിലെ മുളയെ അനുഗ്രഹിക്കുന്നവൻ
സംവൽസരത്തെ തന്റെ നന്മകൊണ്ടനുഗ്രഹിക്കുന്നവൻ

66 സർവ്വ ഭൂമിയും നമസ്ക്കരിച്ചു പാടുന്നവൻ
സമുദ്രത്തെ ഉണങ്ങിയനിലമാക്കി ജനത്തെ നടത്തിയവൻ
തീയിലും വെള്ളത്തിലും കൂടി നടക്കേണ്ടി വന്നാലും
എന്നെ സമൃദ്ധിയിലേക്ക് കൊണ്ടുവന്നിരിക്കുന്നവൻ
ഹൃദയത്തിൽ അകൃത്യം കരുതിയെങ്കിൽ കേൾക്കാത്തവൻ
എന്റെ പ്രാർത്ഥന തള്ളിക്കളയാത്തവൻ
തന്റെ ദയ എങ്കൽ നിന്നും എടുത്തു കളയാത്തവൻ

67 ഭൂമിയുടെ അറുതികളെ ഒക്കെയും ഭയപ്പെടുത്തുന്നവൻ

68 പുക പതറിപ്പോകുന്നതുപോലെ ശത്രുവിനെ പതറിക്കുന്നവൻ
നീതിമാനെ തന്റെ സന്നിധിയിൽ ഉല്ലസിപ്പിക്കുന്നവൻ
അനാഥന്മാർക്ക് പിതാവും വിധവമാർക്ക് ന്യായപാലകനും
ആയ കർത്താവ്
ഏകാകികളെ കുടുംബത്തിൽവസിക്കുമാറാക്കുന്നവൻ
ബദ്ധന്മാരെ വിടുവിച്ച് സൗഭാഗ്യത്തിലാക്കുന്നവൻ
ആയിരമായിരവും കോടി കോടിയുമായി രഥങ്ങൾ ഉള്ളവൻ
നാൾതോറും എന്റെ ഭാരങ്ങൾ ചുമക്കുന്നവൻ
ഉദ്ധാരണത്തിന്റെ ദൈവമായവൻ
മരണത്തിൽ നിന്നുള്ള നീക്കുപോക്കുകൾ ഉള്ളവൻ
എനിക്ക് ബലം കല്പിച്ചവൻ
പുരാതന സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ വാഹനമേറുന്നവൻ

69 എന്റെ ഭോഷത്വങ്ങളെ അറിയുന്നവൻ
എന്റെ അകൃത്യങ്ങളെ അറിയുന്നവൻ
ബദ്ധന്മാരെ നിന്ദിക്കാത്തവൻ



Scanned with CamScanner

ഞാൻ എപ്പോഴും വന്നു പാർക്കാൻ ഉറപ്പുള്ള പാറയായിരുക്കുന്നവൻ
71 ബാല്യം മുതൽ എന്റെ ആശ്രയമായവൻ
ഗർഭം മുതൽ എന്നെ താങ്ങിയവൻ
എന്റെ അമ്മയുടെ ഉദരത്തിൽ നിന്നു എന്നെ എടുത്തവൻ
എന്നെ ഉപദേശിക്കുന്നവൻ
മഹാകാര്യങ്ങളെ പ്രവർത്തിക്കുന്ന അതുല്ല്യനായവൻ

72 താൻ മാത്രം അത്ഭുതങ്ങളെ ചെയ്യുന്നവൻ

73 നിർമ്മലഹൃദയമുള്ളവർക്ക് നല്ലവനായ ദൈവം
എന്റെ ഹൃദയത്തിന്റെ പാറയും എന്റെ ഓഹരിയുമായവൻ

74 രാവും പകലും തനിക്കുള്ളവൻ
ഭൂസീമകളെ സ്ഥാപിച്ചവൻ
ഥിവ്യാഥാന്റെ തല തകർത്തവൻ
മഹാനദികളെ വറ്റിക്കുന്നവൻ
ഉഷ്ണകാലവും ശീതകാലവും നിയമിച്ചവൻ
വെളിച്ചത്തേയും സൂര്യനേയും ചമെച്ചവൻ
ദുഷ്ടന്മാരുടെ കൊമ്പിനെ മുറിക്കുന്നവൻ
നീതിമാന്മാരുടെ കൊമ്പ് ഉയർത്തുന്നവൻ

75 ഒരുത്തനെ താഴ്ത്തുകയും മറ്റൊരുത്തനെ ഉയർത്തുകയും ചെയ്യുന്നവൻ

76 ശാശ്വത പർവ്വതങ്ങളെക്കാൾ തേജസ്സും മഹിമയും ഉള്ളവൻ
സ്വർഗ്ഗത്തിൽ നിന്ന് വധി കേൾപ്പിച്ചവൻ

77 തന്റെ ശാസനയാൽ തേരിനേയും കുതിരയേയും ഗാഢനിദ്രയിൽ
പിടിക്കുന്നവൻ
വിശുദ്ധ വഴികൾ ഉള്ളവൻ
വെള്ളങ്ങൾ കണ്ട് ഭ്രമിക്കുന്നവൻ
ആഴികൾ കണ്ട് വിറക്കുന്നവൻ
തന്റെ സാന്നിധ്യത്താൽ മേഘത്തിൽ നിന്ന് വെള്ളം ചൊരിയിക്കുന്നവൻ
ആകാശം നാദം മുഴക്കുന്നവൻ
അസ്ത്രങ്ങൾ പറത്തുന്നവൻ
ഭൂമിയെ കുലുക്കുന്നവൻ
ജനത്തെ ഒരാട്ടിൻ കൂട്ടത്തെപ്പോലെ നടത്തുവൻ

78 പകൽസമയത്ത് മേഘം കൊണ്ടും രാത്രുമുഴുവനും അഗ്നിപ്രകാശം
കൊണ്ടും നടത്തുന്നവൻ
പാറയിൽ നിന്ന് കുടിക്കാൻ കൊടുത്തവൻ
മരുഭൂമിയിൽ മേശ ഒരുക്കുന്നവൻ
സ്വർഗ്ഗീയ ധാന്യം തന്റെ മക്കൾക്ക് കൊടുക്കുന്നവൻ
നിർഭയമായി തന്റെ ജനത്തെ നടത്തുന്നവൻ
തന്റെ തീഷ്ണത തീ പോലെ ജ്വലിപ്പിക്കുന്നവൻ
കെരൂബുകളിൽ മേൽ അധിവസിക്കുന്നവൻ

80 യഥാസ്ഥാനപ്പെടുത്തുന്നവൻ

81 തപ്പും ഇമ്പമായുള്ള കിന്നരവും വീണയും കൊണ്ട്
സംഗീതം മീട്ടേണ്ടുന്നവൻ
അമാവാസിയിലും ഉത്സവദിവസമായ പൗർണ്ണമാസിയിലും

കാഹളം ഊതേണ്ടുന്നവൻ
ഇടിമുഴക്കത്തിന്റെ മറവിൽ നിന്ന് ഉത്തരമരുളുന്നവൻ
മെരീബാവെള്ളത്തിങ്കൽ ജനത്തെ പരീക്ഷിച്ചവൻ
വായ് വിസ്താരത്തിൽ തുറക്കുമ്പോൾ അതിനെ നിറക്കുന്നവൻ

82 ദേവസഭയിൽ നിൽക്കുന്നവൻ
ദേവന്മാരുടെ ഇടയിൽ ന്യായം പാലിച്ചു കൊടുക്കുന്നവൻ
പീഡിതനും അഗതിക്കും വേണ്ടി നീതി സാക്ഷിക്കുന്നവൻ

83 സൂര്യനും പരിചയും ആയവൻ
കൃപയും മഹത്വവും നൽകുന്നവൻ
നേരോടെ നടക്കുന്നവർക്ക് ഒരു നന്മയും മുടക്കാത്തവൻ

85 തന്റെ ജനം ഭോഷത്വത്തിലേക്ക് വീണ്ടും തിരിയാതിരിക്കേണ്ടതിന്
സമാധാനം അരുളുന്നവൻ

86 നല്ലവനും ക്ഷമിക്കുന്നവനും തന്നോട് അപേക്ഷിക്കുന്നവർക്കൊക്കെയും
മഹാദയാലുമായവൻ

87 ദേവന്മാരിൽ തനിക്ക് തുല്ല്യനായി ആരുമില്ലാത്തവൻ
തന്റെ പ്രവൃത്തിക്കു തുല്യമായ വേറൊരു പ്രവർത്തിയുമില്ലാത്തവൻ
താൻ മാത്രം ദൈവമായവൻ
എന്റെ പ്രണനെ അധമപാതാളത്തിൽ നിന്ന് രക്ഷിച്ചവൻ
കൃപയും കരുണയും ദീർഘക്ഷമയും മഹാദയയും വിശ്വസ്തതയും ഉള്ളവൻ
എന്നെ പകയ്ക്കുന്നവർ ലജ്ജിക്കേണ്ടതിന് നന്മയ്ക്കായി ഒരടയാളം നല്കുന്നവൻ

88 തന്റെ വിശ്വസ്തതയെ സ്വർഗ്ഗത്തിൽ സ്ഥിരമാക്കിയവൻ

89 സ്വർഗ്ഗം തന്റെ അത്ഭുതങ്ങളേയും വിശുദ്ധന്മാരുടെ സഭയിൽ തന്റെ വിശ്വസ്ത
തയേയും സ്തുതിക്കുന്നവൻ
വിശുദ്ധന്മാരുടെ സംഘത്തിൽ ഏറ്റവും ഭയങ്കരനും
ചുറ്റുമുള്ള എല്ലാവർക്കും ഭയപ്പെടുവാൻ യോഗ്യനുമായവൻ
വിശ്വസ്തയാൽ തന്നെ ചുറ്റിയിരിക്കുന്നവൻ

സമുദ്രത്തിന്റെ ഗർവ്വത്തെ അടക്കി വാഴുന്നവൻ
സമുദ്രത്തിലെ തിരമാലകൾ പൊങ്ങുമ്പോൾ അതിനെ അമർത്തുന്നവൻ
ഭൂതലവും അതിന്റെ പൂർണ്ണതയും സ്ഥാപിച്ചവൻ
ദക്ഷിണോത്തര ദിക്കുകളെ സൃഷ്ടിച്ചവൻ
നീതിയും ന്യായവും തന്റെ സിംഹാസനത്തിനടിസ്ഥാനമായവൻ
ദയവും വിശ്വസ്തയും തനിക്കു മുമ്പായി നടക്കുന്നവൻ
തന്റെ ജനത്തിന്റെ ബലത്തിന്റെ മഹത്വമായവൻ
നമ്മുടെ ലംഘനത്തെ വടികൊണ്ടും
അകൃത്യത്തെ ദണ്ഡനം കൊണ്ടും സന്ദർശിക്കുന്നവൻ
തന്റെ നിയമത്തെ ലംഘിക്കുകയോ എന്റെ അധരങ്ങളിൽ നിന്നു
പുറപ്പെട്ടതിനും ഭേദം വരുത്തുകയോ ചെയ്യാത്തവൻ
തലമുറ തലമുറയായി എന്നും സങ്കേതമായവൻ

90 പർവ്വതങ്ങൾ ഉണ്ടായതിനും ഭൂമിയേയും ഭൂമണ്ഡലത്തേയും
നിർമ്മിച്ചവനും മുമ്പെ അനാദിയായും ശാശ്വതമായും ദൈവമായവൻ
മർത്യനെ പൊടിയിലേക്ക് മടക്കിച്ചേരുമാറാക്കുന്നവൻ
മനുഷ്യപുത്രന്മാരെ തിരികെ വരുവീനെന്ന് അരുളിച്ചെയ്യുന്നവൻ



Scanned with CamScanner

1000 സംവൽസരം തന്റെ ദൃഷ്ടിയിൽ ഇന്നലെ കഴിഞ്ഞുപോയ ദിവസം പോലെയും രാത്രിയിലെ ഒരു യാമം പോലെയും മാത്രം ഇരിക്കുന്നവൻ.
എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയിക്കുന്ന
എന്റെ ദൈവവുമായവൻ
എന്റെ അകൃത്യത്തെ തന്റെ മുമ്പിലും എന്റെ രഹസ്യ പാപങ്ങളെ തന്റെ മുഖപ്രകാശത്തിലും വെച്ചിരിക്കുന്നവൻ

91 എന്നെ വേട്ടക്കാരന്റെ കെണിയിൽ നിന്നും നാശകരമായ
മഹാമാരിയിൽ നിന്നും വിടുവിക്കുന്നവൻ
തന്റെ തൂവലുകൾകൊണ്ട് എന്നെ മറക്കുന്നവൻ
പരിചയും പലകയുമായ വിശ്വസ്തതയാൽ എന്നെ നടത്തുന്നവൻ
രാത്രിയിലെ ഭയത്തേയും പകൽ പറക്കുന്ന അസ്ത്രത്തെയും
ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയേയും ഉച്ചക്കു നശിപ്പിക്കുന്ന
സംഹാരത്തേയും ഭയപ്പെടാതെവണ്ണം കാക്കുന്നവൻ
ഒരനർത്ഥവും ഭവിക്കാതെ ഒരു ബാധയും കൂടാരത്തിനടുക്കാതെ കാക്കുന്നവൻ
എന്റെ എല്ലാ വഴികളിലും എന്നെ കാക്കേണ്ടതിന് ദൂതന്മാരോട് കൽപ്പിക്കുന്നവൻ
എന്റെ കാൽ കല്ലിൽ തട്ടാതെ ദൂതന്മാരാൽ കാക്കുന്നവൻ
തന്റെ നാമത്തെ അറിയുന്നവനെ ഉയർത്തുന്നവൻ

92 വലിയ പ്രവൃത്തികളും അത്യന്തം അഗാധമായ വിചാരങ്ങളും ഉള്ളവൻ
എന്റെ കൊമ്പ് കാട്ടുപോത്തിന്റെ കൊമ്പുപോലെ ഉയർത്തുന്നവൻ
പുതിയ എണ്ണ എന്നെ തേപ്പിക്കുന്നവൻ
നീതികേടില്ലാത്തവൻ
തന്റെ പ്രവൃത്തികൊണ്ടെന്നെ സന്തോഷിപ്പിക്കുന്നവൻ
നീതിമാനെ പനപോലെ തഴപ്പിക്കുന്നവൻ

93 മഹിമ ധരിച്ച് വാഴുന്നവൻ
ബലം ധരിച്ച് അരക്കു കെട്ടിയവൻ
രാവിലെതോറും തന്റെ ദയയേയും രാത്രി തോറും
തന്റെ വിശ്വസ്തതയേയും വർണ്ണിക്കേണ്ടുന്നവൻ
പെരുവെള്ളങ്ങളുടെ മുഴക്കത്തെക്കാളും മഹിമയുള്ളവൻ
നിശ്ചയ സാക്ഷ്യം ഉള്ളവൻ

94 മനുഷ്യരുടെ വിചാരങ്ങൾ മായ എന്നറിയുന്നവൻ
എന്റെ ഉള്ളിലെ വിചാരങ്ങളുടെ ബഹുത്വത്തിൽ തന്റെ
ആശ്വാസത്താലെന്നെ തണുപ്പിക്കുന്നവൻ

95 സ്തോത്രത്തോടെ തന്റെ സന്നിധിയിലേക്ക് അടുത്ത് ചെല്ലേണ്ടുന്നവൻ
ഭൂമിയുടെ അധോഭാഗങ്ങൾ കൈയ്യിലുള്ളവൻ
പർവ്വതങ്ങളുടെ ശിഖിരങ്ങൾ ഉള്ളവൻ
സൃഷ്ടികൾ മുട്ടു കുത്തേണ്ടുന്നവൻ

96 വലിയവനും ഏറ്റവും സ്തുത്യനും സകലദേവന്മാരേക്കാളും
ഭയപ്പെടുവാൻ യോഗ്യനുമായവൻ
ബഹുമാനവും തേജസ്സും തന്റെ മുമ്പിലും ബലവും ശോഭയും
തന്റെ വിശുദ്ധ മന്ദിരത്തിലും ഉള്ളവൻ

97 മേഘവും അന്ധകാരവും തന്റെ ചുറ്റുമിരിക്കുന്നവൻ



Scanned with CamScanner

പർവ്വതങ്ങളെ മെഴുകുപോലെ ഉരുക്കുന്നവൻ
തീ തനിക്ക് മുമ്പായി പോകുന്നവൻ
തന്റെ മിന്നലുകളാൽ ഭൂതലത്തെ പ്രകാശിപ്പിക്കുന്നവൻ
പർവ്വതങ്ങളെ മെഴുകുപോലെ ഉരുക്കുന്നവൻ

98 എനിക്ക് പുതിയ പാട്ട് പാടേണ്ടുന്നവൻ
തന്റെ വലങ്കയ്യാൽ ജയം നേടുന്നവൻ

99 ന്യായതൽപരനായ രാജാവിന്റെ ബലത്തെ നേരോടെ
സ്ഥിരമാക്കിയിരിക്കുന്നവൻ
മേഘസ്തംഭത്തിൽ നിന്ന് സംസാരിച്ചവൻ
എന്നോട് ക്ഷമ കാണിക്കുന്നവനും എന്റെ പ്രവൃത്തികൾക്ക്
പ്രതികാരകനും ആയവൻ

100 തന്റെ വാതിലുകളിൽ സ്തോത്രത്തോടും തന്റെ പ്രാകാരങ്ങളിൽ സ്തുതിയോടും
കൂടെ വരേണ്ടുന്നവൻ

102 സിയോനെ പണികയും തന്റെ മഹത്വത്തിൽ പ്രത്യക്ഷനാകുകയും
അഗതികളുടെ പ്രാർത്ഥന കടാക്ഷിക്കുകയും ചെയ്യുന്നവൻ
ബദ്ധന്മാരുടെ ഞരക്കം കേൾപ്പാനും മരണത്തിന് നിയമിക്കപ്പെട്ടവരെ
വിടുവിപ്പാനും ഉയരത്തിൽ നിന്നു നോക്കുന്നവൻ
അനന്യനായവൻ
സംവൽസരങ്ങൾ അവസാനിക്കാത്തവൻ

103 എന്റെ ജീവനെ നാശത്തിൽ നിന്നു വീണ്ടെടുക്കുന്നവൻ
ദയയും കരുണയും എന്നെ അണിയിക്കുന്നവൻ
എന്റെ യൗവ്വനം കഴുകനെപ്പോലെ പുതുക്കി വരുത്തക്കവണ്ണം
എന്റെ വായ്ക്ക് നന്മ കൊണ്ട് തൃപ്തി വരുത്തുന്നവൻ
സകല പീഡിതന്മാർക്കും നീതിയും ന്യായവും നടത്തുന്നവൻ
പാപങ്ങൾക്ക് ഒത്തവണ്ണവും അകൃത്യങ്ങൾക്ക് ഒത്തവണ്ണവും
പകരം ചെയ്യാത്തവൻ
ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നതു പോലെ തന്റെ
വലിയ ദയ ഉള്ളവൻ
ഉദയം അസ്തമയത്തോടു അകന്നിരിക്കുന്നതു പോലെ എന്റെ
ലംഘനങ്ങളെ അകറ്റിയവൻ
അപ്പന് മക്കളോടു കരുണ തോന്നുന്നതുപോലെ എന്നോട്
കരുണ തോന്നുന്നവൻ
എന്റെ പ്രകൃതി അറിഞ്ഞ് എന്നെ പൊടിയെന്ന് ഓർക്കുന്നവൻ

104 വസ്ത്രം ധരിക്കുന്നതുപോലെ പ്രകാശം ധരിക്കുന്നവൻ
തന്റെ മാളികകളുടെ തുലാങ്ങളെ വെള്ളത്തിൻമേൽ നിർത്തുന്നവൻ
മേഘങ്ങളെ തന്റെ തേരാക്കി, കാറ്റിൻ ചിറകിൻമേൽ സഞ്ചരിക്കുന്നവൻ
കാറ്റുകളെ ദൂതന്മാരും അഗ്നിജ്വാലയെ തന്റെ ഇരിപ്പിടമാക്കുന്നവൻ
ഭൂമിയെ മൂടുവാൻ മടങ്ങിവരാതിരിപ്പാൻ വെള്ളത്തിന് കടന്നുകൂടാത്ത
അതിർ ഇട്ടവൻ
തന്റെ മാളികയിൽ നിന്നു മലകളെ നനക്കുന്നവൻ
തന്റെ പ്രവൃത്തികളുടെ ഫലത്താൽ ഭൂമിയെ തൃപ്തനാക്കുന്നവൻ
മൃഗങ്ങൾക്കു പുല്ലും മനുഷ്യന്റെ ഉപയോഗത്തിനായി സസ്യവും
മുളപ്പിക്കുന്നവൻ



Scanned with CamScanner

ഭൂമിയിൽ നിന്ന് ആഹാരവും മനുഷ്യന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്ന
വീഞ്ഞും അവന്റെ മുഖത്തെ മിനുക്കുവാൻ എണ്ണയും മനുഷ്യന്റെ
ഹൃദയത്തെ ബലപ്പെടുത്തുന്ന അപ്പവും ഉൽഭവിപ്പിക്കുന്നവൻ
തന്റെ വൃക്ഷങ്ങൾക്ക് തൃപ്തി വരുത്തുന്നവൻ
ലെബാനോനിലെ ദേവദാരുക്കൾ നട്ടവൻ
കാലനിർണ്ണയത്തിനായി ചന്ദ്രനെ നിയമിച്ചവൻ
ഇരുട്ട് വരുത്തന്നവനും രാത്രി ഉണ്ടാക്കുന്നവനുമായവൻ
ജ്ഞാനത്തോടെ സൃഷ്ടി ചെയ്തവൻ
വലിപ്പവും വിസ്താരവുമായ സമുദ്രവും ചെറുതും വലുതുമായ
അസംഖ്യജന്തുക്കളേയും ലിവ്യാഥാനെയും നിർമ്മിച്ചവൻ
തൃക്കൈ തുറന്ന് സൃഷ്ടികൾക്ക് തൃപ്തിവരുത്തുന്നവൻ
സൃഷ്ടിയെ തിരികെ പൊടിയിലേക്ക് മടങ്ങിചേരുമാറാക്കുന്നവൻ
ഭൂമിയുടെ മുഖത്തെ പുതുക്കുന്നവൻ
മലകളെ തൊട്ട് പുകയുമാറാക്കുന്നവൻ

105 താൻ കൽപിച്ച വചനത്തെ ആയിരം തലമുറയോളം ഓർക്കുന്നവൻ
തന്റെ അഭിഷിക്തന്മാരെ തൊടാനോ തന്റെ പ്രവാചകന്മാർക്ക് ഒരു
ദോഷവും ചെയ്യാനോ ആരേയും അനുവദിക്കാത്തവൻ
തന്റെ ജനത്തെ ഏറ്റവും വർദ്ധിപ്പിക്കുകയും അവരുടെ വൈരികളെക്കാൾ
അവരെ ബലവാന്മാരാക്കുകയും ചെയ്യുന്നവൻ
തന്റെ വചനം അനുസരിക്കാത്തവരെ ശിക്ഷിക്കുന്നവൻ
തന്റെ നിയമം ഓർത്ത് വീണ്ടും തന്റെ ജനത്തെ ചേർക്കുന്നവൻ

107 തന്റെ ജനം പാർപ്പാൻ തക്ക പട്ടണത്തിൽ ചെല്ലേണ്ടതിന് അവരെ
ചൊവ്വേയുള്ള വഴികളിൽ നടത്തുന്നവൻ
ആർത്തിയുള്ളവന് തൃപ്തി വരുത്തുകയും വിശപ്പുള്ളവനെ
നന്മകൊണ്ട് നിറക്കുകയും ചെയ്യുന്നവൻ
ബന്ധനങ്ങളെ അറത്തുകളയുന്നവൻ
തന്റെ വചനം അയച്ചു സൗഖ്യമാക്കുന്നവൻ
കുഴിയിൽ നിന്നും വിടുവിക്കുന്നവൻ
കൊടുങ്കാറ്റിനെ ശാന്തമാക്കി തിരമാലകളെ അടക്കുന്നവൻ
ശാന്തത വരുത്തുന്നവൻ
ആഗ്രഹിക്കുന്ന തുറമുഖത്ത് നമ്മെ എത്തിക്കുന്നവൻ
നിവാസികളുടെ ദുഷ്ടത നിമിത്തം നദിയെ മരുഭൂമിയും
നീരുറവകളെ വരണ്ട നിലവും ഫലപ്രദമായ ഭൂമിയെ ഉവർനിലവും
ആക്കുന്നവൻ
മരുഭൂമിയെ ജലതടാകമാക്കുന്നവൻ

കന്നുകാലികൾ കുറഞ്ഞു പോകാൻ അനുവദിക്കാത്തവൻ
ദരിദ്രനെ പീഢയിൽ നിന്നുയർത്തി അവന്റെ കുലത്തെ
ആട്ടിൻകൂട്ടം പോലെയാക്കുന്നവൻ

108 തനിക്ക് പ്രിയമുള്ളവൻ വിടുവിക്കപ്പെടേണ്ടതിന് വലങ്കൈകൊണ്ട്
രക്ഷിക്കുന്നവൻ
മനുഷ്യസഹായം വ്യർത്ഥമായിരിക്കുമ്പോൾ എന്നെ വീര്യം
പ്രവൃത്തിക്കുമാറാക്കുന്നവൻ
എന്റെ വലത്തു ഭാഗത്ത് ഇരിക്കുന്നവൻ
അത്ഭുതങ്ങൾക്ക് ജ്ഞാപകം ഉണ്ടാക്കിയവൻ

111 ഭക്തന്മാർക്ക് ആഹാരം കൊടുക്കുന്നവൻ
വിശ്വാസ്യപ്രമാണങ്ങൾ ഉള്ളവൻ
സത്യവും ന്യായവുമായ പ്രവൃത്തികൾ ഉള്ളവൻ

112 തന്റെ കൽപനകളിൽ ഇഷ്ടപ്പെടുന്നവന്റെ സന്തതികളെ
ബലപ്പെടുത്തുന്നവൻ
നേരുള്ളവരുടെ തലമുറകളെ അനുഗ്രഹിക്കുന്നവൻ
നേരുള്ളവർക്ക് ഇരുട്ടിൽ വെളിച്ചം ഉദിപ്പിക്കുന്നവൻ
വാരിവിതറി ദരിദ്രർക്ക് കൊടുക്കുന്നവൻ

113 ആകാശത്തിലും ഭൂമിയിലുമുള്ളവ കുനിഞ്ഞു നോക്കുന്നവൻ
എളിയവനെ പൊടിയിൽ നിന്ന് എഴുന്നേൽപ്പിക്കുന്നവൻ
ദരിദ്രനെ കുപ്പയിൽ നിന്നുയർത്തുന്നവൻ
ദരിദ്രന്മാരെ പ്രഭുക്കന്മാരോടുകൂടെ ഉയർത്തുന്നവൻ
മച്ചിയായവൾക്ക് സന്താനങ്ങളെ കൊടുക്കുന്നവൻ

114 പാറയെ ജലതടാകവും തീക്കല്ലിനെ നീരുറവയും ആക്കിയവൻ

115 സ്വർഗ്ഗത്തിലിരുന്ന് തനിക്കിഷ്ടമുള്ളതൊക്കെയും ചെയ്യുന്നവൻ
എന്നെ ഓർത്ത് എന്നെ അനുഗ്രഹിക്കുന്നവൻ
തന്റെ ഭക്തന്മാരായ ചെറിയവരേയും വലിയവരേയും അനുഗ്രഹിക്കുകയും
മേൽക്കുമേൽ വർദ്ധിപ്പിക്കുകയും ചെയ്യുന്നവൻ
ഭൂമിയെ മനുഷ്യന് കൊടുത്തവൻ

116 തന്റെ ചെവി എങ്കലേക്ക് ചായ്ച്ചവൻ
അല്പബുദ്ധികളെ പാലിക്കുന്നവൻ
എളിമയുള്ളവരെ രക്ഷിക്കുന്നവൻ
മനസ്സിന് സ്വസ്ഥത നൽകുന്നവൻ
എന്റെ പ്രാണനെ മരണത്തിൽ നിന്നും കണ്ണിനെ കണ്ണുനീരിൽ നിന്നും
കാലിനെ വീഴ്ചയിൽ നിന്നും രക്ഷിച്ചവൻ
തന്റെ ഭക്തന്റെ മരണം വിലയേറിയതായി കാണുന്നവൻ

118 ഞെരുക്കത്തിൽ ഞാൻ വിളിച്ചപേക്ഷിക്കുമ്പോൾ
ഉത്തരമരുളി എനിക്ക് വിശാലത വരുത്തുന്നവൻ
എന്റെ പക്ഷത്തുള്ളവൻ
എന്നെ സഹായിക്കുന്നവരുടെകൂടെ എന്റെ പക്ഷത്തുള്ളവൻ
ശത്രു തേനീച്ചപോലെ എന്നെ ചുറ്റിവളയുമ്പോൾ അതിനെ
മുൾതീ പോലെ കെടുത്തുന്നവൻ

119 തന്റെ പ്രമാണങ്ങൾ കൃത്യമായി ആചരിക്കാൻ കല്പിച്ചുതന്നവൻ
തന്റെ വചനപ്രകാരം നന്മ ചെയ്യുന്നവൻ
അത്യന്തം വിസ്തീർണ്ണമായ കൽപനയുള്ളവൻ
എന്റെ അണ്ണാക്കിന് മധുരവും വായ്ക്ക് തേൻ പോലെയും
നല്ല വചനങ്ങൾ തന്നവൻ
എന്റെ കാലിനു ദീപവും പാതക്കു പ്രകാശവുമായ വചനം തന്നവൻ
എന്റെ മറവിടം ആയവൻ
അതിവിശുദ്ധ വചനമുള്ളവൻ

121 ആകാശവും ഭൂമിയും നിർമ്മിച്ച എന്റെ സഹായകൻ
എന്റെ കാൽ വഴുതുവാൻ സമ്മതിക്കാത്തവൻ



Scanned with CamScanner

എന്നെ മയങ്ങാതെ കാക്കുന്നവൻ
എന്നെ ഉറങ്ങാതെ പരിപാലിക്കുന്നവൻ
എന്റെ വലത്തുഭാഗത്ത് തണലായവൻ
ഒരു ദോഷവും തട്ടാതെവണ്ണം പാലിക്കുന്നവൻ
എന്റെ ഗമനത്തേയും അഗമനത്തേയും പരിപാലിക്കുന്നവൻ

124 എന്റെ പക്ഷത്തുള്ളവൻ
വേട്ടക്കാരന്റെ കെണിയിൽ നിന്ന് പക്ഷി എന്നപോലെ എന്റെ
പ്രാണനെ വഴുതിപ്പോകാനിടയാക്കിയവൻ

125 തന്നിൽ ആശ്രയിക്കുന്നവരെ സീയോൻ പർവ്വതം പോലെ ഉറപ്പിക്കുന്നവൻ

127 തന്റെ പ്രിയന് സകലവും ഉറക്കത്തിൽ കൊടുക്കുന്നവൻ
മക്കൾ എന്ന അവകാശവും പ്രതിഫലവും നൽകുന്നവൻ

129 ദുഷ്ടന്മാരുടെ കയറുകളെ അറുത്തു കളയുന്നവൻ

130 തന്നെ ഭയപ്പെടുവാൻ തക്കവണ്ണം വിമോചനം ഉള്ളവൻ
അനുഗ്രഹവും ശാശ്വതമായുള്ള ജീവനും കൽപിച്ചവൻ

135 ആകാശത്തിലും ഭൂമിയിലും സമുദ്രങ്ങളിലും എല്ലാ ആഴങ്ങളിലും
തനിക്ക് ഇഷ്ടമുള്ളതൊക്കെയും ചെയ്യുന്നവൻ
ഭൂമിയുടെ അറ്റത്തുനിന്ന് നീരാവിയെ പൊങ്ങുമാറാക്കുന്നവൻ
മഴക്കായി മിന്നലുകളുണ്ടാക്കുന്നവൻ
തന്റെ ഭണ്ഡാരങ്ങളിൽ നിന്നു കാറ്റു പുറപ്പെടുവിക്കുന്നവൻ

136 സ്തോത്രം ചെയ്യേണ്ട ദൈവാദിദൈവമായവൻ
ഏകനായി മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്നവൻ
ജ്ഞാനത്തോടെ ആകാശങ്ങളെ ഉണ്ടാക്കിയവൻ
ഭൂമിയെ വെള്ളത്തിൻമേൽ വിരിച്ചവൻ
വലിയ വെളിച്ചങ്ങൾ ഉണ്ടാക്കിയവൻ
മിസ്രയീമിൽ കടിഞ്ഞൂലുകളെ സംഹരിച്ചവൻ
ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജം കൊണ്ടും
ചെങ്കടൽ രണ്ടായി വിഭജിച്ചവൻ
ഫറവോനെയും സൈന്യത്തേയും ചെങ്കടലിൽ തള്ളിയിട്ടവൻ
തന്റെ ജനത്തെ മരുഭൂമിയിൽ കൂടി നടത്തിയവൻ
മഹാരാജക്കന്മാരെ സംഹരിച്ചവൻ
നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തവൻ
സകല ജനത്തിനും ആഹാരം കൊടുക്കുന്നവൻ
സ്വർഗ്ഗസ്ഥനായവൻ

138 സകല രാജാക്കന്മാരും തന്റെ വായിൻ വചനങ്ങളെ കേട്ട് സ്തുതിക്കുന്നവൻ
താഴ്മയുള്ളവനെ കടാക്ഷിക്കുകയും ഗർവ്വിയെ ദൂരത്തു നിന്നറിയുകയും
ചെയ്യുന്നവൻ

139 എന്നെ ശോധന ചെയ്ത് അറിയുന്നവൻ
ഞാനിരിക്കുന്നതും എഴുന്നേൽക്കുന്നതും അറിയുന്നവൻ
എന്റെ നിരൂപണം ദൂരത്തു നിന്ന് ഗ്രഹിക്കുന്നവൻ
എന്റെ നടപ്പും കിടപ്പും ശോധന ചെയ്യുന്നവൻ
എന്റെ മുമ്പും പിമ്പും അടച്ച് തന്റെ കൈ എന്റെമേൽ വച്ചിരിക്കുന്നവൻ



Scanned with CamScanner

140 യുദ്ധദിവസം എന്റെ തലയിൽ ശിരസ്ത്രം ഇടുന്നവൻ

145 അഗോചര മഹിമയുള്ളവൻ
തന്റെ സകല പ്രവൃത്തികളോടും കരുണ തോന്നുന്നവൻ
കുനിഞ്ഞിരിക്കുന്നവരെ നിവർത്തുന്നവൻ
തൃക്കൈ തുറന്ന് ജീവനുള്ളതിനൊക്കെയും പ്രസാദം കൊണ്ട് തൃപ്തി വരുത്തുന്നവൻ
തന്റെ സകല വഴികളിൽ നീതിമാനും തന്റെ സകല പ്രവൃത്തിയിലും ദയാലുമായവൻ
സത്യമായി വിളിച്ചപേക്ഷിക്കുന്നവർക്ക് സമീപസ്ഥൻ
ഭക്തന്മാരുടെ ആഗ്രഹം സാധിക്കുന്നവൻ
തന്നെ സ്നേഹിക്കുന്നവരെ പരിപാലിക്കുന്നവൻ

146 ബദ്ധന്മാരെ അഴിച്ചു വിടുകയും കുരുടന്മാർക്ക് കാഴ്ച കൊടുക്കുകയും ചെയ്യുന്നവൻ
മനം തകർന്നവരെ സൗഖ്യമാക്കുകയും അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്നവൻ

147 നക്ഷത്രങ്ങൾക്ക് എണ്ണം നോക്കി അവയെയൊക്കെയും പേർ വിളിക്കുന്നവൻ
അന്തമില്ലാത്ത വിവേകമുള്ളവൻ
ഭൂമിക്കായി മഴ ഒരുക്കി പർവ്വതങ്ങളിൽ പുല്ലു മുളപ്പിക്കുന്നവൻ
മൃഗങ്ങൾക്കും കാക്കക്കുഞ്ഞുങ്ങൾക്കും അതതിന്റെ ആഹാരം കൊടുക്കുന്നവൻ
അശ്വബലത്തിലും പുരുഷന്റെ ഉരുക്കുകളിലും പ്രസാദിക്കാതെ തന്നെ ഭയപ്പെടുകയും തന്റെ ദയയിൽ
പ്രത്യാശ വയ്ക്കുകയും ചെയ്യുന്നവരിൽ പ്രസാദിക്കുന്നവൻ
എന്റെ വാതിലുകളുടെ ഓടാമ്പലുകളെ ഉറപ്പിച്ചു എന്റെ മക്കളെ അനുഗ്രഹിച്ചവൻ
എന്റെ ദേശത്ത് സമാധാനം വരുത്തുന്നവൻ
വിശേഷമായ ഗോതമ്പുകൊണ്ട് തൃപ്തി വരുത്തുന്നവൻ
തന്റെ ആജ്ഞ ഭൂമിയിലേക്കയക്കുന്നവൻ
പഞ്ഞിപോലെ മഞ്ഞു പെയ്യിക്കുന്നവൻ
ചാരം പോലെ നീഹാരം വിതറുന്നവൻ
നീർകട്ട കഷണം കഷണമായി എറിയുന്നവൻ
തന്റെ വചനം അയച്ച് ഉരുക്കുന്നവൻ
ഇരുട്ടുപോലും മറവായിരിക്കാത്തവൻ

148 എന്റെ അന്തരംഗങ്ങളെ നിർമ്മിച്ചവൻ
ഭയങ്കരവും അതിശയകരവുമായി എന്നെ സൃഷ്ടിച്ചവൻ
സകല ദൂതന്മാരും സർവ്വസൈന്യവും സൂര്യചന്ദ്രന്മാരും
സകല നക്ഷത്രങ്ങളും സ്വർഗ്ഗാധിസ്വർഗ്ഗവും
ആകാശത്തിനു മീതെയുള്ള വെള്ളവും സ്തുതിക്കേണ്ടുന്നവൻ
തിമിംഗലങ്ങളും എല്ലാ ആഴികളും തന്റെ വചനം
അനുഷ്ഠിക്കുന്ന കൊടുങ്കാറ്റും
പർവ്വതങ്ങളും സകല കുന്നുകളും ഫലവൃക്ഷങ്ങളും സകല ദേവദാരുക്കളും മൃഗങ്ങളും സകല കന്നുകാലികളും ഇഴജന്തുക്കളും പറവജാതികളും ഭൂമിയിലെ രാജാക്കന്മാരും സകല വംശങ്ങളും പ്രഭുക്കന്മാരും



Scanned with CamScanner

സകലന്യായാധിപന്മാരും യുവതികളും യുവാക്കളും വൃദ്ധന്മാരും ബാലന്മാരും സ്തുതിക്കേണ്ടുന്നവൻ
നൃത്തം ചെയ്ത് സ്തുതിക്കേണ്ടവൻ

149 കാഹളത്തോടെയും വീണയോടും കിന്നരത്തോടും തപ്പിനോടും നൃത്തത്തോടും തന്ത്രിനാദത്തോടും കുഴലിനോടും ഉച്ചനാദമുള്ള കൈത്താളങ്ങളോടെ ജീവനുള്ളതൊക്കെയും സ്തുതിക്കേണ്ടുന്നവൻ

**മത്തായി**

1:12 പരിശുദ്ധാത്മാവിനാൽ ഗർഭം ധരിച്ച് ലോകത്തിലേക്ക് മറിയയുടെ ഉദരത്തിൽ ജനനം എടുത്ത് വന്നവൻ

3:11 പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏൽപ്പിക്കുന്നവൻ
വീശുമുറം കയ്യിലുള്ളവൻ

3:12 കളത്തെ മുറ്റും വെടുപ്പാക്കി ഗോതമ്പ് കളപ്പുരയിൽ കൂട്ടി വയ്ക്കുകയും പതിർ കെടാത്ത തീയിലിട്ട് ചുട്ടു കളയുകയും ചെയ്യുന്നവൻ

3:15 യോഹന്നാനാൽ സ്നാനം ഏറ്റപ്പോൾ സ്വർഗ്ഗം തുറന്ന് ദൈവാത്മാവ് പ്രാവ് രൂപത്തിൽ ഇറങ്ങി ദൈവപ്രസാദം ലഭിച്ചവനായ ക്രിസ്തു

4:1 40 ദിവസം ഉപവസിച്ചശേഷം പിശാചിനാൽ പരീക്ഷിക്കപ്പെട്ടെങ്കിലും അവന്റെ മേൽ ദൈവവചനത്താൽ ജയം വരിച്ചവൻ

4:23 സുവിശേഷം പ്രസംഗിച്ചുകൊണ്ട് പള്ളികളിൽ ഉപദേശിക്കുകയും ജനത്തിലുള്ള സകല ദീനത്തേയും വ്യാധിയേയും സൗഖ്യമാക്കുകയും ചെയ്തവൻ

5:48 സൽഗുണപൂർണ്ണനായിരിക്കുന്ന സ്വർഗ്ഗീയ പിതാവായവൻ

6:3 എന്റെ ഭിക്ഷ രഹസ്യത്തിലായിരിക്കുമ്പോൾ രഹസ്യത്തിൽ അത് കാണുകയും പ്രതിഫലം തരികയും ചെയ്യുന്നവൻ

6:14 ഞാൻ മനുഷ്യരോട് പിഴകളെ ക്ഷമിച്ചാൽ എന്നോട് പിഴകളെ ക്ഷമിക്കുന്നവൻ

6:15 ഞാൻ മനുഷ്യരോട് പിഴകളെ ക്ഷമിക്കാഞ്ഞാൽ എന്നോട് പിഴകളെ ക്ഷമിക്കാത്തവൻ

6:30 വയലിലെ പുല്ലിനെ ചമയിക്കുന്നവൻ

6:32 എന്തു തിന്നും, എന്തു കുടിക്കും, എന്തു ഉടുക്കും എന്നു ഞാൻ വിചാരപ്പെടാതവണ്ണം ഇതൊക്കെയും എനിക്ക് ആവശ്യം എന്നറിയുന്നവൻ

6:33 മുമ്പെ തന്റെ രാജ്യവും നീതിയും അന്വേഷിക്കുമ്പോൾ അതോടുകൂടെ സർവ്വനന്മയും എനിക്കു തരുന്നവൻ

7:11 തന്നോട് യാചിക്കുന്നവർക്ക് എത്രയധികമായ നന്മ കൊടുക്കുന്നവനായ സ്വർഗ്ഗീയ പിതാവായവൻ

7:21 തന്നോട് കർത്താവേ കർത്താവേ എന്നു പറയുന്നവൻ തനിക്കേതുമില്ല - എല്ലാവരും സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യണം എന്നാഗ്രഹിക്കുന്നവൻ

7:29 പുരുഷാരം വിസ്മയിക്കത്തക്ക ഉപദേശം കാഴ്ച വച്ചവൻ



Scanned with CamScanner

7:30 അധികാരത്തോടെ ഉപദേശിച്ചവൻ

8:3 വിശ്വസിക്കാൻ എനിക്ക് മനസ്സുണ്ടെങ്കിൽ സൗഖ്യം തരുന്നവൻ

8:17 എന്റെ ബലഹീനതകളെ എടുത്തു എന്റെ വ്യാധികളെ ചുമന്നവൻ

8:26 കാറ്റിനേയും കടലിനേയും ശാസിച്ച് ശാന്തമാക്കിയവൻ
കാറ്റും കടലും അനുസരിക്കുന്നവൻ

8:28 ഭൂതങ്ങളെ പുറത്താക്കിയവൻ

8:5 പക്ഷപാതക്കാരനെ സൗഖ്യമാക്കിയവൻ

8:2 കുഷ്ഠരോഗിയെ സൗഖ്യമാക്കിയവൻ

8:15 പനി സൗഖ്യമാക്കിയവൻ

8:16 ദുഷ്ടാത്മാക്കളെ പുറത്താക്കുന്നവൻ

8:10 സകല ദീനവും സൗഖ്യമാക്കുന്നവൻ

8:34 ഭൂതങ്ങൾ തന്റെ മുമ്പിൽ വിറയ്ക്കുന്നവൻ

9:5 പാപങ്ങളെ മോചിക്കാൻ അധികാരമുള്ളവൻ

9:10 ചുങ്കക്കാരോടും പാപികളോടും കൂടെ ഭക്ഷിച്ചവൻ

9:13 യാഗത്തിലല്ല കരുണയിലത്രേ പ്രസാദിക്കുന്നവൻ

9:13 നീതിമാനെയല്ല പാപിയെയത്രേ വിളിക്കാൻ വന്നവൻ

9:18 മരിച്ച കുഞ്ഞിനെ ഉയർപ്പിച്ചവൻ (പ്രമാണിയുടെ മകൾ)

9:20 12 സംവൽസരം രക്തസ്രാവമുള്ള സ്ത്രീയെ സുഖപ്പെടുത്തിയവൻ

9:27 കുരുടർക്ക് കാഴ്ച കൊടുത്തവൻ

9:32 ഊമനിൽ നിന്ന് ഭൂതത്തെ പുറത്താക്കി അവനെ സംസാരിപ്പിച്ചവൻ

9:36 പുരുഷാരത്തെ ഇടയില്ലാത്ത ആടുകളെപ്പോലെ കുഴഞ്ഞവരും
ചിന്നിയവരുമായി കണ്ടിട്ട് മനസ്സലിഞ്ഞവൻ

10:1 അശുദ്ധാത്മാക്കളെ പുറത്താക്കുവാനും സകലവിധ ദീനവും വ്യാധിയും
പൊറുപ്പിപ്പാനും തന്റെ ശിഷ്യന്മാർക്ക് അധികാരം കൊടുത്തവൻ

10:32 മനുഷ്യരുടെ മുമ്പിൽ തന്നെ ഏറ്റുപറയുന്ന ഏവരേയും സ്വർഗ്ഗസ്ഥനായ
പിതാവിന്റെ മുമ്പിൽ ഏറ്റുപറയുന്നവൻ

10:33 മനുഷ്യരുടെ മുമ്പിൽ തന്നെ തള്ളിപ്പറയുന്നവനെ സ്വർഗ്ഗസ്ഥനായ
പിതാവിന്റെ മുമ്പിൽ തള്ളിപ്പറയുന്നവൻ

10:39 തന്നെക്കാൾ അധികം ഞാൻ മറ്റൊന്നിനേയും സ്നേഹിക്കരുത്
എന്നാഗ്രഹിക്കുന്നവൻ

10:42 വെള്ളം കുടിപ്പാൻ കൊടുത്താൽ പോലും പ്രതിഫലം തരുന്നവൻ

11:4 ചെകിടനെ കേൾപ്പിക്കുന്നവൻ

11:4 മുടന്തനെ നടത്തുന്നവൻ



Scanned with CamScanner

11:20 തന്റെ വീര്യപ്രവൃത്തികളിൽ വിശ്വസിക്കാതെ മാനസാന്തരപ്പെടാത്ത പട്ടണങ്ങളെ ശാസിച്ചവൻ

11:25 ജ്ഞാനികൾക്കും വിവേകികൾക്കും മറച്ചു ശിശുക്കൾക്ക് രക്ഷയുടെ മർമ്മം വെളിപ്പെടുത്തിയ സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായവൻ

11:27 പിതാവ് സകലവും ഭരമേൽപ്പിച്ചിരിക്കുന്ന പുത്രനായ ക്രിസ്തു

11:28 അദ്ധ്വാനിക്കുന്നവരേയും ഭാരം ചുമക്കുന്നവരേയും ആശ്വസിപ്പിക്കുന്നവൻ

11:29 സൗമ്യതയും താഴ്മയുമുള്ളവനുമായ തന്റെ നുകം ഏറ്റ് തന്നിൽനിന്ന് പഠിക്കാനാഗ്രഹിക്കുന്നവൻ

11:30 മൃദുവായ നുകവും ലഘുവായ ചുമടും ഉള്ളവൻ

12:6 ദൈവാലയത്തേക്കാൾ വലിയവൻ

12:8 ശബ്ബത്തിനും കർത്താവാകുന്നവൻ

12:9 വരണ്ട കൈയ്യുള്ളവനെ സൗഖ്യമാക്കിയവൻ

12:17 ജാതികൾക്ക് ന്യായവിധി അറിയിക്കുന്നവൻ

12:17 കലഹിക്കാത്തവൻ

12:17 നിലവിളിക്കാത്തവൻ

12:17 തെരുക്കളിൽ ശബ്ദം കേൾപ്പിക്കാത്തവൻ

12:17 ചതഞ്ഞ ഓട ഒടിക്കാത്തവൻ

12:17 പുകയുന്ന തിരിയെ കെടുത്താത്തവൻ

12:17 ജാതികൾ പ്രത്യാശ വക്കുന്ന നാമമുള്ളവൻ

12:30 തനിക്ക് അനുകൂലമല്ലാത്തവൻ തനിക്ക് പ്രതികൂലമെന്ന് വിളിച്ചു പറഞ്ഞവൻ

12:31 ആത്മാവിന് നേരെയുള്ള ദൂഷണം ഈ ലോകത്തിലും വരുനാനുള്ളതിലും അവനോട് ക്ഷമിക്കാത്തവൻ

12:36 ഞാൻ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്ക് ബോധിപ്പിക്കേണ്ടവൻ

12:42 യോനയിലും വലിയവൻ

12:42 ശലോമോനിലും വലിയവൻ

12:50 സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനെ തന്റെ സഹോദരനും സഹോദരിയും അമ്മയും ആയി കണക്കാക്കുന്നവൻ

13:34 ഉപമകളെ പ്രസ്താവിച്ചവൻ

13:43 നീതിമാന്മാരെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിപ്പിക്കുമാറാക്കിയവൻ

13:41 ലോകാവസാനത്തിൽ തന്റെ ദൂതന്മാരെ അയച്ച് എല്ലാ ഇടർച്ചകളേയും അധർമ്മം പ്രവർത്തിക്കുന്നവരേയും കൂട്ടിച്ചേർത്ത് തീച്ചൂളയിലിട്ട് കളയുന്നവൻ



Scanned with CamScanner

13:58 അവിശ്വാസമുള്ളിടത്ത് വീര്യപ്രവർത്തികൾ ചെയ്യാത്തവൻ

14:14 തന്നെ അനുഗമിക്കുന്ന ജനത്തെ കണ്ട് മനസ്സലിഞ്ഞവൻ

14:15 5 അപ്പവും 2 മീനും കൊണ്ട് ജനത്തെ തൃപ്തനാക്കിയവൻ

14:23 മലയിൽ കയറിപ്പോയി ഏകനായിരുന്ന് പ്രാർത്ഥിക്കുന്നവൻ

14:24 നാലാം യാമത്തിൽ കടലിൻമേൽ കൂടെ നടന്ന് ശിഷ്യന്മാരുടെ അടുക്കൽ ചെന്നവൻ

14:36 വസ്ത്രത്തിന്റെ തൊങ്ങലിൽ നിന്നുപോലും ശക്തി പുറപ്പെട്ട് രോഗിയെ സൗഖ്യമാക്കിയവൻ

16:17 പുത്രനെ വെളിപ്പെടുത്തിയ പിതാവാം ദൈവം

16:18 പാതാള ഗോപുരങ്ങൾ ജയിക്കാതവണ്ണം ക്രിസ്തു എന്ന അടിസ്ഥാനത്തിൽ സഭ പണിതവൻ

16:20 ഭൂമിയിൽ കെട്ടുവാനും അഴിക്കുവാനും അധികാരം തന്നവൻ

16:22 സാത്താനെ ശാസിക്കുന്നവൻ

16:24 ഞാൻ ക്രൂശ് എടുത്ത് അനുഗമിക്കേണ്ടവൻ

16:37 തന്റെ പിതാവിന്റെ മഹത്വത്തിൽ ദൂതന്മാരുമായി വന്ന് ഓരോരുത്തന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നൽകുന്നവൻ

17:2 സൂര്യനെ പോലെ പ്രകാശിക്കുന്ന മുഖവും വെളിച്ചം പോലെ വെള്ളവസ്ത്രവും ഉള്ളവൻ

17:5 ഞാൻ ചെവി കൊടുക്കേണ്ടുന്നവനായ ദൈവത്തിന്റെ പ്രിയപുത്രനായവൻ

17:15 ചന്ദ്രരോഗം സൗഖ്യമാക്കിയവൻ

17:21 അൽപവിശ്വാസിയിൽ അത്ഭുതം നിവർത്തിക്കാത്തവൻ

18:4 തന്നെത്താൻ താഴ്ത്തുന്നവനെ വലിയവനാക്കുന്നവൻ

18:11 ദൂതന്മാർ രാപകൽ തന്റെ മുഖം കണ്ട് ആരാധിക്കുന്നവൻ

18:14 ഒരുത്തൻ പോലും നശിച്ചുപോകുന്നത് ഇഷ്ടമില്ലാത്തവൻ

18:19 ഭൂമിയിൽ ഐക്യമത്തപ്പെട്ട് 2 പേർ യാചിക്കുന്ന ഏതു കാര്യത്തിനും ഉത്തരം നൽകുന്ന സ്വർഗ്ഗപിതാവായവൻ

18:20 രണ്ടോ മൂന്നോ പേർ തന്റെ നാമത്തിൽ കൂടി വരുന്നിടത്ത് തന്റെ സാന്നിദ്ധ്യം ഉറപ്പിക്കുന്നവൻ

18:25 സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ എന്നോടും ക്ഷമിക്കാത്തവൻ

19:6 കുടുംബബന്ധങ്ങളെ യോജിപ്പിക്കുന്നവൻ. ഭാര്യാഭർത്തൃ ബന്ധത്തെ വേർപെടുത്തുവാൻ അധികാരം കൊടുക്കാത്തവൻ

19:17 തന്റെ കൽപന പ്രമാണിക്കുന്നവനെ ജീവനിൽ കടത്തുന്നവൻ

19:21 എന്റെ ജീവിതത്തിൽ എന്റെ കുറവുള്ള മേഖലകളെ കാണിച്ചു തരുന്നവൻ

Scanned with CamScanner

19:26 മനുഷ്യർക്ക് അസാദ്ധ്യമായ സർവ്വവും സാദ്ധ്യമാക്കുന്നവൻ

19:29 തന്റെ നിമിത്തം വീടുകളെയോ സഹോദരിസഹോദരന്മാരെയോ അപ്പനെയോ അമ്മയെയോ നിലങ്ങളെയോ വിട്ടുകളഞ്ഞവനെല്ലാം നൂറുമടങ്ങ് മടക്കി കൊടുക്കുന്നവൻ. നിത്യജീവനെയും അവർക്ക് നൽകുന്നവൻ.

19:30 മുമ്പന്മാരെ പിമ്പൻമാരും പിമ്പൻമാരെ മുമ്പൻമാരും ആക്കുന്നവൻ

20:19 എനിക്കുവേണ്ടി പരിഹാസവും തല്ലും ക്രൂശും സഹിച്ചവൻ

20:28 ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിക്കാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നവൻ

21:4 സൗമ്യനായി കഴുതപ്പുറത്ത് വാഹനമേറി വരുന്ന രാജാവായവൻ

21:9 തനിക്ക് ജനം ഹോശന്ന പാടിയവൻ

21:13 തന്റെ ആലയം പ്രാർത്ഥനാലയം ആയവൻ

21:13 തന്റെ ആലയം കള്ളന്മാരുടെ ഗുഹ ആക്കാൻ ആഗ്രഹിക്കാത്തവൻ

21:16 ശിശുക്കളുടെയും മുല കുടിക്കുന്നവരുടെയും വായിൽ നിന്നു പുകഴ്ച ഒരുക്കിയവൻ

21:22 വിശ്വസിച്ചുകൊണ്ട് പ്രാർത്ഥനയിൽ എന്തു ചോദിച്ചാലും നൽകുന്നവൻ

22:14 അനേകരെ വിളിച്ചും ചുരുക്കം പേരെ തിരഞ്ഞെടുക്കുകയും ചെയ്യുന്നവൻ

22:16 സത്യവാനും ദൈവവഴി നേരായി പഠിപ്പിക്കുന്നവനും മനുഷ്യരുടെ മുഖം നോക്കാത്തവനും ആരോടും ശത്രുതയില്ലാത്തവനും ആയവൻ

22:37 ജീവനുള്ളവരുടെ ദൈവമായവൻ

22:37 പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും കൂടി സ്നേഹിക്കേണ്ടവൻ

23:8 എന്റെ ഗുരുവും പിതാവും നായകനുമായവൻ

23:25 കപടഭക്തി വെറുക്കുന്നവൻ

23:37 കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കും പോലെ തന്റെ ജനത്തെ ചേർത്തുകൊള്ളാൻ മനസ്സുള്ളവൻ

24:18 അവസാനത്തോളം സഹിച്ചു നിൽക്കുന്നവനെ രക്ഷിക്കുന്നവൻ

24:27 മിന്നൽ കിഴക്കുനിന്ന് പുറപ്പെട്ട് പടിഞ്ഞാറോളം വിളങ്ങും പോലെ പെട്ടെന്ന് വരുന്നവൻ

24:30 ആകാശത്തിലെ മേഘങ്ങളിൻമേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നവൻ

24:31 തന്റെ ദൂതന്മാരെ മഹാകാഹളധ്വനിയോടെ അയക്കുകയും വൃതന്മാരെ ആകാശത്തിന്റെ അറുതി മുതൽ അറുതിവരെയും 4 ദിക്കിൽ നിന്ന് കൂട്ടിച്ചേർക്കുന്നവൻ

24:35 ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും എന്നാലും മാറ്റമില്ലാത്ത വചനങ്ങൾ ഉള്ളവൻ



Scanned with CamScanner

24:36 രണ്ടാമത്തെ വരവിന്റെ സമയം താൻ മാത്രം അറിയുന്ന പിതാവാം ദൈവം

24:44 നിനച്ചിരിക്കാത്ത നാഴികയിൽ വരുന്നവൻ

25:31 തേജസ്സോടെ സകല വിശുദ്ധ ദൂതന്മാരുമായി വരികയും തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കുകയും ചെയ്യുന്നവൻ

25:40 ഏററവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് ഞാൻ ചെയ്യുന്നത് എല്ലാം തനിക്കായി കണക്കിടുന്ന രാജാധിരാജൻ

25:41 ശപിക്കപ്പെട്ടവരെ തന്റെ കൂടെ നിറുത്താതെ പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിനെന്ന് കൽപിക്കുന്നവൻ

25:46 ശപിക്കപ്പെട്ടവർക്ക് നിത്യദണ്ഡനവും നീതിമാൻമാർക്ക് നിത്യജീവനും ഒരുക്കിയിരിക്കുന്നവൻ

26:39 പിതാവിന്റെ ഇഷ്ടം മാത്രം നിറവേറ്റാൻ പ്രാർത്ഥിച്ച പുത്രനായ ക്രിസ്തു.

26:41 പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്ന് പ്രാർത്ഥിച്ച് മാതൃക കാണിച്ചവൻ

26:64 ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നവൻ

26:64 സർവ്വശക്തന്റെ വലത്തു ഭാഗത്തിരിക്കുന്ന ക്രിസ്തു

26:67 യഹൂദന്മാർ തന്റെ മുഖത്ത് തുപ്പിയപ്പോഴും മുഷ്ടി ചുരുട്ടി കുത്തിയപ്പോഴും കന്നത്തടിച്ചപ്പോഴും പരിഹസിച്ചപ്പോഴും എല്ലാം എനിക്കായി സഹിച്ചവൻ

28:18 സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും ലഭിച്ചവൻ

28:19 പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും താൻ കൽപ്പിച്ചത് ഒക്കെയും പ്രമാണിക്കുവാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ട് സകലജാതികളേയും ശിഷ്യരാക്കികൊൾവിൻ എന്നു കൽപിച്ചവൻ

28:20 ലോകാവസാനത്തോളം എല്ലാ നാളും എന്നോടുകൂടെയുള്ളവൻ.

## യോഹന്നാൻ

1:1 വചനമായവൻ

1:4 മനുഷ്യരുടെ വെളിച്ചമായ ജീവനായവൻ

1:9 ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമായവൻ

1:12 തന്നെ കൈകൊണ്ട് തന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അധികാരം കൊടുത്തവൻ

1:13 രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല ദൈവത്തിൽ നിന്നു ജനിച്ചവനായ ക്രിസ്തു

1:14 വചനം ജഡമായി തീർന്നവൻ

1:14 കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തവൻ

1:16 തന്റെ നിറവിൽ നിന്നു കൃപമേൽ കൃപ നൽകുന്നവൻ



Scanned with CamScanner

1:18 പിതാവിനെ ആരും കണ്ടിട്ടില്ല, പിതാവിനെ വെളിപ്പെടുത്തിയിരിക്കുന്നവനും പിതാവിന്റെ മടിയിൽ ഇരിക്കുന്നവനുമായ ഏകജാതനായ ക്രിസ്തു

1:29 ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവകുഞ്ഞാടായവൻ

1:45 ന്യായപ്രമാണത്തിൽ മോശയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവൻ

1:49 യിസ്രായേലിന്റെ രാജാവും ദൈവപുത്രനുമായവൻ

2:8 വെള്ളത്തെ വീഞ്ഞാക്കിയവൻ

2:16 ദൈവാലയത്തെക്കുറിച്ച് എരിവുള്ളവൻ

2:25 മനുഷ്യനിലുള്ളത് എന്ത് എന്ന് സ്വതവെ അറിഞ്ഞിരിക്കുകയാൽ മനുഷ്യനെ കുറിച്ച് യാതൊരുത്തന്റെയും സാക്ഷ്യം ആവശ്യമില്ലാത്തവൻ

3:3 പുതിയതായി വെള്ളത്തിനാലും ആത്മാവിനാലും ജനിക്കാത്തവന് ദൈവ രാജ്യം അവകാശമാക്കികൊടുക്കാത്തവൻ

3:13 താൻ മാത്രം സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന് സ്വർഗ്ഗത്തിൽ കയറിയിട്ടുള്ളവനായ ക്രിസ്തു

3:16 തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് തന്റെ പുത്രനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ച പിതാവാം ദൈവം

3:30 എന്നിൽ ഞാൻ കുറഞ്ഞിട്ട് പകരം എന്നിൽ വളരേണ്ടവനായ ക്രിസ്തു

3.34 ആത്മാവിനെ അളവുകൂടാതെ കൊടുക്കുന്നവൻ

3:35 പുത്രനെ സ്നേഹിച്ച് സകലവും അവന്റെ കൈയ്യിൽ കൊടുത്തിരിക്കുന്ന ദൈവം

3:36 പുത്രനെ അനുസരിക്കാത്തവന് ജീവനെ കാണിക്കാത്തവനും അനുസരിക്കാത്തവരുടെ മേൽ ക്രോധം കാണിക്കുന്നവനുമായവൻ

4:14 ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന് ദാഹം വരാതവണ്ണം നിത്യജീവങ്കലേക്ക് പൊങ്ങി വരുന്ന നീരുറവയാകുന്നവൻ

4:23 ആത്മാവിലും സത്യത്തിലും ആരാധിക്കേണ്ടുന്നവൻ

4:34 തന്നെ അയച്ച പിതാവിന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികക്കുന്നതുതന്നെ തന്റെ ആഹാരമായി കരുതുന്നവൻ

5:21 മരിച്ചവരെ ഉയർപ്പിക്കുന്നവൻ

5:22 എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിന് ന്യായവിധി പുത്രനു കൊടുത്തിരിക്കുന്ന പിതാവാം ദൈവം

5:24 തന്റെ വചനം കേട്ട് തന്നെ അയച്ചവനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ കൊടുക്കുകയും അവനെ ന്യായവിധിയിലാകാതെ മരണത്തിൽ നിന്നു ജീവങ്കലേക്ക് കടത്തുകയും ചെയ്യുന്നവൻ

5:28 നന്മ ചെയ്തവരെ ജീവനായും തിന്മ ചെയ്തവരെ ന്യായവിധിക്കായും പുനരുദ്ധാനം ചെയ്യിപ്പിക്കുന്നവൻ

6:33 സ്വർഗ്ഗത്തിൻ നിന്നിറങ്ങി വന്ന് ലോകത്തിന് ജീവനെ കൊടുക്കുന്ന അപ്പമായവൻ



Scanned with CamScanner

6:35 തന്റെ അടുക്കൽ വരുന്നവന് വിശക്കാതെയും ദാഹിക്കാതെയും വണ്ണം ജീവന്റെ അപ്പമായവൻ

6:37 തന്റെയടുക്കൽ വരുന്നവനെ ഒരുനാളും തള്ളിക്കളയാത്തവൻ

6:40 പുത്രനെ നോക്കികൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കണമെന്നും ഒടുക്കത്തെ നാളിൽ അവനെ ഉയർത്തെഴുന്നേൽപ്പിക്കണമെന്നും ആഗ്രഹിക്കുന്നവൻ

6:54 തന്റെ മാംസം തിന്നുകയും തന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ കൊടുക്കുന്നവൻ

6:68 നിത്യജീവന്റെ വചനങ്ങൾ തന്റെ പക്കലുള്ളവൻ

7:38 തന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് ജീവജലത്തിന്റെ നദികൾ ഒഴുക്കുന്നവൻ (ജീവജലനദി - പരിശുദ്ധാത്മാവ്)

8:12 തന്നിൽ വിശ്വസിക്കുന്നവനെ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാക്കി മാറ്റുന്നവൻ

8:32 സത്യത്താൽ എനിക്ക് സ്വാതന്ത്ര്യം വരുത്തിയവൻ

8:51 തന്റെ വചനം പ്രമാണിക്കുന്നവനെ മരണം കാണിക്കാത്തവൻ

8:54 പുത്രനെ മഹത്വപ്പെടുത്തുന്ന പിതാവാം ദൈവം

9:31 പാപികളുടെ പ്രാർത്ഥന കേൾക്കാത്തവൻ

9:31 ദൈവഭക്തനായിരുന്നു തന്റെ ഇഷ്ടം ചെയ്യുന്നവന്റെ പ്രാർത്ഥന കേൾക്കുന്നവൻ

10:2 ആടുകളുടെ ഇടയനായവൻ

10:3 ആടുകളെ പേർ ചൊല്ലി വിളിച്ച് പുറത്തു കൊണ്ടു പോകുന്നവൻ

10:7 ആടുകളുടെ വാതിലായവൻ

10:10 ആടുകൾക്ക് ജീവനുണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും വന്നവൻ

10:11 ആടുകൾക്ക് വേണ്ടി ജീവനെ കൊടുക്കുന്ന നല്ലിടയൻ

10:25 താൻ തന്നെ പുനരുദ്ധാനവും ജീവനും ആകുന്നവൻ.
തന്നിൽ വിശ്വസിച്ചവരെ മരിച്ചാലും ജീവിപ്പിക്കുന്നവൻ

11:40 വിശ്വസിക്കുന്നവർക്ക് തന്റെ മഹത്വം കാണിക്കുന്നവൻ

12:32 എല്ലാവരെയും തങ്കലേക്ക് ആകർഷിക്കുന്നവൻ

13:13 കർത്താവും ഗുരുവുമായിരുന്നിട്ടും ശിഷ്യന്മാരുടെ കാൽ കഴുകി ദൃഷ്ടാന്തം കാണിച്ചവൻ

14:2 താൻ പോകുന്നിടത്ത് ഞാനും ഇരിക്കേണ്ടതിന് സ്ഥലം ഒരുക്കി പിന്നെയും വന്ന് എന്നെ ചേർക്കുന്നവൻ

14:6 താൻ തന്നെ വഴിയും സത്യവും ജീവനുമായവൻ

14:12 താൻ ചെയ്യുന്ന പ്രവൃത്തി തന്നിൽ വിശ്വസിക്കുന്നവനും ചെയ്‌വാൻ കൃപ

Scanned with CamScanner

നൽകുന്നവൻ

14:13 പുത്രന്റെ നാമത്തിൽ അപേക്ഷിക്കുന്നത് ഒക്കെയും പിതാവ് പുത്രനിൽ മഹത്വപ്പെടാൻ തക്കവണ്ണം ചെയ്തു തരുന്നവൻ

14:16 സത്യത്തിന്റെ ആത്മാവ് എന്ന കാര്യസ്ഥനെ എന്നേക്കും നമ്മോടു കൂടെയിരിക്കേണ്ടതിന് തരുന്നവൻ

14:22 തന്റെ വചനം പ്രമാണിച്ച് തന്നെ സ്നേഹിക്കുന്നവരുടെ കൂടെ വാസം ചെയ്യുന്നവൻ

14:27 എന്റെ ഹൃദയം കലങ്ങാതെയും ഭ്രമിക്കാതെയും സമാധാനം തന്നേച്ചു പോയവൻ

14:27 ലോകം തരാത്ത സമാധാനം നൽകുന്നവൻ

15:1 തന്നിൽ കായ്ക്കാത്ത കൊമ്പൊക്കെയും നീക്കിക്കളയുന്നവൻ

15:2 കായ്ക്കുന്നതിനെ അധികഫലം കായ്പാൻ ചെത്തി വെടിപ്പാക്കുന്നവൻ

15:3 സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ഇല്ല എന്നു പഠിപ്പിക്കുന്നവൻ

15:16 ഞാൻ ഫലം കായ്ക്കേണ്ടതിനും ആ ഫലം നിലനിൽക്കേണ്ടതിനും എന്നെ ആക്കിവച്ചവൻ

16:8 പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം തരുന്ന പരിശുദ്ധാത്മാവാം ദൈവം

16:13 സകല സത്യത്തിലും വഴി നടത്തുന്ന പരിശുദ്ധാത്മാവ്

16:33 ലോകത്തിൽ എനിക്ക് കഷ്ടം ഉണ്ടെങ്കിലും ഞാൻ ധൈര്യപ്പെടുവാൻ തക്ക വണ്ണം താൻ ലോകത്തെ ജയിച്ചിരിക്കുന്ന കർത്താവായാവൻ

18:26 തന്റെ രാജ്യം ഐഹികമല്ലാത്തവൻ

18:37 സത്യത്തിന് സാക്ഷിക്കേണ്ടതിന് ജനിച്ചു അതിനായി ലോകത്തിൽ വന്നവൻ

20:8 മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷനായവൻ

21:25 എണ്ണിയാൽ തീരാത്ത അത്ഭുതങ്ങൾ ചെയ്യവൻ

## അപ്പോസ്തോലപ്രവൃത്തികൾ

1:2 താൻ കഷ്ടം അനുഭവിച്ചശേഷം ഉയിർത്ത് 40 ദിവസത്തോളം ശിഷ്യന്മാർക്ക് ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞ് താൻ ജീവിച്ചിരിക്കുന്നു വെന്ന് ദൃഷ്ടാന്തങ്ങളാൽ കാണിച്ചവൻ

1:8 എന്നിൽ പരിശുദ്ധാത്മാവിനാൽ ശക്തി പകർന്ന് ഭൂമിയുടെ അറ്റത്തോളം തന്റെ സാക്ഷിയാക്കുന്നവൻ

1:7 തന്റെ സ്വന്ത അധികാരത്താൽ കാലങ്ങളെയും സമയങ്ങളെയും വെച്ചിരിക്കുന്നവൻ

2:3 കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്നൊരു മുഴക്കത്തോടെയും



Scanned with CamScanner

അഗ്നിജ്വാല പോലെ പിളർന്ന നാവുകളുമായി തന്റെ ആത്മാവിനെ പകർന്നവൻ.

2:4 തന്റെ ആത്മാവിനാൽ അന്യഭാഷയെ നൽകുന്നവൻ

2:17 അന്ത്യകാലത്ത് സകലജഡത്തിൻമേലും തന്റെ ആത്മാവിനെ പകരുന്നവൻ

2:19 മീതെ ആകാശത്തിന്മേൽ അത്ഭുതങ്ങളും താഴെ ഭൂമിയിൽ അടയാളങ്ങളും കാണിക്കുന്നവൻ

2:20 തന്റെ വലിയതും പ്രസിദ്ധവുമായ നാൾ വരുന്നതിനു മുമ്പെ സൂര്യനെ ഇരുളായും ചന്ദ്രനെ രക്തമാക്കിയും മാറ്റുന്നവൻ

2:21 തന്റെ നാമം വിളിച്ചപേക്ഷിക്കുന്നവനെ രക്ഷിക്കുന്നവൻ

2:24 മരണപാശങ്ങളെ അഴിച്ച് ഉയിർത്തവൻ

2:24 മരണത്തിന് പിടിച്ചുവക്കാൻ അസാദ്ധ്യമായവൻ

2:28 മാനസാന്തരപ്പെട്ട് പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏൽക്കുന്നവന് പരിശുദ്ധാത്മാവ് എന്ന ദാനം നൽകുന്നവൻ

2:47 രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോട് ചേർക്കുന്നവൻ

4:12 മറ്റൊരുത്തനിലും രക്ഷയില്ല. മനുഷ്യർ രക്ഷിക്കപ്പെടാൻ ആകാശത്തിൻ കീഴിൽ ഉള്ള ഓരേ ഒരു നാമമായവൻ.

4:31 ധൈര്യത്തോടെ വചനം പ്രസ്താവിക്കാൻ തക്കവണ്ണം പരിശുദ്ധാത്മാവിനെ കൊടുക്കുന്നവൻ

5:19 തന്റെ ദൂതനെ അയച്ച് കാരാഗൃഹത്തിന്റെ അവസ്ഥയിൽ നിന്ന് തന്റെ ദാസന്മാരെ വിടുവിക്കുന്നവൻ

5:29 മനഷ്യരേക്കാൾ അനുസരിക്കേണ്ടുന്നവൻ

5:31 തന്റെ പുത്രനെ പ്രഭുവായും രക്ഷിതാവായും തന്റെ വലങ്കയ്യാൽ ഉയർത്തിയവൻ

5:32 തന്നെ അനുസരിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ നൽകിയവൻ

7:35 മനുഷ്യർ തള്ളിയവനെ ഉയർത്തുന്നവൻ

7:48 കൈപണിയായ ആലയത്തിൽ വസിക്കാത്തവനായ അത്യുന്നതൻ

7:49 സ്വർഗ്ഗം തനിക്ക് സിംഹാസനവും ഭൂമി പാദപീഠവും ആയവൻ

8:32 അറുക്കുവാനുള്ള ആടിനെപോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതിരിക്കുന്ന കുഞ്ഞാടിനെപ്പോലെയും വായ് തുറക്കാത്തവൻ

9:15 തന്നെ ഉപദ്രവിക്കുന്നവനെപ്പോലും തനിക്കു സാക്ഷിയാകുവാനുള്ള പാത്ര മായി തിരഞ്ഞെടുത്തവൻ

9:31 സഭയെ വർദ്ധിപ്പിക്കുന്നവൻ

9:41 മരിച്ചവരെ ഉയർപ്പിക്കാൻ ശിഷ്യന്മാർക്ക് അധികാരം നൽകിയവൻ

10:15 താൻ ശുദ്ധീകരിച്ചതിനെ മലിനമായി കാണരുത് എന്നു കൽപ്പിച്ചവൻ



Scanned with CamScanner

10:35 ഏതു ജാതിയിലും തന്നെ ഭയപ്പെട്ട് നീതി പ്രവർത്തിക്കുന്നവനെ അംഗീകരിക്കുന്ന മുഖപക്ഷമില്ലാത്തവൻ

10:42 ജീവികൾക്കും മരിച്ചവർക്കും ന്യായാധിപതിയായി ദൈവത്താൽ നിയമിക്കപ്പെട്ടവനായ ക്രിസ്തു

10:44 തന്റെ ദാസന്മാർ പ്രസംഗിക്കുമ്പോൾ വചനം കേൾക്കുന്ന എല്ലാവരുടെ മേലും പരിശുദ്ധാത്മാവിനെ പകരുന്നവൻ

11:18 ജാതികൾക്കും ജീവപ്രാപ്തിക്കായി മാനസാന്തരം നൽകിയവൻ

16:14 തന്റെ വചനം കേൾക്കാൻ തക്കവണ്ണം ഹൃദയങ്ങളെ തുറക്കുന്നവൻ

17:24 സൃഷ്ടിതാവായി സകലത്തിന്റെയും നാഥനായി കൈപണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യാത്തവൻ

17:25 എല്ലാവർക്കും ജീവനും ശ്വാസവും സകലവും കൊടുക്കുന്നവൻ

17:25 മനുഷ്യ കൈകളാൽ ശുശ്രൂഷ ആവശ്യപ്പെടാത്തവൻ

17:27 തന്നെ തപ്പിനോക്കി കണ്ടെത്തുമോ എന്നുവെച്ച് ജനത്തെ നോക്കിയിരിക്കുന്നവൻ

17:30 അറിയായ്മയുടെ കാലങ്ങളെ ലക്ഷ്യമാക്കാതെ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണം എന്നാഗ്രഹിക്കുന്നവൻ

18:10 ഭയപ്പെടാതെ പ്രസംഗിക്കാൻ കൽപിച്ചവൻ

20:48 സ്വന്തരക്തത്താൽ തന്റെ സഭയെ സമ്പാദിച്ചവൻ

26:7 ദൈവത്താൽ പിതാക്കന്മാർക്കു ലഭിച്ചതും 12 ഗോത്രങ്ങൾ രാപകൽ ശ്രദ്ധയോടെ ആരാധിച്ചുകൊണ്ട് എത്തിപ്പിടിക്കാൻ ആശിക്കുന്നതും ആയ വാഗ്ദത്തവാനായ ക്രിസ്തു.

26:18 ജാതികൾക്ക് പാപമോചനവും അവകാശവും ലഭിക്കേണ്ടതിനും അവരുടെ കണ്ണ് തുറപ്പാനും അവരെ ഇരുളിൽ നിന്ന് വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽ നിന്ന് ദൈവത്തിങ്കലേക്കും തിരിപ്പാനും തന്റെ ദാസന്മാരെ നിയമിക്കുന്നവൻ

27:25 എന്നോട് അരുളിച്ചെയ്യുന്നത് നിവർത്തിക്കുന്നവൻ

27:34 എന്റെ തലയിലെ ഒരു രോമം പോലും നഷ്ടമാകാതെ സൂക്ഷിക്കുന്നവൻ

## റോമർ

1:16 സുവിശേഷത്തെക്കുറിച്ചു ലജ്ജിക്കാതെവണ്ണം വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും അതു രക്ഷയ്ക്കായി ദൈവശക്തിയാൽ നൽകിയിരിക്കുന്നവൻ

1:17 സുവിശേഷത്തിൽ തന്റെ നീതി വിശ്വാസം ഹേതുവായും വിശ്വാസത്തിനായി കൊണ്ടും വെളിപ്പെടുത്തിയവൻ

1:18 അനീതി കൊണ്ട് സത്യം തടുക്കുന്ന സകല മനുഷ്യരുടെ മേലും സകല അഭക്തിക്കും അനീതിക്കും നേരെ സ്വർഗ്ഗത്തിൽ നിന്ന് കോപിക്കുന്നവൻ

1:20 നിത്യശക്തിയും ദിവ്യത്വവുമുള്ളവൻ



Scanned with CamScanner

1:23 അക്ഷയനായവൻ

1:25 സൃഷ്ടിച്ചവനേക്കാൾ സൃഷ്ടി ഭജിച്ചാരാധിച്ച ഒരു കൂട്ടം ജനത്തെ അപമാന രാഗങ്ങളിൽ ഏല്പിച്ചവൻ

1:29-30 അനീതിയുള്ളവർ ദുഷ്ടതയുള്ളവർ, അത്യാഗ്രഹമുള്ളവർ ദുർബുദ്ധിയുള്ളവർ, അസൂയ, കൊല, പിണക്കം, കപടം, ദുശ്ശീലം എന്നിവ യുള്ളവർ, ഏഷണിക്കാർ, ദൈവദ്വേഷികൾ, നിഷ്ഠൂരന്മാർ, കരളക്കാർ, ഗർവ്വിഷ്ഠന്മാർ, ആത്മപ്രശംസക്കാർ, പുതുദോഷം സങ്കൽപ്പിക്കുന്നവർ, മതാപിതാക്കന്മാരെ അനുസരിക്കാത്തവർ, ബുദ്ധിഹീനർ, നിയമലംഘികൾ, വാൽസല്യമില്ലാത്തവർ, കനിവറ്റവർ എന്നിവർ മരണയോഗ്യർ എന്ന് ന്യായം വിധിക്കുന്നവൻ

2:2 അന്യനെ വിധിക്കുമ്പോൾ ആ വക പ്രവർത്തിക്കുന്നവരുടെമേൽ തന്റെ വിധി സത്യാനുസരണമായി അയയ്ക്കുന്നവൻ

2:4 എന്നെ മാനസാന്തരത്തിലേക്കു നയിക്കുന്ന ദയാലുവായവൻ

ദയ, ക്ഷമ, ദീർഘക്ഷമ എന്നിവയുടെ ഐശ്വര്യം നിറഞ്ഞവൻ

2:4 ഹൃദയകാഠിന്യവും അനുതാപവുമില്ലാത്ത ജനതയെ നീതിയോടെ വിധിക്കുന്നവൻ

2:6 ഓരോരുത്തനോടും പ്രവൃത്തിക്കു തക്കവണ്ണം പകരം ചെയ്യുന്നവൻ

2:7-8 നല്ല പ്രവൃത്തിക്കു വേണ്ടുന്ന സ്ഥിരത പൂണ്ടും തേജസ്സും മാനവും അക്ഷയ തയും അന്വേഷിക്കുന്നവർക്കു നിത്യജീവൻ കൊടുക്കുന്നവൻ

2:8 ശാഠ്യം പൂണ്ട് സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്നവർക്ക് കോപവും ക്രോധവും കൊടുക്കുന്നവൻ

2:11 മുഖപക്ഷമില്ലാത്തവൻ

2:13 ന്യായപ്രമാണം കേൾക്കുന്നവരെയല്ല ആചരിക്കുന്നവരെ നീതികരിക്കുന്നവൻ

2:16 മനുഷ്യരുടെ രഹസ്യങ്ങളെ സുവിശേഷപ്രകാരം ന്യായം വിധിക്കുന്നവൻ

2:24 അക്ഷരത്തിലല്ല ആത്മാവിലുള്ള ഹൃദയ പരിഛേദനയുള്ളവന്റെമേൽ പുകഴ്ച നൽകുന്നവൻ

3:3 തന്റെ വിശ്വസ്തതക്ക് നീക്കം വരാത്തവൻ

3:20 ന്യായപ്രമാണത്താൽ നീതികരിക്കാത്തവൻ

3:21 വിശ്വസിക്കുന്നവർക്ക് തന്റെ പുത്രനിലുള്ള വിശ്വാസത്താൽ തന്റെ നീതി വെളിപ്പെടുത്തിയവൻ

3:24 സൗജന്യമായി നീതികരണം തന്നവൻ

3:25 വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രാശ്ചിത്തമാകുവാൻ യേശുവിനെ പരസ്യമായി നിറുത്തിയിരിക്കുന്ന പിതാവാം ദൈവം

4:3 വിശ്വാസം നീതിയായി കണക്കിടുന്നവൻ

4:6 പ്രവൃത്തി കൂടാതെ വിശ്വാസം മൂലം നീതി കണക്കിട്ട് മനുഷ്യന് ഭാഗ്യാവസ്ഥ കൊടുത്തവൻ



Scanned with CamScanner

4:20 തന്റെ വാഗ്ദത്തങ്ങളിൽമേൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ടു തനിക്ക് മഹത്വം കരേറ്റി താൻ വാഗ്ദത്തം ചെയ്യുവാൻ ശക്തൻ എന്ന് ഉറക്കുന്നവരെ അനുഗ്രഹിക്കുന്നവൻ

5:1 ദൈവത്തോട് സമാധാനം ഉണ്ടാക്കിയ പുത്രനായ ക്രിസ്തു

5:2 കൃപയിലേക്ക് പ്രവേശനം തന്നവൻ

5:5 പരിശുദ്ധാത്മാവിനാൽ എന്നിൽ ദൈവസ്നേഹം പകർന്നവൻ

5:6 ഞാൻ ബലഹീനയായിരുന്നപ്പോൾ തന്നെ തക്ക സമയത്ത് അഭക്തർക്കു വേണ്ടി മരിച്ചവൻ

5:9 തന്റെ രക്തത്താൽ നീതികരിച്ച് കോപത്തിൽ നിന്ന് രക്ഷിക്കുന്നവൻ

5:15 ഏകന്റെ ലംഘനത്തിൽ അനേകർ മരിച്ചപ്പോൾ തന്റെ കൃപയാൽ അനേകരെ വിടുവിച്ചവൻ

5:17 ഏകന്റെ ലംഘനത്താൽ മരണം വന്നപ്പോൾ താൻ നിമിത്തം കൃപയുടെയും നീതിദാനത്തേയും സമൃദ്ധി അനേകർക്കു കൊടുത്ത് ജീവനിൽ വാഴിക്കുന്നവൻ

6:4 മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റവൻ

6:8 മരിച്ചവരെ തന്നോടുകൂടെ ജീവിപ്പിക്കുന്നവൻ

6:9 മരിച്ചു ഉയിർത്ത് ഇനി മരണത്തിന് തന്റെമേൽ കർത്തൃത്വം ഇല്ലാത്തവൻ

6:23 പാപത്തിന്റെ ശമ്പളം മരണമായിരിക്കുമ്പോൾ യേശുക്രിസ്തുവിൽ നിത്യജീവൻ വാഗ്ദത്തം ചെയ്യുന്ന കൃപാലുവായ ദൈവം

8:1 തന്നിലുള്ളവരെ ശിക്ഷാവിധിയിൽ നിന്ന് ഒഴിച്ചവൻ

8:2 പാപത്തിന്റെയും മരണത്തന്റെയും പ്രമാണത്തിൽ നിന്ന് എനിക്ക് താൻ മുഖാന്തരം സ്വതന്ത്ര്യം വരുത്തിയവൻ

8:3 ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു കഴിയാത്ത തായിനെ സാധിപ്പാൻ തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപനിമിത്തവും അയച്ച് പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ച നീതിമാനായ ദൈവം

8:7 ജഡത്തിന്റെ ചിന്ത തന്നോടു ശത്രുത്വമായിട്ടുള്ളവൻ

8:8 ജഡസ്വഭാവം ഉള്ളവരിൽ പ്രസാദിക്കാത്തവൻ

8:9 തന്റെ ആത്മാവ് വസിക്കാത്തവനെ തനിക്കുള്ളവനായി കാണാത്തവൻ

8:11 എന്നിൽ യേശുവിന്റെ ആത്മാവ് വസിക്കുമ്പോൾ ആ ആത്മാവിനെകൊണ്ട് എന്റെ മർത്യശരീരത്തെ ജീവിപ്പിക്കുന്നവൻ

8:14 ദൈവമക്കളെ തന്റെ ആത്മാവുകൊണ്ട് നടത്തുന്നവൻ

8:15 അബ്ബാ പിതാവേ എന്നു വിളിക്കുവാൻ പുത്രത്വത്തിന്റെ ആത്മാവിനെ തന്നവൻ

8:17 എന്നെ അവകാശിയാക്കിയവൻ



Scanned with CamScanner

8:18 ഈ ലോകത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നെണ്ണുവാൻ തക്കവണ്ണം വെളിപ്പെടുവാനുള്ള തേജസ്സിന്റെ പ്രത്യാശ തന്നവൻ

8:22 സർവ്വസൃഷ്ടിയും ഈറ്റിനോവോടെ കാത്തിരിക്കുന്നവൻ.

8:26 ബലഹീനതക്കു തുണ നിൽക്കുന്ന പരിശുദ്ധാത്മാവാം ദൈവം

8:26 ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ എനിക്കുവേണ്ടി പക്ഷവാദം ചെയ്യുന്ന ആത്മാവായവൻ

8:27 ദൈവഹിത പ്രകാരം പക്ഷവാദം ചെയ്യുന്ന ആത്മാവ്.

8:27 ഹൃദയങ്ങളെ പരിശോധിച്ച് ആത്മാവിന്റെ ചിന്ത ഇന്നതെന്നറിയുന്നവൻ

8:28 തന്നെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് സകലവും നന്മക്കായി കൂടി വ്യാപരിപ്പിക്കുന്നവൻ

8:29 യേശുവിനോടനുരൂപനാകുവാൻ എന്നെ മുൻനിയമിച്ചവൻ

8:30 മുൻനിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതികരിച്ചും നീതികരിച്ചവരെ തേജസ്കരിച്ചും ഇരിക്കുന്നവൻ

8:31 ഒരു ശക്തിക്കും പ്രതികൂലം നിൽക്കാൻ കഴിയാത്തവൻ

8:32 സ്വന്ത പുത്രനെ ആദരിക്കാതെ എനിക്കായി ഏല്പിച്ചു തന്നവനും അവനോടുകൂടെ സകലവും തരുന്നവനുമായ ദൈവം.

8:33 കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ ഒന്നും തന്റെ സ്നേഹത്തിൽ നിന്ന് മാറ്റികളയാതവണ്ണം പൂർണ്ണജയം തരുന്നവൻ

8:34 ദൈവവലത്തുഭാഗത്തിരുന്ന് പക്ഷവാദം ചെയ്യുന്നവൻ

9:22 കരുണാ പാത്രമായ എന്നിൽ തേജസ്സിന്റെ ധനം വെളിപ്പെടുത്തിയവൻ

10:4 ന്യായപ്രമാണത്തിന്റെ അവസാനമായവൻ

10:9 തന്നെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റു പറയുകയും ദൈവം തന്നെ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽപ്പിച്ചുവെന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്യുന്നവനെ രക്ഷിക്കുന്നവൻ

11:2 മുന്നറിഞ്ഞിട്ടുള്ള തന്റെ ജനത്തെ തള്ളിക്കളയാത്തവൻ

11:17 കാട്ടൊലിവായ എന്നെ തന്നോട് ഒട്ടിച്ച് ഫലപ്രദമായ വേരിന് പങ്കാളിയാക്കിയവൻ

11:33 ആഴമേറിയ ധനം, ജ്ഞാനം അറിവ് എന്നിവയുള്ളവൻ

11:33 തന്റെ ന്യായവിധികൾ അപ്രമേയവും തന്റെ വഴികൾ അഗോചരവുമായിരിക്കുന്നവൻ

12:2 നന്മയും പ്രസാദവും പൂർണ്ണതയുള്ള ഹിതമുള്ളവൻ

12:11 ആത്മാവിൽ എരിവുള്ളവരായി സേവിക്കേണ്ടുന്നവൻ

12:19 പ്രതികാരം തനിക്കുള്ളത് താൻ പകരം ചെയ്യും എന്നരുളി ചെയ്യവൻ

13:1 അധികാരങ്ങളെ നിയമിച്ചവൻ



Scanned with CamScanner

13:3 നന്മ ചെയ്യുന്നവന് പുകഴ്ച കൊടുക്കുന്നവൻ

14:9 മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും കർത്താവാകുവാൻ തക്കവണ്ണം മരിച്ച് ഉയർത്തെഴുന്നേറ്റവൻ

14:11 എല്ലാ മുഴങ്കാലും മടങ്ങി എല്ലാ നാവും സ്തുതി ചൊല്ലേണ്ടുന്നവൻ

14:11 നാം എല്ലാവരും കണക്ക് ബോധിപ്പിക്കേണ്ടുന്നവൻ

14:12 നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമായ രാജ്യമുള്ളവൻ

15:13 പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പ്രത്യാശയിൽ സമൃദ്ധിയുള്ളവരാക്കി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവും കൊണ്ട് എന്നെ നിറക്കുന്നവൻ

16:20 വേഗത്തിൽ സാത്താനെ കാൽകീഴെ ചതച്ച് കളയുന്നവൻ

## 1 കൊരിന്ത്യർ

1:8 തന്റെ നാളിൽ കുറ്റമില്ലാത്തവരായിരിക്കേണ്ടതിന് എന്നെ അവസാനത്തോളം ഉറപ്പിക്കുന്നവൻ

1:9 യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് എന്നെ വിളിച്ച വിശ്വസ്തനായ ദൈവം

1:18 ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്ക് ഭോഷത്വമായിരിക്കുമ്പോൾ രക്ഷിക്കപ്പെടുന്ന നമുക്ക് ദൈവശക്തിയായി തന്നിരിക്കുന്നവൻ

1:19 ജ്ഞാനികളുടെ ജ്ഞാനം നശിപ്പിക്കാനും ബുദ്ധിമാന്മാരുടെ ബുദ്ധി ദുർബലമാക്കുവാനും കഴിയുന്നവൻ

1:20 ലോകത്തിന്റെ ജ്ഞാനത്തെ ഭോഷത്വമാക്കിയവൻ

1:25 ദൈവശക്തിയും ദൈവജ്ഞാനവുമായ ക്രിസ്തു

1:27 ജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോകത്തിൽ ഭോഷത്വമായതു തിരഞ്ഞെടുത്തവൻ

1:27 ബലമുള്ളതിനെ ലജ്ജിപ്പിക്കാൻ ലോകത്തിൽ ബലഹീനമായത് തിരഞ്ഞെടുത്തവൻ

1:28 ഉള്ളതിനെ ഇല്ലായ്മ.ാക്കുവാൻ ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തവൻ

1:29 തന്റെ സന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാൻ ആഗ്രഹിക്കാത്തവൻ

1:30 ദൈവത്തിൽ നിന്ന് ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായി തീർന്ന ക്രിസ്തു

2:9 തന്നെ സ്നേഹിക്കുന്നവർക്കു വേണ്ടി വലിയ ഒന്ന് ഒരുക്കുന്നവൻ - ആരും കാണാത്തതും ഏതു ചെവി കേൾക്കാത്തതും ആരുടെയും ഹൃദയത്തിൽ തോന്നാത്തതും ഒരുക്കിയവൻ

2:10 സകലത്തേയും ദൈവത്തിന്റെ ആഴങ്ങളേയും അറിയുന്ന ആത്മാവിനെ തന്നവൻ

3:7 നടുന്നവനും നനയ്ക്കുന്നവനും ഏതുമില്ലാത്തവിധം അതിനെ

Scanned with CamScanner

വളരുമാറാക്കുന്നവൻ

3:8 താന്താന്റെ അദ്ധ്വാനത്തിനൊത്തവണ്ണം കൂലി കൊടുക്കുന്നവൻ

3:16 തന്റെ ആത്മാവിനെ എന്റെ ശരീരത്തിൽ തന്ന് തന്റെ മന്ദിരമായി എന്നെ തിരഞ്ഞെടുത്തവൻ

3:17 തന്റെ മന്ദിരം നശിപ്പിക്കുന്നവനെ നശിപ്പിക്കുന്നവൻ. കാരണം തന്റെ മന്ദിരം വിശുദ്ധമാണ്

4:5 ഇരുട്ടിൽ മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചന വെളിപ്പെടുത്തുന്നവൻ

കാത്ത

6:9 അന്യായം ചെയ്യുന്നവർക്ക് ദൈവരാജ്യം അവകാശമായി നൽകുന്നവൻ

6:9-10 ദുർനടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയംഭോഗികൾ, പുരുഷകാംക്ഷികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ണക്കാർ, പിടിച്ചുപറിക്കാർ എന്നിവർക്ക് ദൈവരാജ്യം കൊടുക്കാത്തവൻ

6:14 യേശുവിനെ ഉയർപ്പിച്ചതുപോലെ തന്റെ ശക്തിയാൽ എന്നെയും ഉയർപ്പിച്ചവൻ

6:19 എന്നെ വിലക്കു വാങ്ങിയവൻ

6:20 എന്റെ ശരീരം കൊണ്ട് ഞാൻ മഹത്വപ്പെടുത്തേണ്ടവൻ

7:7 ഒരുവന് ഇങ്ങനേയും ഒരുവന് അങ്ങനേയും താന്താന്റെ കൃപാവരം നൽകിയിരിക്കുന്നവൻ

7:15 സമാധാനത്തിൽ ജീവിപ്പാൻ എന്നെ വിളിച്ചിരിക്കുന്നവൻ

8:3 തന്നെ സ്നേഹിക്കുന്നവനെ അറിയുന്നവൻ

8:5 ആകാശത്തിലോ ഭൂമിയിലോ ദേവന്മാർ എന്നു പേരുള്ളവർ ഉണ്ടെന്നു വരികിലും ഏകദൈവവും സകലത്തിനും കാരണഭൂതനുമായവൻ

9:14 സുവിശേഷം അറിയിക്കുന്നവൻ സുവിശേഷത്താൽ ഉപജീവിക്കേണം എന്നു കൽപിച്ചവൻ

10 :4 ആത്മീകപാറയായവൻ

10:9 ആരും പരീക്ഷിച്ചു കൂടാത്തവൻ

10:13 മനുഷ്യർക്കു നടപ്പില്ലാത്ത പരീക്ഷ നേരിടാതവണ്ണം കാക്കുന്ന വിശ്വസ്തനായവൻ

10:13 എനിക്ക് കഴിയുന്നതിനുമീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ സഹിപ്പാൻ കഴിയേണ്ടതിന് പരീക്ഷയോടുകൂടെ പോക്കുവഴിയും നൽകുന്നവൻ

11:27 അയോഗ്യമായി കർത്താവിന്റെ മേശ അനുഭവിക്കുന്നവനെ ശിക്ഷിക്കുന്നവൻ

11:32 ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിന് എന്നെ ബാലശിക്ഷ കഴിക്കുന്നവൻ



Scanned with CamScanner

പലതരം കൃപാവരങ്ങൾ ഉണ്ടെങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ഏകനായവൻ

12:11 താൻ കല്പിക്കും പോലെ അവനവനു അതതു വരം പകർന്നു കൊടുക്കുന്ന ആത്മാവാം ദൈവമായവൻ

12:28 സഭയിൽ ഒന്നാമതു അപ്പോസ്തോലന്മാർ 2-ാമത് പ്രവാചകന്മാർ 3-ാമത് ഉപദേഷ്ടാക്കന്മാർ ഇങ്ങനെ ഓരോരുത്തനെ നിയമിക്കുകയും പിന്നെ വീര്യപ്രവർത്തികൾ, രോഗശാന്തിവരം, വിവധഭാഷാവരം, പ്രവചനവരം എന്നിവ നൽകുകയും ചെയ്തവൻ

14:32 കലക്കത്തിന്റെ ദൈവമല്ലാത്തവനും സമാധാനത്തിന്റെ ദൈവവുമായവൻ

15:26 ഒടുക്കത്തെ ശത്രുവായിട്ടു മരണത്തെ നീക്കുന്നവൻ

15:52 അന്ത്യകാഹള നാദത്തിങ്കൽ പെട്ടന്ന് കണ്ണിമക്കുന്നതിനിടയിൽ എന്നെ രൂപാന്തരപ്പെടുത്തുന്നവൻ

15:57 യേശുക്രിസ്തു മുഖാന്തരം ജയം നൽകുന്ന ദൈവം

## 2 കൊരിന്ത്യർ

1:3 മനസ്സലിവുള്ള പിതാവായവൻ

1:3 സർവ്വശ്വാസവും നൽകുന്നവൻ

1:4 എന്നെ ശക്തയാക്കേണ്ടതിന് എന്റെ കഷ്ടതകളിൽ എന്നെ അശ്വസിപ്പിക്കുന്നവൻ

1:9 മരണത്തിൽ നിന്നു വിടുവിക്കുന്നവൻ

1:12 വിശുദ്ധിയും നിർമ്മലതയും നൽകുന്നവൻ

1:18 എന്റെ വിശ്വസ്തമായ പ്രവർത്തികൾക്ക് സാക്ഷി നിൽക്കുന്നവൻ

1:20 ധാരാളം വാഗ്ദത്തങ്ങൾ ഉള്ളവൻ

1:21 ക്രിസ്തുവിൽ എന്നെ ഉറപ്പിച്ച് അഭിഷേകം ചെയ്യുന്നവൻ

1:22 എന്നെ മുദ്രയിട്ടു ആത്മാവ് എന്ന അച്ചാരം ഹൃദയത്തിൽ തന്നവൻ

2:14 ക്രിസ്തുവിൽ ജയോൽസവമായി എന്നെ നടത്തുന്ന പിതാവാം ദൈവം

2:14 വിശുദ്ധന്മാരെക്കൊണ്ട് തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുന്നവൻ

3:6 എനിക്കു പ്രാപ്തി നൽകുന്നവൻ

3:17 സ്വാതന്ത്ര്യം വരുത്തുന്ന ആത്മാവായവൻ

4:6 ഇരുട്ടിൽ നിന്ന് വെളിച്ചം പ്രകാശിക്കേണം എന്ന് അരുളി ചെയ്തവൻ

4:7 ആത്മാവിന്റെ അത്യന്തശക്തി ദാനമായി നൽകുന്നവൻ

5:1 കൈപ്പണിയല്ലാത്ത ഒരു നിത്യഭവനം സ്വർഗ്ഗത്തിൽ എനിക്കായി ഒരുക്കിയിരിക്കുന്നവൻ

5:5 നിത്യജീവനായി എന്നെ ഒരുക്കുന്നവൻ



Scanned with CamScanner

5:10 ഓരോരുത്തൻ ശരീരത്തിലിരിക്കുമ്പോൾ ചെയ്യുന്നത് നല്ലതാകിലും തീയതാകിലും അതിന് തക്കവണ്ണം ന്യായം വിധിക്കുന്നവൻ

5:11 ഞാൻ ഭയപ്പെടേണ്ടുന്നവൻ

5:17 എന്നെ തന്നിൽ പുതിയ സൃഷ്ടിയാക്കുന്നവൻ

5:18 നിരപ്പിന്റെ ശുശ്രൂഷ എനിക്ക് തന്നവൻ

5:19 ലോകത്തെ ക്രിസ്തുവിൽ തന്നോട് നിരപ്പിച്ചവൻ

5:19 നിരപ്പിന്റെ വചനം എന്നിൽ ഭരമേൽപ്പിച്ചവൻ

5:21 എന്നെ നീതികരിക്കുവാൻ പാപം അറിയാത്തവനെ എനിക്കുവേണ്ടി പാപം ആക്കിയ പിതാവാം ദൈവം

6:16 അവിശ്വാസികളിൽനിന്നും വേർപെട്ടിരിക്കാൻ കൽപ്പിച്ചവൻ

7:6 എളിയവരെ ആശ്വസിപ്പിക്കുന്നവൻ

7:9 താൻ സമ്പന്നൻ ആയിരുന്നിട്ടും എന്നെ സമ്പന്നനാക്കാൻ ഞാൻ നിമിത്തം ദരിദ്രനായിത്തീർന്നവൻ

7:12 പ്രാപ്തിയുള്ളതുപോലെ ഞാൻ കൊടുക്കുമ്പോൾ എന്നിൽ പ്രസാദിക്കുന്നവൻ

9:8 ഞാൻ സൽപ്രവൃത്തികളിൽ പെരുകി വരുവാൻ സകല കൃപയും എന്നിൽ പെരുക്കുവാൻ ശക്തനായവൻ

9:10 വിതക്കുന്നവന് വിത്തും ഭക്ഷിപ്പാൻ ആഹാരവും നൽകുന്നവൻ

9:10 നീതിയുള്ള വിളവിനെ വർദ്ധിപ്പിക്കുന്നവൻ

10:4 കോട്ടകളെ ഇടിപ്പാൻ ശക്തിയുള്ള ആത്മശക്തി തന്നവൻ

12:9 എന്റെ ബലഹീനതയിൽ തന്റെ ശക്തി തെളിയിക്കുന്നവൻ

13:4 തന്റെ ശക്തിയാൽ എന്നെ ജീവിപ്പിക്കുന്നവൻ

13:10 ഇടിച്ചുകളയുവാനല്ല, പണിയുവാനായി അധികാരം തന്നവൻ

## ഗലാത്യർ

1:15 എന്റെ ജനനം മുതൽ എന്നെ വേർതിരിച്ചു തന്റെ കൃപയാൽ വിളിച്ചിരിക്കുന്നവൻ

2:20 എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുത്തവൻ

3:14 ആത്മാവെന്ന വാഗ്ദത്തവിഷയം വിശ്വാസത്താൽ പ്രാപിക്കാനിടയാക്കിയവൻ

4:6 ന്യായപ്രമാണത്തിൻ കീഴിൽ നിന്നു വിലക്കു വാങ്ങി പുത്രത്വം തന്നവൻ

5:1 സ്വാതന്ത്ര്യത്തിനായിട്ടു എന്നെ സ്വതന്ത്രനാക്കിയവൻ

5:19 ജഡത്തിന്റെ പ്രവൃത്തികളായ ദുർനടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം,



Scanned with CamScanner

ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് എന്നിവയുള്ളവർക്ക് ദൈവരാജ്യം അവകാശമായി കൊടുക്കാത്തവൻ

8:15 സമാധാനവും കരുണയും നൽകുന്നവൻ

## എഫേസ്യർ

1:3 സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്നവൻ

1:4 ഞാൻ തന്റെ സന്നിധിയിൽ വിശുദ്ധയും നിഷ്കളങ്കയും ആകേണ്ടതിന് ലോകസ്ഥാപനത്തിനു മുന്നെ എന്നെ തിരഞ്ഞെടുത്തവൻ

1:6 സൗജന്യമായി നൽകിയ കൃപ മഹത്വത്തിന്റെ പുകഴ്ചക്കായി സ്നേഹത്തിൽ മുൻനിയമിച്ചവൻ

1:9 തന്റെ ഹിതപ്രകാരം തന്റെ ഹിതത്തിന്റെ മർമ്മം എന്നോടറിയിച്ചവൻ

1:14 അവകാശത്തിന്റെ അച്ചാരമായ പരിശുദ്ധാത്മാവിനാൽ എന്നെ മുദ്രയിട്ടവൻ

1:18 ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവിനെ തന്നവൻ

1:20 യേശുവിനെ മരിച്ചവരിൽ നിന്നുയർപ്പിച്ച് സ്വർഗ്ഗത്തിന്റെ വലത്തു ഭാഗത്തിരുത്തി എല്ലാ വാഴ്ചക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും യോഗ്യത കൊടുത്തവനായ പിതാവാം ദൈവം

1:22 സകലവും പുത്രന്റെ കാൽകീഴാക്കി അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിനും എല്ലാം നിറയ്ക്കുന്നവൻ

2:8,9 ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികൾ കാരണമല്ലാത്തവിധം കൃപയാൽ വിശ്വാസം മൂലം എന്നെ രക്ഷിച്ചവൻ

2:9 സൽപ്രവൃത്തിക്കായിട്ടു ക്രിസ്തുയേശുവിൽ എന്നെ മുന്നൊരുക്കിയവൻ

2:13 മുമ്പെ ദൂരസ്ഥയായിരുന്ന എന്നെ ക്രിസ്തുയേശു മൂലം തന്നോട് സമീപസ്ഥനാക്കിയവൻ

2:14 എന്റെ സമാധാനമായവൻ

2:14 ഇരുപക്ഷത്തേയും ഒന്നാക്കി ചട്ടങ്ങളും കൽപനകളും ആയ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചു കളഞ്ഞവൻ

2:15 ഇരുപക്ഷത്തേയും ഒന്നാക്കി സമാധാനം ഉണ്ടാക്കികൊണ്ട് തന്നിൽ ഒരേ പുതുമനുഷ്യനായി സൃഷ്ടിച്ചവൻ

2:17 ദൂരത്തും സമീപത്തും ഉള്ളവർക്ക് സമാധാനം സുവിശേഷിക്കുന്നവൻ

2:18 താൻ മുഖാന്തരം പിതാവിലേക്ക് പ്രവേശനം തന്നവൻ

2:20 സഭയെ പണിയുന്നവൻ

3:12 തന്നിലാശ്രയിച്ച് തന്നിൽ വിശ്വസിക്കുന്നവർക്ക് ധൈര്യവും പ്രവേശനവും നൽകിയവൻ

3:16 അകത്തെ മനുഷ്യൻ ശക്തിയോടെ ബലപ്പെടേണ്ടതിന് തന്റെ മഹത്വത്തിന്റെ



Scanned with CamScanner

ധനത്തിനൊത്തവണ്ണം ആത്മാവിനെ പകരുന്നവൻ

3:20 ഞാൻ ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തം പരമായി ചെയ്യുന്നവൻ

4:11 സഭയിൽ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടക്കന്മാരായും നിയമിച്ചവൻ

5:2 എന്നെ സ്നേഹിച്ചു ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചവനായ ക്രിസ്തു

5:6 അനുസരണം കെട്ടവരുടെമേൽ കോപിക്കുന്നവൻ

5:23 സഭക്കു തലയാകുന്നവൻ

5:26 സഭയെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും കറ, ചുളുക്കം മുതലായത് ഒന്നും ഇല്ലാതെ സഭയെ ശുദ്ധവും നിഷ്കളങ്കവും ആയി തനിക്കു തന്നെ തേജസ്സോടെ മുൻനിറുത്തേണ്ടതിന് തന്നെത്താൻ അവർക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തവൻ

5:29 സഭയെ പോറ്റി പുലർത്തുന്നവൻ

6:11 പിശാചിനോട് എതിർപ്പാൻ തന്റെ സർവ്വായുധവർഗ്ഗം നൽകുന്നവൻ

## ഫിലിപ്പിയർ

1:3 എന്നിൽ നല്ല പ്രവൃത്തിയെ ആരംഭിച്ച് ക്രിസ്തുവിന്റെ നാളോളം അതിനെ തികക്കുന്നവൻ

1:20 എന്റെ ശരീരത്തിൽ ജീവനാൽ ആകട്ടെ മരണത്താൽ ആകട്ടെ മഹത്വപ്പെടേണ്ടവൻ

1:29 തന്നിൽ വിശ്വസിപ്പാൻ മാത്രമല്ല തനിക്കു വേണ്ടി കഷ്ടം അനുഭവിക്കാൻ കൂടെ വരം നൽകിയവൻ

2:6-8 ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്ത് മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ത്യജിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം - ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നവൻ

2:9 സകലനാമത്തിനും മേലായ നാമം ലഭിച്ചവൻ

2:10 സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും തന്റെ സന്നിധിയിൽ മടങ്ങേണ്ടുന്നവൻ
താൻ തന്നെ കർത്താവ് എന്ന് പിതാവിന്റെ മഹത്വത്തിനായി ഏറ്റുപറയുകയും ചെയ്യേണ്ടുന്നവൻ

3:20 സ്വർഗ്ഗത്തിൽ നിന്ന് രക്ഷിതാവായി വരുന്നവൻ

3:21 സകലവും തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തി കൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തുന്നവൻ

4:6-7 ഒന്നിനെക്കുറിച്ചും വിചാരപ്പെടാതെ നമ്മുടെ ആവശ്യങ്ങൾ സ്തോത്ര



Scanned with CamScanner

ത്തോടെ അറിയിക്കുമ്പോൾ ദൈവസമാധാനം ഹൃദയത്തിൽ നൽകി നമ്മെ കാക്കുന്നവൻ

4:19 എന്റെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തു നൽകുന്നവൻ

## കൊലോസ്യർ

1:13 നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെച്ച പിതാവാം ദൈവം

1:15 അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനുമായ ക്രിസ്തു

1:16 സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങളാകട്ടെ സകലവും സൃഷ്ടിച്ചവൻ

1:16 സകലവും തനിക്കായി സൃഷ്ടിച്ചവൻ

1:17 സകലത്തിനും ആധാരമായിരിക്കുന്നവൻ

1:18 സഭ എന്ന ശരീരത്തിന്റെ തലയായവൻ

1:18 ആരംഭവും മരിച്ചവരിൽ നിന്ന് ആദ്യമായി എഴുന്നേറ്റവനും ആയ ക്രിസ്തു

1:19 സർവ്വ സമ്പൂർണ്ണതയും വസിക്കുന്നവൻ

1:20 ക്രൂശിൽ ചൊരിഞ്ഞ രക്തത്താൻ സമാധാനം ഉണ്ടാക്കിയവൻ

1:20 ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും പുത്രനെ കൊണ്ട് നിരപ്പിപ്പാൻ തക്കവണ്ണം എന്നോട് പ്രസാദം തോന്നിയ പിതാവാം ദൈവം

1:21 മുമ്പെ ദുഷ്പ്രവൃത്തികളാൻ മനസ്സുകൊണ്ടകന്നവളും ശത്രുവുമായിരുന്ന എന്നെ തന്റെ മുമ്പിൽ വിശുദ്ധയും നിഷ്കളങ്കയും കുറ്റമില്ലാത്തവളുമായി നിറുത്തേണ്ടതിന് തന്റെ ജഡശരീരത്തിൽ മരണത്താൽ നിരപ്പിച്ചവൻ

1:27 മഹത്വത്തിന്റെ പ്രത്യാശയായവൻ

2:9 ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്ന ക്രിസ്തു

2:10 എല്ലാ വാഴ്ചക്കും അധികാരത്തിനും തലയായവൻ

2:14 എനിക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ച് ക്രൂശിൽ തറച്ച് നീക്കി കളഞ്ഞവൻ

2:15 വാഴ്ചകളേയും അധികാരങ്ങളേയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെമേൽ ജയോൽസവം കൊണ്ടാടിയവൻ

3:6 ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം എന്നിവ പ്രവർത്തിക്കുന്നവരുടെമേൽ കോപിക്കുന്നവൻ

## 1 തെസ്സലോനിക്യർ

1:9 വരുവാനുള്ള കോപത്തിൽ നിന്ന് എന്നെ വിടുവിക്കുന്നവൻ

2:4 ഹൃദയത്തെ ശോധന ചെയ്യുന്നവൻ



Scanned with CamScanner

2:4 ഞാൻ പ്രസാദിപ്പിക്കേണ്ടുന്നവൻ

3:13 സകല വിശുദ്ധന്മാരുമായി പ്രത്യക്ഷനാകുന്നവൻ

3:13 പിതാവായ ദൈവമുമ്പാകെ വിശുദ്ധീകരണത്തിൽ അനിന്ദ്യരായി വെളിപ്പെടുംവണ്ണം എന്റെ ഹൃദയത്തെ സ്ഥിരപ്പെടുത്തുന്നവൻ

4:7 എന്നെ അശുദ്ധിക്കല്ല വിശുദ്ധീകരണത്തിനായിത്തന്നെ വിളിച്ചവൻ

4:16 ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുന്നവൻ

4:16 തന്നാൽ മരിച്ചവരെ ഉയർപ്പിച്ചവൻ

4:17 തന്റെ വരവിൽ ജീവനോടെ ശേഷിക്കുന്നവരെ തന്നെ എതിരേൽപ്പാൻ തക്കവണ്ണം ആകാശത്തിൽ മേഘങ്ങളിൽ എടുക്കുന്നവൻ

5:10 തന്നോടുകൂടെ ജീവിക്കേണ്ടതിന് രക്ഷയെ പ്രാപിപ്പാൻ നിയമിച്ചവൻ

5:23 എന്നെ മുഴുവനും ശുദ്ധീകരിക്കുന്ന സമാധാനത്തിന്റെ ദൈവമായവൻ

5:24 എന്നെ വിളിച്ച വിശ്വസ്തനും എന്നിലെ പ്രവൃത്തി നിവർത്തിക്കുന്ന വനുമായവൻ

## 2 തെസ്സലോനിക്യർ

1:6 തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്ന് അഗ്നിജ്വാലയിൽ പ്രത്യക്ഷനാകുന്നവൻ

1:7 ദൈവത്തെ അറിഞ്ഞവർക്കും തന്റെ സുവിശേഷം അനുസരിക്കാ ത്തവർക്കും പ്രതികാരം കൊടുക്കുന്നവൻ

1:8 എന്നെ പീഡിപ്പിക്കുന്നവർക്ക് പീഡയും പീഡ അനുഭവിച്ചാൽ എനിക്ക് അശ്വാസവും പകരം നൽകി നീതി പ്രവർത്തിക്കുന്നവൻ

1:10 സുവിശേഷം അനുസരിക്കാത്തവർക്ക് നിത്യനാശം എന്ന ശിക്ഷാവിധി കൽപ്പിക്കുന്നവൻ

2:8 അധർമ്മമൂർത്തിയെ തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷത യുടെ പ്രഭാവത്താൽ നശിപ്പിക്കുന്നവൻ

2:13 എന്നെ ആദിമുതൽ ആത്മാവിന്റെ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്താലും രക്ഷക്കായി തിരഞ്ഞെടുത്തവൻ.

2:16 എന്നെ സ്നേഹിച്ചു എനിക്ക് നിത്യാശ്വാസവും നല്ല പ്രത്യാശയും കൃപയാലെ നൽകിയവൻ

2:17 എന്റെ ഹൃദയത്തെ ആശ്വസിപ്പിച്ചു എല്ലാ നല്ല പ്രവൃത്തിയിലും വാക്കിലും സ്ഥിരപ്പെടുത്തുന്നവൻ

3:3 എന്ന ഉറപ്പിച്ചു ദുഷ്ടന്റെ കയ്യിൽ അകപ്പെടാതെവണ്ണം കാക്കുന്ന വിശ്വസ്തനായവൻ

2:11 സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി കൊടുക്കുന്നവൻ



Scanned with CamScanner

## 1 തിമോഥെയൊസ്

1:17 നിത്യരാജാവും അക്ഷയനും അദൃശ്യനുമായി എന്നേക്കും ബഹുമാനവും മഹത്വവും കൊടുക്കേണ്ട ഏകദൈവമായവൻ

2:4 സകലമനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നവൻ

2:5 എല്ലാവർക്കുംവേണ്ടി മറുവിലയായി കൊടുത്തവൻ

3:16 ജഡത്തിൽ വെളിപ്പെട്ടവൻ
ആത്മാവിൽ നീതീകരിക്കപ്പെട്ടവൻ
ദൂതന്മാർക്ക് പ്രത്യക്ഷനായവൻ
ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടവൻ
ലോകത്തിൽ വിശ്വസിക്കപ്പെട്ടവൻ
തേജസ്സിൽ എടുക്കപ്പെട്ടവൻ

2:15 സത്യത്തിന്റെ തൂണും അടിസ്ഥാനവുമായവൻ

6:16 ധന്യനായ ഏകാധിപതിയായവൻ
രാജാധിരാജനായവൻ
കർത്താധികർത്താവായവൻ
താൻ മാത്രം അമർത്യതയുള്ളവൻ
അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവൻ
മനുഷ്യർ ആരും കാണാത്തവൻ
മനുഷ്യർക്ക് കാണ്മാൻ കഴിയാത്തവൻ
തക്കസമയത്ത് പ്രത്യക്ഷത വരുത്തുന്നവൻ

## 2 തിമോഥെയൊസ്

1:7 ഭീരുത്വത്തിന്റെ ആത്മാവിനെയല്ല ശക്തിയുടേയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെ എനിക്ക് തന്നവൻ

1:10 സുവിശേഷം കൊണ്ട് മരണം നീക്കി ജീവനും അക്ഷയതയും വെളിപ്പെടുത്തുകയും ചെയ്തവൻ

1:12 എന്റെ ഉപനിധി തന്റെ പ്രത്യക്ഷതവരെ സൂക്ഷിപ്പാൻ ശക്തനായവൻ

2:11 തന്നോട് മരിച്ചവരെ ജീവിപ്പിക്കുന്നവൻ
തനിക്കായി സഹിച്ചവരെ തന്നോടുകൂടെ വാഴിക്കുന്നവൻ
ഞാൻ തള്ളിപ്പറഞ്ഞാൽ എന്നെ തള്ളിപ്പറയുന്നവൻ
ഞാൻ അവിശ്വസ്തനായി തീർന്നാലും വിശ്വസ്തനായി പാർക്കുന്നവൻ
തന്റെ സ്വഭാവം ത്യജിക്കാൻ കഴിയാത്തവൻ

3:12 തന്നിൽ ഭക്തിയോടെ ജീവിക്കുന്നവർക്കുണ്ടാകുന്ന ഉപദ്രവങ്ങളിൽനിന്ന് അവരെ വിടുവിക്കുന്നവൻ

3:16 തന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവനാകുവാൻ ദൈവശ്വാസീയമായ തിരുവെഴുത്തു തന്നവൻ

4:7 തന്റെ പ്രത്യക്ഷതയിൽ പ്രിയംവച്ച എല്ലാവർക്കും നീതിയുടെ കിരീടം നൽകുന്നവൻ



Scanned with CamScanner

4:7 നീതിയുള്ള ന്യായാധിപതിയായവൻ

4:18 സകല ദുഷ്പ്രവൃത്തിയിൽ നിന്നും വിടുവിക്കുന്നവൻ

## തീത്തോസ്

1:1 തക്ക സമയത്ത് തന്റെ വചനം വെളിപ്പെടുത്തുന്നവൻ

1:2 ഭോഷ്ക്കില്ലാത്തവൻ

1:2 സകല കാലത്തിനും മുമ്പെ നിത്യജീവന്റെ പ്രത്യാശ വാഗ്ദത്തം ചെയ്തവൻ

3:4 ദയയും മനുഷ്യപ്രീതിയും ഉള്ളവൻ

3:5 എന്റെ നീതിപ്രവൃത്തികളാലല്ല തന്റെ കരുണപ്രകാരം എന്നെ ജീവിപ്പിച്ചവൻ

3:7 ധാരളമായി പരിശുദ്ധാത്മാവിനെ പകരുന്നവൻ

## എബ്രായർ

1:2 പുത്രനെ സകലത്തിനും അവകാശിയാക്കിവച്ച പിതാവാം ദൈവം

1:2 പുത്രൻ മുഖാന്തരം ലോകത്തെ ഉണ്ടാക്കിയവൻ

1:3 തേജസ്സിന്റെ പ്രഭയായവൻ

1:3 ദൈവത്വത്തിന്റെ മുദ്രയായവൻ

1:3 സകലത്തേയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവൻ

1:3 പാപങ്ങൾക്ക് പരിഹാരം ഉണ്ടാക്കി മഹിമയുടെ വലത്തു ഭാഗത്തിരിക്കുന്നവൻ

1:4 ദൈവദൂതന്മാരേക്കാൾ വിശിഷ്ടമായ നാമത്തിന് അവകാശി ആയവൻ

1:4 ദൈവദൂതന്മാരെക്കാൻ ശ്രേഷ്ഠനായവൻ

1:5 സകലദേവന്മാരും തന്റെ പുത്രനെ നമസ്ക്കരിക്കണം എന്നരുളി ചെയ്തവൻ

1:7 കാറ്റുകളെ തന്റെ ദൂതന്മാരാക്കുന്നവൻ
അഗ്നിജ്വാലയെ തന്റെ ശുശ്രൂഷകന്മാരാക്കുന്നവൻ

1:11 ആകാശവും ഭൂമിയും വസ്ത്രം പോലെ പഴകിപ്പോകുകയും ഉടുപ്പുപോലെ അതിനെ ചുരുട്ടുകയും ചെയ്യുന്നവൻ

1:12 എന്നേക്കും അനന്യായി തന്റെ സംവൽസരങ്ങൾ അവസാനിക്കാത്തവൻ

2:9 ദൈവകൃപയാൽ എല്ലാവർക്കുംവേണ്ടി മരണം ആസ്വദിക്കുവാൻ ദൂതന്മാരിലും അല്പം ഒരു താഴ്ച വന്നവനായ യേശു

2:9 മരണം അനുഭവിച്ചതിനാൽ തന്റെ പുത്രനെ മഹത്വവും ബഹുമാനവും അണിയിച്ചവൻ



Scanned with CamScanner

2:10 സകലത്തിന്റ ലാക്കും കാരണഭൂതനുമായവൻ

2:10 അനേകം പുത്രന്മാരെ തേജസ്സിലേക്ക് നടത്തുന്നവൻ

2:10 എല്ലാവർക്കും രക്ഷാനായകനായി കഷ്ടാനുഭവങ്ങളിൽ തികഞ്ഞവൻ

2:14 മക്കൾ ജഡരക്തങ്ങളോട് കൂടിയവർ ആകകൊണ്ട് താനും അവരെപ്പോലെ ജഡരക്തങ്ങളോട് കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കിയവൻ

2:15 ജീവപര്യന്തം മരണ ഭീതിയിൻ അടിമകളായിരുന്ന നമ്മെ വിടുവിച്ചവൻ

2:16 അബ്രഹാമിന്റെ സന്തതിയെ സംരക്ഷണ ചെയ്യാൻ വന്നവൻ

2:17 കരുണയുള്ളവനും വിശ്വസ്ത മഹാപുരോഹിതനുമായവൻ

2:18 താൻ തന്നെ പരീക്ഷിതനായി കഷ്ടം അനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവരെ സഹായിപ്പാൻ കഴിവുള്ളവൻ

3:2 തന്നെ നിയമിച്ചാക്കിയവന് വിശ്വസ്തനായിരുന്ന പുത്രനാം ദൈവം

3:5 പിതാവിന്റെ ഭവനത്തിന് അധികാരിയായ ക്രിസ്തു

3:8-11 തന്റെ പ്രവർത്തികളോട് മൽസരിച്ച് ഹൃദയം കഠിനപ്പെടുത്തുന്നവനോട് നീരസപ്പെടുകയും അവരെ തന്റെ സ്വസ്ഥതയിൽ പ്രവേശിപ്പിക്കുകയും ചെയ്യാത്തവൻ

4:12 ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനേയും ആത്മാവിനേയും സന്ധിമജ്ജകളേയും വേർതിരിപ്പിക്കും വരെ തുളച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തകളെയും ഭാവങ്ങളെയും വിവേചിക്കുന്നതുമായ വചനമായവൻ

4:13 ഒരു സൃഷ്ടിയും തനിക്ക് മറഞ്ഞിരിക്കാത്തവനും സകലവും തന്റെ കണ്ണിന് നഗ്നവും മലർന്നതുമായി കിടക്കുന്നവൻ

4:14 ആകാശത്തിലൂടെ കടന്നു പോയ ശ്രേഷ്ഠമഹാപുരോഹിതനായവൻ

4:15 എന്റെ ബലഹീനതകളിൽ സഹതാപം കാണിക്കാൻ കഴിയുന്ന മഹാപുരോഹിതനായവൻ

4:16 കരുണ ലഭിപ്പാനും തക്കസമയത്ത് സഹായത്തിനുള്ള കൃപ പ്രാപിക്കാനുമായി തന്റെ കൃപാസനത്തിലേക്ക് ധൈര്യത്തോടെ പ്രവേശനം തന്നവൻ

5:2 അറിവില്ലാത്തവരോടും വഴിതെറ്റിപ്പോകുന്നവരോടും സഹാതാപം കാണിക്കുന്നവൻ

5:5 തന്റെ പുത്രന് മഹാപുരോഹിതന്റെ പദവി കൊടുത്തവൻ

5:7 തന്റെ ഐഹിക ജീവകാലത്തു തന്നെ മരണത്തിൽനിന്നു രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അപേക്ഷയും യാചനയും കഴിക്കയും ദയാനീതി നിമിത്തം ഉത്തരം ലഭിക്കയും ചെയ്തവനായ പുത്രനാം ദൈവം

5:8-9 താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി



Scanned with CamScanner

തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ
കാരണഭൂതനായിത്തീർന്നവൻ

5:10 മൽക്കീസദേക്കിന്റെ ക്രമപ്രകാരമുള്ള പുരോഹിതനായ ക്രിസ്തു

6:10 തന്റെ നാമത്തോടു കാണിക്കുന്ന സ്നേഹം മറന്നു കളയാത്തവൻ

6:17 വാഗ്ദത്തിന്റെ അവകാശികൾക്ക് തന്റെ ആലോചന മാറാത്തത് എന്ന് ആണയാൽ ഉറപ്പുകൊടുക്കുന്നവൻ

6:18 ഭോഷ്ക് പറയാൻ കഴിയാത്തവൻ

7:24 മാറാത്ത പൗരോഹിത്യം പ്രാപിച്ച ക്രിസ്തു

7:25 താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്ക് വേണ്ടി പക്ഷവാദം ചെയ്യുവാൻ സദാ ജീവിക്കുന്നവനായ ക്രിസ്തു

7:25 എന്നെ പൂർണ്ണമായി രക്ഷിപ്പാൻ കഴിവുള്ളവൻ

7:26 പവിത്രനായവൻ, നിർദോഷൻ, നിർമ്മലൻ, പാപികളോട് വേർപെട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നതനായി തീർന്നവൻ

7:27 ദിനം പ്രതി യാഗം കഴിപ്പാൻ ആവശ്യമില്ലാത്തവൻ

8:6 വിശേഷതയേറിയ വാഗ്ദത്തങ്ങളിൻ മേൽ സ്ഥാപിക്കപ്പെട്ട നിയമത്തിന്റെ മദ്ധ്യസ്ഥനായവൻ

9:11 വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായവൻ

9:12 ആട്ടുകൊറ്റന്മാരുടെയും പശുകിടാക്കളുടെയും രക്തത്താലല്ലാതെ ഒരിക്കലായിട്ട് വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ച് തന്റെ രക്തത്താൽ വീണ്ടെടുത്തവൻ

9:14 നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്ക്കളങ്കനായി അർപ്പിച്ചവൻ

9:14 എന്റെ മനസാക്ഷിയുടെ നിർജീവപ്രവൃത്തികളെ പോക്കി എന്നെ അധികമായി ശുദ്ധീകരിക്കുന്നവൻ

9:15 പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായവൻ

9:25 തന്നെത്താൻ കൂടെ കൂടെ യാഗം അർപ്പിക്കാൻ ആവശ്യമില്ലാത്തവൻ

9:27 സ്വന്തയാഗം കൊണ്ട് പാപപരിഹാരം വരുത്തുവാൻ ഒരിക്കൽ പ്രത്യക്ഷനായി മരിക്കുകയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചവൻ

9:28 അനേകരുടെ പാപങ്ങളെ ചുമക്കാൻ ഒരിക്കൽ ആയി അർപ്പിക്കപ്പെട്ടവൻ

9:28 തന്നെ കാത്തു നിൽക്കുന്നവരുടെ രക്ഷക്കായി വീണ്ടും പ്രത്യക്ഷനാകുന്നവൻ

10:8 ന്യായപ്രമാണപ്രകാരം കഴിച്ചുവരുന്ന യാഗങ്ങളും വഴിപാടും സർവ്വാംഗ ഹോമങ്ങളും പാപയാഗങ്ങളും ഇച്ഛിക്കാത്തവനും അവയിൽ പ്രസാദിക്കാത്തവനുമായവൻ



Scanned with CamScanner

10:9 2-ാംമത്തേതിനെ സ്ഥാപിപ്പാൻ ഒന്നാമത്തതിനെ നീക്കിക്കളഞ്ഞവൻ

10:12 തന്റെ ശത്രുക്കൾ തന്റെ പാദപീഠമാകുവോളം പിതാവിന്റെ വലത്തു ഭാഗത്ത് എന്നേക്കും ഇരിക്കുന്ന ക്രിസ്തു

10:14 വിശുദ്ധീകരണം ഇഷ്ടപ്പെടുന്നവർക്ക് സദാകാലത്തേക്കും സൽഗുണപൂർത്തി വരുത്തുന്നവൻ

10:18 പാപത്തിനുവേണ്ടി ഇനിയൊരു യാഗം ആവശ്യമില്ലാതെവണ്ണം ഏകയാഗമായവൻ

10:26 സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം പാപം ചെയ്താൽ ദഹിപ്പിക്കുന്ന ക്രോധശക്തിയായവൻ

10:38 നീതിമാനെ വിശ്വാസത്താൽ ജീവിപ്പിക്കുകയും അവൻ പിൻമാറിയാൽ അവനിൽ പ്രസാദിക്കാത്തവനുമായവൻ

11:5 മരണം കാണാതെ തന്റെ പ്രിയരെ എടുത്തുകൊണ്ട് പോകുന്നവൻ

11:6 വിശ്വാസം കൂടാതെ പ്രസാദിപ്പിക്കാൻ കഴിയാത്തവൻ

11:-12 വിശ്വാസത്താൽ കാത്തിരുന്ന അബ്രഹാമിനെ അനുഗ്രഹിച്ചവൻ

11: 29 വിശ്വസാത്താലെ യിസ്രായേൽ ജനത്തെ ചെങ്കടലിൽ കൂടെ നടത്തിയവൻ

11:33 വിശ്വാസത്താൽ രാജ്യങ്ങളെ അടക്കാൻ കൃപ ചെയ്യുന്നവൻ
നീതി നടത്തുന്നവൻ, തീയുടെ ബലം കെടുത്തുന്നവൻ, വാളിന്റ വായ് തെറ്റിക്കുന്നവൻ, ബലഹീനതയിൽ ശക്തി കൊടുക്കുന്നവൻ, യുദ്ധവീരന്മാരാക്കുന്നവൻ

11:40 ഏറ്റവും നല്ലത് ഒന്ന് എനിക്കായി മുൽകരുതിയിരുന്നവൻ

12:2 വിശ്വസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനും ആയവൻ

12:2 തന്റെ മുമ്പിൽ വച്ചിരിക്കുന്ന സന്തോഷം ഓർത്ത് അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുകയും ദൈവ സിംഹാസനത്തിന്റെ വലത്തു ഭാഗത്തിരിക്കുകയും ചെയ്യുന്നവൻ

12:6 താൻ സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നവൻ
താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നവൻ
ബാലശിക്ഷ സഹിപ്പാൻ മക്കളോടെന്നപോലെ ഇടപെടുന്നവൻ

12:10 തന്റെ വിശുദ്ധി പ്രാപിക്കാനായി എന്റെ ഗുണത്തിനായി എന്നെ ശിക്ഷിക്കുന്നവൻ

12:11 തന്റെ ശിക്ഷയിൽ അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാന ഫലം കൊടുക്കുന്നവൻ

12:14 വിശുദ്ധിയില്ലാതെ തന്നെ കാണാൻ പറ്റാത്തവൻ

12:28 ഭക്തിയോടും ഭയത്തോടും സേവ ചെയ്യുന്നവരിൽ പ്രസാദിക്കുന്ന ദഹിപ്പിക്കുന്ന അഗ്നിയായവൻ

13:4 ദുർന്നടപ്പുകാരേയും വ്യഭിചാരികളേയും വിധിക്കുന്നവൻ

13:5 ഞാൻ ഉള്ളതിനാൽ തൃപ്തിപ്പെട്ട് നടക്കാൻ ആഗ്രഹിക്കുന്നവൻ



Scanned with CamScanner

13:5 ഒരുനാളും കൈവിടാതെ ഉപേക്ഷിക്കാത്തവൻ

13:7 ഇന്നലെയും ഇന്നും എന്നേക്കും അനന്യനായവൻ

13:15 അധരഫലം എന്ന സ്തോത്രയാഗം അർപ്പിപ്പാൻ യോഗ്യൻ

13:21 തന്റെ ഇഷ്ടം ചെയ്‌വാൻ തക്കവണ്ണം എല്ലാ നന്മയിലും എന്നെ യഥാസ്ഥാനപ്പെടുത്തിയവൻ

13:21 തനിക്ക് പ്രസാദമയുള്ളത് യേശുക്രിസ്തു മുഖാന്തരം എന്നിൽ നിവർത്തിക്കുമാറാക്കുന്നവൻ

## യാക്കോബ്

1:5 ഒരുവന് ജ്ഞാനം കുറവാണെങ്കിൽ ഭൽസിക്കാതെ യാചിക്കുമ്പോൾ ഔദാര്യമായി കൊടുക്കുന്നവൻ

1:12 പരീക്ഷ സഹിക്കുന്നവന് അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം. ജീവകിരീടം നൽകുന്നവൻ

1:13 ദോഷങ്ങളാൽ ആരെയും പരീക്ഷിക്കാത്തവൻ

1:17 എല്ലാ നല്ലദാനവും തികഞ്ഞവരും ഒക്കെയും ഉയരത്തിൽ നിന്നു നൽകുന്ന വെളിച്ചത്തിന്റെ പിതാവായവൻ

1:17 വികാരമോ ഗതിഭേദത്താലുള്ള ആച്ഛാദനമോ ഇല്ലാത്തവൻ

1:18 തന്റെ സൃഷ്ടികളിൽ ആദ്യഫലമാകേണ്ടതിന് തന്റെ ഇഷ്ടം ഹേതുവായി സത്യത്തിന്റെ വചനത്തിൽ എന്നെ ജനിപ്പിച്ചവൻ

1:27 അനാഥരെയും വിധവമാരേയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തു കൊള്ളുന്നതും ഭക്തിയായി കരുതുന്നവൻ

2:5 ലോകത്തിൽ ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരും തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത രാജ്യത്തിന്റെ അവകാശികളു മാകേണ്ടതിന് തെരഞ്ഞെടുത്തവൻ

3:17 നിർമ്മലവും സാമാധാനവും ശാന്തതയും അനുസരണമുള്ളതും കരുണയും സൽഫലം നിറഞ്ഞതും പക്ഷപാതവും കപടവും ഇല്ലാത്തതുമായ ഉയരത്തിലെ ജ്ഞാനം നൽകുന്നവൻ

4:3 മോഹങ്ങളിൽ ചെലവിടേണ്ടതിന് ദുരാഗ്രഹത്തോടെ യാചിക്കുമ്പോൾ കൊടുക്കാത്തവൻ

4:4 ലോകസ്നേഹം തന്നോട് ശത്രുത്വമായവൻ

4:6 നിഗളികളോട് എതിർത്തു നിൽക്കുന്നവൻ
താഴ്മയുള്ളവർക്ക് കൃപ നൽകുന്നവൻ

4:8 ഞാൻ അടുത്ത് ചെല്ലുമ്പോൾ എന്നോട് അടുത്തു വരുന്നവൻ

5:15 വിശ്വാസത്തോടെ പ്രാർത്ഥിക്കുന്ന ദീനക്കാരനെ രക്ഷിക്കുന്നവൻ

5:16 നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന കേൾക്കുന്നവൻ

Scanned with CamScanner

## 1 പത്രോസ്

1:3 ക്ഷയം, മാലിന്യം, വാട്ടം എന്നിവയില്ലാത്തതും സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതുമായ അവകാശത്തിനായി വീണ്ടും ജനിപ്പിച്ചവൻ

1:7 അഴിഞ്ഞുപോകാത്തതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനേക്കാൾ നമ്മുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയത് എന്ന് തന്റെ പ്രത്യക്ഷതയിൽ കാണിക്കുന്നവൻ

1:18 വ്യർത്ഥവും പിതൃപാരമ്പര്യവുമായനടപ്പിൽ നിന്ന് എന്നെ വീണ്ടെടുത്തവൻ

1:19 നിർദോഷവും നിഷ്ക്കളങ്കവുമായ രക്തം ചൊരിഞ്ഞ കുഞ്ഞാടായവൻ

2:4 മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായവൻ

2:4 ജീവനുള്ള കല്ലുകൾ പോലെ ആത്മീയ ഗൃഹമായി ആത്മീയ യാഗം കഴിപ്പാൻ തക്ക വി: പുരോഹിത വർഗ്ഗമാക്കി എന്നെ പണിയുന്നവൻ

2:9 അന്ധകാരത്തിൽ നിന്നു അത്ഭുതപ്രകാശത്തിലേക്ക് എന്നെ വിളിച്ചവൻ
തന്റെ സത്ഗുണങ്ങളെ ഘോഷിക്കാൻ എന്നെ വിളിച്ചവൻ
എന്നെ രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധ വംശവും സ്വന്തജനവും ആക്കിയവൻ

2:15 നന്മ ചെയ്തുകൊണ്ട് ബുദ്ധിയില്ലാത്ത മനുഷ്യരുടെ ദോഷത്വം മിണ്ടാതാക്കണം എന്നത് ഇഷ്ടമായവൻ

2:17 തന്നെപ്രതി അന്യായമായി കഷ്ടവും സങ്കടവും സഹിച്ചാൽ അവരിൽ പ്രസാദിക്കുന്നവൻ

2:22 തന്റെ കാൽചുവട് പിന്തുടരുവാൻ തക്കവണ്ണം ഒരു മാതൃക വെച്ചേച്ചു പോയവൻ

2:23 തന്നെ ശകാരിച്ചിട്ട് പകരം ശകാരിക്കാത്തവൻ

2:24 കഷ്ടം അനുഭവിച്ചിട്ട് ഭീഷണം പറയാത്തവൻ
തന്റെ അടിപ്പിണരാൽ സൗഖ്യം വരുത്തിയവൻ

2:25 തെറ്റി ഉഴലുന്ന ആടായ എന്നെ ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനുമായ വങ്കലേക്ക് മടക്കി വരുത്തിയവൻ

2:18 നീതിമാനായി നീതികെട്ടവർക്കായി ഒരുക്കലായിട്ടു കഷ്ടം അനുഭവിച്ചവൻ

3:22 ദൈവദൂതന്മാരും അധികാരങ്ങളും ശക്തികളും തനിക്കു കീഴ്പ്പെട്ടിരിക്കുന്നവൻ

5:7 എന്റെ സകല ചിന്താകുലവും തന്റെ മേൽ ഇടുവാൻ കൽപ്പിച്ചവനും എന്നെ കരുതുന്നവനുമായവൻ

5:10 അൽപകാലത്തേക്കു കഷ്ടം സഹിക്കുന്ന എന്നെ തന്റെ നിത്യതേജസ്സിനായി വിളിച്ചിരിക്കുന്നവൻ

## 2 പത്രോസ്

1:3 തന്റെ മഹത്വത്താലും വീര്യത്താലും എന്നെ വിളിച്ച പരിജ്ഞാനിയായവൻ

1:3 ജീവനും ഭക്തിയ്ക്കും വേണ്ടിയത് ഒക്കെയും എനിക്ക് ദാനം ചെയ്തിരിക്കുന്ന

Scanned with CamScanner

ദിവ്യശക്തിയുള്ളവൻ

1:4 വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങൾ നൽകിയവൻ

1:4 ലോകത്തിൻ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ട് ദിവ്യസ്വഭാവത്തിനു എന്നെ കൂട്ടാളിയാക്കുന്നവൻ

1:10 വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കാൻ അധികം ശ്രമിക്കുന്നവരെ ഒരുനാളും ഇടറിപ്പോകാതെ നിത്യരാജ്യത്തിലേക്ക് പ്രവേശിപ്പിക്കുന്നവൻ

1:12 പിതാവായ ദൈവത്താൽ മാനവും തേജസ്സും ലഭിച്ച പുത്രനായ ദൈവം

1:21 തന്റെ കൽപനയാൽ പരിശുദ്ധാത്മ നിയോഗം പ്രാപിച്ച മനുഷ്യർക്ക് പ്രവചനം കൊടുക്കുന്നവൻ

2:4 പാപം ചെയ്ത ദൂതന്മാരെ ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി ന്യായവിധിക്കായി ഏൽപ്പിക്കുന്നവൻ

2:6 സോദോം ഗോമോറ ഉന്മൂലനാശം വരുത്തി ഭക്തികെട്ടു നടക്കുന്നവർക്ക് ദൃഷ്ടാന്തമാക്കി വച്ചവൻ

2:9 ഭക്തന്മാരെ പരീക്ഷയിൽനിന്നു വിടുവിക്കുന്നവൻ.
നീതികെട്ടവരെ, മലിനമോഹം കൊണ്ട് ജഡത്തെ അനുസരിച്ച് നടക്കുകയും കർത്താവിനെ നിന്ദിക്കുകയും ചെയ്യുന്നവരെ ന്യായവിധി ദിവസത്തിലെ ദണ്ഡനത്തിനായി കാക്കുന്നവൻ

3:6 ഇപ്പോഴത്തെ ആകാശവും ഭൂമിയും തന്റെ വചനത്താൽ തീക്കായി സൂക്ഷിച്ചിരിക്കുന്നവൻ

3:7 ഒരു ദിവസം 1000 സംവൽസരം പോലെയും 1000 സംവൽസരം ഒരു ദിവസം പോലെയും ഇരിക്കുന്നവൻ

3:9 ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടാൻ ഇച്ഛിച്ചു തന്റെ വരവ് താമസിപ്പിക്കുന്നവൻ

3:13 പുതിയ ആകാശവും പുതിയ ഭൂമിയും തന്റെ നീതി വസിക്കുവാൻ തക്കവണ്ണം ഉളവാക്കുന്നവൻ

3:14 എന്നെ കറയും കളങ്കവുമില്ലാത്തവളായി കാണാൻ ആഗ്രഹിക്കുന്നവൻ

## 1 യോഹന്നാൻ

1:5 താൻ വെളിച്ചമാകുന്നവൻ
ഇരുട്ട് ഒട്ടും ഇല്ലാത്തവൻ

1:7 തന്റെ രക്തത്താൽ എന്റെ പാപം പോക്കി എന്നെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആയവൻ

2:1 പിതാവിന്റെ അടുക്കൽ ഉള്ള നീതിമാനും കാര്യസ്ഥനുമായ പുത്രനാം ദൈവം

2:17 തന്റെ ഇഷ്ടം ചെയ്യുന്നവനെ എന്നേക്കും തന്നോടുകൂടെ ഇരിക്കുമാറാക്കുന്നവൻ

2:27 തന്റെ അഭിഷേകത്താൽ സകലവും ഉപദേശിച്ചു നൽകുന്നവൻ



Scanned with CamScanner

3:1 ദൈവമകൾ എന്നു വിളിക്കപ്പെടുവാൻ വലിയ ഭാഗ്യം എനിക്കു നൽകിയവൻ

3:3 നിർമ്മലനായവൻ

3:1 ലോകം തന്നെ അറിയാത്തവൻ

3:5 പാപത്തെ നീക്കാൻ പ്രത്യക്ഷനായവൻ

3:16 എനിക്കുവേണ്ടി പ്രാണനെ വെച്ചുകൊടുത്ത് തന്റെ സ്നേഹം കാണിച്ചവൻ

3:22 തന്റെ കൽപനകൾ പ്രമാണിച്ച് തനിക്ക് പ്രസാദമുള്ളത് ചെയ്യുന്ന വ്യക്തി എന്തു യാചിച്ചാലും അത് നൽകുന്നവൻ

4:13 ഞാൻ ദൈവത്തിലും ദൈവം എന്നിലും എന്ന് തന്റെ ആത്മാവിനെ തന്ന് എന്നെ ഉറപ്പിച്ചവൻ

4:14 ഞാൻ സ്നേഹിക്കുന്നതിനു മുന്നെ എന്നെ സ്നേഹിച്ചവൻ

5:3 ജഡത്താലും രക്തത്താലും വന്നവൻ

5:4 തന്നിൽ നിന്നു ജനിച്ചവർക്ക് ലേകത്തിൻമേൽ ജയം കൊടുക്കുന്നവൻ

5:14 തന്റെ ഇഷ്ടപ്രകാരം എന്തെങ്കിലും അപേക്ഷിച്ചാൽ അതു കേൾക്കുന്നവൻ

5:20 സത്യദൈവത്തെ അറിയുവാൻ വിവേകം തന്നവൻ

## യൂദ

5 ജനത്തെ മിസ്രിയിമിൽ നിന്നു രക്ഷിച്ചിട്ടും വിശ്വസിക്കാത്തവരെ പിന്നത്തേതിൽ നശിപ്പിച്ചവൻ

6 തങ്ങളുടെ വാഴ്ച കാത്തു കൊള്ളതാതെ സ്വന്തവാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ട് അന്ധകാരത്തിന്റെ കീഴിൽ സൂക്ഷിച്ചിരിക്കുന്നവൻ

15 എല്ലാവരേയും വിധിപ്പാൻ വരുന്നവൻ
അഭക്തിയോടെ ചെയ്ത ഭക്തി വിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വരുന്നവൻ

27 വീഴാതവണ്ണം എന്നെ സൂക്ഷിച്ചു തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവനായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവൻ

## വെളിപ്പാട്

1:4 ഇരിക്കുന്നവനും ഇരുന്നവനും വരുവാനുള്ളവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവാകുന്നവൻ

1:5 വിശ്വസ്ത സാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്ക് അധിപതിയുമായി കൃപയും സമാധനവും നിറഞ്ഞവൻ

1:6 എന്നെ സ്നേഹിക്കുന്നവനും എന്റെ പാപം പോക്കി എന്നെ തന്റെ രക്തത്താൽ വിടുവിച്ച് തന്റെ പിതാവായ ദൈവത്തിന് എന്നെ രാജ്യവും



Scanned with CamScanner

പുരോഹിതന്മാരും ആക്കിത്തീർത്തവനുമായി മഹത്വയോഗ്യനായവൻ

1:7 മേഘാരൂഢനായി വരുന്നവൻ

1:7 ഏതും കണ്ണും തന്നെ കുത്തിത്തുളച്ചവരും കാണുന്നവൻ

1:7 ഭൂമിയിലെ ഗോത്രങ്ങൾ തന്നെച്ചൊല്ലി വിലപിക്കുന്നവൻ

1:8 അൽഫയും ഒമേഗയും ആകുന്നവൻ

1:13 സഭകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്ത് പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോട് സദൃശ്യമുള്ളവൻ

1:14 തലയും തലമുടിയും വെളുത്ത പഞ്ഞിപോലെ ഹിമത്തോളം വെള്ളയായവൻ

1:14 അഗ്നിജ്വാലയ്ക്ക് ഒത്ത കണ്ണുള്ളവൻ

1:14 കാൽ ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട്ടിനു സദൃശ്യമായവൻ

1:15 തന്റെ വായിൽ നിന്നു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുവിക്കുന്നവൻ

1:16 സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതുപോലെ മുഖമുള്ളവൻ

1:17 ആദ്യനും അന്ത്യനും ജീവനുള്ളവനും ആയവൻ

1:18 എന്നേക്കും ജീവിച്ചിരിക്കുന്നവൻ

1:18 മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ തന്റെ കൈവശം ഉള്ളവൻ

2:3 തന്റെ സഭയെ മുറ്റും പൂർണ്ണമായി അറിയുന്നവൻ

2:7 ജയിക്കുന്നവനു തന്റെ പറുദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കുന്നവൻ

2:10 മരണപര്യന്തം വിശ്വസ്തനായിരിക്കുന്നവന് ജീവകിരീടം നൽകുന്നവൻ

2:11 ജയിക്കുന്നവനെ രണ്ടാം മരണം കാണിക്കാത്തവൻ

2:17 ജയിക്കുന്നവന് മറഞ്ഞിരിക്കുന്ന മന്ന കൊടുക്കുന്നവൻ

2:17 ജയിക്കുന്നവന് വെള്ളക്കല്ലും ലഭിക്കുന്നവനല്ലാതെ ആരും അറിയാത്തതും ആ കല്ലിന്മേൽ എഴുതിയിരിക്കുന്നതുമായ പുതിയ പേരും കൊടുക്കുന്നവൻ

2:23 ഹൃദയങ്ങളെയും ഉൾപൂവുകളേയും ആരായുന്നവനും പ്രവർത്തിക്കു തക്കവണ്ണം പ്രതിഫലം കൊടുക്കുകയും ചെയ്യുന്നവൻ

3:5 യോഗ്യന്മാരെ വെള്ള ധരിപ്പിച്ച് തന്റെ കൂടെ നടത്തുന്നവൻ

3:3 കള്ളനെപ്പോലെ ഇനിയും വരുന്നവൻ

3:5 ജയിക്കുന്നവന്റെ പേര് ജീവപുസ്തകത്തിൽ നിന്ന് മായിച്ചു കളയാത്തവൻ ജയിക്കുന്നവന്റെ പേർ പിതാവിന്റെ സന്നിധിയിലും അവന്റെ ഭക്തന്മാരുടെ മുന്നിലും ഏറ്റുപറയുന്നവൻ

3:7 വിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോലുള്ളവനുമായവൻ

3:7 ആരും അടക്കാതെവണ്ണം തുറക്കുകയും ആരും തുറക്കാതെവണ്ണം അടക്കുകയും ചെയ്യുന്നവൻ

Scanned with CamScanner

3:10 തന്റെ പരീക്ഷാകാലത്ത് സഹിഷ്ണത കാത്തവരെ പരിപാലിക്കുന്നവൻ

3:12 ജയിക്കുന്നവനെ തന്റെ ആലയത്തിൽ ഒരു തൂണാക്കുന്നവൻ

3:12 ജയിക്കുന്നവനെ ഒരിക്കലും തന്റെ ആലയത്തിൽ നിന്ന് വിടാത്തവൻ

3:12 ജയിക്കുന്നവന്റെ മേൽ തന്റെ നാമവും സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങുന്ന പുതിയ യെരുശലേം എന്ന ദൈവത്തിൻ നഗരത്തിന്റെ നാമവും തന്റെ പുതിയ നാമവും എഴുതുന്നവൻ

3:14 വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭവുമായ ആമേൻ എന്നുള്ളവനായവൻ

3:16 ശീതോഷ്ണവാനെ തന്റെ വായിൽനിന്ന് ഉമിണ്ണുകളയുന്നവൻ

3:19 തനിക്കു പ്രിയമുള്ളവരെ ശിക്ഷിക്കുകയും ശാസിക്കുകയും ചെയ്യുന്നവൻ

3:20 ഹൃദയത്തിന്റെ വാതിൽക്കൽ നിന്നു മുട്ടുന്നവൻ

3:20 തന്റെ ശബ്ദം കേട്ട് വാതിൽ തുറക്കുന്നവന്റെ ഹൃദയത്തിൽ വാസം ചെയ്യാനാഗ്രിക്കുന്നവൻ

3:21 ജയിക്കുന്നവന് തന്നോടുകൂടെ സിംഹാസനത്തിൽ ഇരിക്കാൻ വരം നൽകുന്നവൻ

4:2 സ്വർഗ്ഗത്തിൽ സിംഹസനത്തിൽ ഇരിക്കുന്നവൻ ആയി കാഴ്ചക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശ്യനായവൻ

4:8 ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ പരിശുദ്ധൻ എന്ന് സ്വർഗ്ഗീയ സൈന്യം പുകഴ്ത്തുന്നവൻ

4:8 രാപകൽ സ്വർഗ്ഗീയ സൈന്യം പുകഴ്ത്തുന്നവൻ

4:9 മഹത്വവും ബഹുമാനവും സ്തോത്രവും സ്വീകരിപ്പാൻ യോഗ്യനായവൻ

4:11 കർത്താവേ നീ സർവ്വവും സൃഷ്ടിച്ചവനും സർവ്വവും നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈകൊൾവാൻ യോഗ്യൻ എന്നുപറഞ്ഞ് 24 മൂപ്പന്മാർ സ്വർഗ്ഗത്തിൽ ആരാധിക്കുന്നവൻ

5:5 7 മുദ്രയാൽ മുദ്രയിട്ട ഒരു പുസ്തകം തുറപ്പാൻ തക്കവണ്ണം യോഗ്യനായ യഹൂദാഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവനായി ജയം പ്രാപിച്ച ക്രിസ്തു

5:7 മൂപ്പന്മാരും ജീവികളും ഓരോരുത്തൻ വീണയും വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവും പിടിച്ചുകൊണ്ട് തന്റെ മുമ്പാകെ വീണ് ആരാധിക്കുന്നവൻ

5:8 താൻ അറുക്കപ്പെട്ട് സ്വന്തരക്തം കൊണ്ട് സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലക്കു വാങ്ങിയവനായ ക്രിസ്തു

5:10 തന്റെ രക്തത്താൽ ജനത്തെ രാജ്യവും പുരോഹിതന്മാരും ആക്കി വച്ചവൻ

5:12 ധനവും ജ്ഞാനവും ബലവും ബഹുമാനവും ശക്തിയും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യനായ അറുക്കപ്പെട്ട കുഞ്ഞാടായവൻ

Scanned with CamScanner

6:12 തന്റെ കോപദിവസത്തിൽ ആർക്കും നിൽക്കാൻ കഴിയാത്തവൻ

7:9 സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിൽ നിന്നും ഉള്ളവരായി ആർക്കും എണ്ണികൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ച് കയ്യിൽ കുരുത്തോലയുമായി ആരാധിക്കുന്ന കുഞ്ഞാടായവൻ

7:14-15 കുഞ്ഞാടിന്റെ രക്തത്താൽ അങ്കി വെളുപ്പിച്ചവർക്ക് തന്റെ സിംഹാസനത്തിന്റെ മുന്നിലിരുന്ന് തന്റെ ആലയത്തിൽ രാപകൽ ആരാധിപ്പാൻ കൃപ നൽകുന്നവൻ

4:16 തന്നെ ആരാധിക്കുന്നവർക്ക് കൂടാരമായവൻ

3:16 തന്റെ ജനത്തിന് വിശക്കാതെയും ദാഹിക്കാതെയും യാതൊരു ചൂടും അവന്റെ മേൽ തട്ടാതെയും കാക്കുന്നവൻ

4:17 സിംഹാസനത്തിനു മദ്ധ്യേയുള്ളവനായി തന്റെ ജനത്തെ മേയിച്ചു ജീവജലത്തിന്റെ ഉറവുകളിലേക്ക് നടത്തുന്നവൻ
തന്റെ ജനത്തിന്റെ കണ്ണിൽ നിന്ന് കണ്ണുനീർ എല്ലാം തുടച്ചുകളയുന്നവൻ

10:7 പ്രവാചകന്മാരോടറിയിച്ചതുപോലെ തന്റെ നാമം നിവൃത്തിയാകുമെന്ന് സത്യം ചെയ്തവൻ

11:17 സർവ്വശക്തിയുള്ള കർത്താവായി ഇരിക്കുന്നവനും ഇരുന്നവനുമായി മഹാ ശക്തി ധരിച്ചു വാഴുന്നവൻ

11:18 മരിച്ചവരെ ന്യായം വിധിക്കുന്നവൻ
തന്റെ ദാസരായ പ്രവാചന്മാർക്കും വിശുദ്ധന്മാർക്കും ചെറിയവരും വലിയവരുമായി തന്റെ ഭക്തന്മാർക്ക് പ്രതിഫലം കൊടുക്കുന്നവൻ

11:18 ഭൂമിയെ നശിപ്പിക്കുന്നവനെ നശിപ്പിക്കുന്നവൻ

11:19 മിന്നലും നാദവും ഇടിമുഴക്കവും ഭൂകമ്പവും വലിയ കന്മഴയും ഉണ്ടാക്കുന്നവൻ

12:9 ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പവുമായ പഴയ പാമ്പിനെ ഭൂമിയിലേക്ക് തള്ളിക്കളയുന്നവൻ

12:10 ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും തന്റെ ആധിപത്യവും തെളിയിക്കുന്നവനായ ക്രിസ്തു

14:2 പെരുവെള്ളത്തിന്റെ ഇരെച്ചൽ പോലെയും വലിയോരു ഇടിമുഴക്കം പോലെയും സ്വർഗ്ഗീയസൈന്യം പാടിപുകഴ്ത്തുന്നവൻ

15:3 വലുതും അത്ഭുതവുമായ പ്രവർത്തികൾ ചെയ്യുന്ന സർവ്വശക്തനായ ദൈവം

15:3 സത്യവും നീതിയുമുള്ള വഴികൾ ഉള്ളവനും എല്ലാവരും ഭയപ്പെടുകയും മഹത്വപ്പെടുത്തുകയും ചെയ്യേണ്ടുന്നവൻ

15:3 ഏകപരിശുദ്ധനായി തന്റെ ന്യായവിധികൾ വിളങ്ങി വരുത്തുകയും ജാതികളെ തന്റെ മുമ്പിൽ നമസ്കരിക്കുമാറാക്കുകയും ചെയ്യുന്നവൻ

16:7 സത്യവും നീതിയുമായി ന്യായം വിധിക്കുന്നവൻ

16:9 ബാധകളുടെമേൽ അധികാരം ഉള്ളവൻ

17:17 തന്റെ വചനം നിവൃത്തിയാകുവോളം തന്റെ ഹിതം ചെയ്വാനും ഒരേ അഭിപ്രായം നടത്തുവാനും തങ്ങളുടെ രാജത്വം മൃഗത്തിനു കൊടുപ്പാനും രാജാക്കന്മാരുടെ ഹൃദയത്തിൽ തോന്നിപ്പിക്കുന്നവൻ

Scanned with CamScanner

19:5 തന്റെ സകല ദാസന്മാരും ഭക്തന്മാരും ചെറിയവരും വലിയവരുമായി എല്ലാവരും വാഴ്ത്തേണ്ടുന്നവൻ

20:2 പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ ആയിരമാണ്ട് ചങ്ങലയിൽ സൂക്ഷിക്കുകയും ശേഷം അൽപകാലത്തേക്ക് അഴിച്ചുവിടുകയും ചെയ്യുന്നവൻ

20:12 അബാലവൃദ്ധം ജനങ്ങളേയും തന്റെ സന്നിധിയിൽ കൂട്ടിവരുത്തി മരിച്ചവർക്ക് അവരുടെ പ്രവൃത്തിക്കൊത്തവണ്ണം ന്യായം വിധിക്കുന്നവൻ

20:14 മരണത്തെയും പാതാളത്തെയും തീപൊയ്കയിൽ തള്ളിയിടുന്നവൻ

20:15 ജീവപുസ്തകത്തിൽ പേരില്ലാത്തവനെ തീ പൊയ്കയിൽ തള്ളിയിടുന്നവൻ

21:1 പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നവൻ

21:2 പുതിയ യെരുശലേം എന്ന വിശുദ്ധനഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്ന് ഇറക്കുന്നവൻ

21:3 പുതിയ യെരുശലേം ആയ തന്റെ കൂടാരത്തിൽ ജനത്തോടുകൂടെ വസിക്കുന്നവൻ

21:4-5 ജനത്തിന്റെ കണ്ണുനീർ തുടച്ചുകളയുകയും ഇനി അവരെ മരണം കാണിക്കുകയും ചെയ്യാത്തവൻ

21:5 ദുഃഖവും മുറവിളിയും കഷ്ടതയും തന്റെ ജനത്തിൽ നിന്ന് നീക്കികളയുന്നവൻ

21:6 അൽഫയും ഒമേഗയുമായി ദാഹിക്കുന്നവന് തന്റെ നീരുറവയിൽനിന്ന് സൗജന്യമായി കൊടുക്കുന്നവൻ

21:8 ഭീരുക്കൾ, അവിശ്വാസികൾ, അറക്കപ്പെട്ടവർ, കൊലപാതകന്മാർ, ദുർനടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധകർ എന്നിവരും ഭോഷ്ക് പറയുന്ന ഏവനും തീയും ഗന്ധകവും കത്തുന്ന പൊയ്ക നൽകുന്നവൻ

21:22 വിശുദ്ധ നഗരത്തിൽ സൂര്യനും ചന്ദ്രനും ഇല്ലാത്തവിധം തന്റെ തേജസ്സാലതിനെ പ്രകാശിപ്പിക്കുന്നവൻ

21:23 വിശുദ്ധ നഗരത്തിന്റെ വിളക്കായ ക്രിസ്തു

21:27 കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരെഴുതിയിരിക്കുന്നവരെയല്ലാതെ അശുദ്ധമായതൊന്നും മ്ലേച്ഛതയും ഭോഷ്ക്കും പ്രവർത്തിക്കാനും അതിന്റെ അതിർ കടക്കാനും ആരേയും അനുവദിക്കാത്തവൻ

22:27 താൻ വേഗത്തിൽ വരുന്നു. ഈ വചനത്തിലുള്ള പ്രവചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ എന്നരുളി ചെയ്തവൻ

22:18 ഈ പുസ്തകത്തിലെ പ്രവചനത്തോട് ഏതെങ്കിലും കൂട്ടിയാൽ ഇതിലെ ബാധകളെ അവന് വരുത്തുന്നവൻ

ഈ പുസ്തകത്തിലെ വചനത്തിൽ നിന്നു ആരെങ്കിലും വല്ലതും നീക്കികളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവനുള്ള അംശം നീക്കികളയുന്നവൻ

Scanned with CamScanner